# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 ഒക്ടോബർ–2010 ലക്കം 07**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഇടയലേഖനം .......................................................... 03
സർക്കുലർ .......................................................... 10
ലോക മിഷൻഞായർ (പരി. പിതാവിന്റെ സന്ദേശം)..... 12
26-ാം ലോകയുവജനദിനം (പരി.പിതാവിന്റെ സന്ദേശം) 18
ലോക ടൂറിസംദിന സന്ദേശം ...................................... 31
രൂപതാകച്ചേരി വാർത്തകൾ .................................. 34
A. R. T. ബിൽ .......................................................... 37
പരിസ്ഥിതി സംരക്ഷണം ജീവന്റെ സംരക്ഷണം .......... 43
മതബോധനരംഗം ...................................................... 46
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 48
ചെറുപുഷ്പമിഷൻലീഗ് ............................................ 50
കെ. സി. വൈ. എം. .................................................. 61
കുടുംബപ്രേഷിതത്വം ................................................ 67
സിയോൻ വാർത്തകൾ ............................................ 72
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 76
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 80
സാമൂഹ്യ സേവനരംഗം ............................................ 83
റേഡിയോ മാറ്റൊലി .................................................. 88
പി.ആർ.ഒ. ഓഫീസ് വാർത്തകൾ .............................. 89
മീഡിയാ കമ്മീഷൻ .................................................. 90
മാസധ്യാനം (ബത്തേരി ഫൊറോന) ........................ 91
അറിയിപ്പുകൾ .......................................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 94
ബിഷപ്സ് പ്രോഗ്രാം .................................................. 95

# ഇടയലേഖനം

**Prot.No. 934/2010**

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

മുപ്പത്തിയെട്ട് ലക്ഷം അംഗങ്ങളുള്ള സീറോ മലബാർ സഭയുടെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയാണ് ആഗസ്റ്റ് 22-ാം തീയതി വിജയപ്രദമായി സമാപിച്ചത്. സഭയുടെ 47 മെത്രാന്മാരും സഭയുടെ പ്രതിനിധികളായ 159 വൈദീകരും 5 സന്ന്യാസ സഹോദരന്മാരും 73 സന്ന്യാസിനികളും 126 അല്മായ പുരുഷന്മാരും 48 വനിതകളും ഒന്നിച്ചുകൂടിയ മൂന്നുദിവസത്തെ സഭാസമ്മേളനത്തിൽ വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും എന്ന വിഷയമാണ് ചർച്ച ചെയ്തത്. അഞ്ച് വർഷത്തിലൊരിക്കൽ കൂടുന്ന ഈ കാനോനിക സമ്മേളനം സഭയുടെ ഊർജ്ജസ്വലമായ ഐക്യത്തിന്റെയും പ്രാർത്ഥനാപരമായ കൂട്ടായ്മയുടെയും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലുള്ള പരിചിന്തനത്തിന്റെയും വലിയൊരനുഭവമായിരുന്നു. സമ്മേളനം സിനഡിനു സമർപ്പിച്ച നിർദ്ദേശങ്ങൾ തുടർന്നു നടന്ന സിനഡ് പരിഗണിക്കുകയും അതു നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിനായി 15 അംഗ കമ്മറ്റിയെ ചുമതലപ്പെടുത്തി, പ്രസ്തുത കമ്മറ്റിയോട് അസംബ്ലിയുടെ നിർദ്ദേശങ്ങൾ കർമ്മപഥത്തിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ സിനഡ്

ആവശ്യപ്പെട്ടിട്ടുണ്ട്. അസംബ്ലിയ്ക്കുശേഷം അത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ ഒരു രേഖ പ്രസിദ്ധീകരിക്കുന്നുണ്ട്. അത് നടപ്പിലാക്കാൻ വേണ്ട നയപരമായ നടപടികൾ നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സ്വീകരിക്കണം. നമ്മുടെ സമീപനങ്ങളോടു യോജിക്കുന്ന നല്ല മനസ്സുള്ള ആളുകളും സംഘങ്ങളുമായി ഒന്നിച്ചു പ്രവർത്തിക്കുവാൻ നാം ശ്രദ്ധിക്കണം.

അസംബ്ലിയുടെ ആഭിമുഖ്യങ്ങളും നിർദ്ദേശങ്ങളും സഭയിലെ എല്ലാവരുമാണ് സ്വീകരിച്ച് പ്രാവർത്തികമാക്കേണ്ടത്. മെത്രാന്മാർ മാത്രം വിചാരിച്ചാൽ ഇതൊക്കെ സമൂഹത്തിൽ നടപ്പിൽവരും എന്നു വരുന്നില്ല. നാം ഓരോരുത്തരും, സ്വന്തം വ്യക്തി ജീവിതത്തിലും കുടുംബത്തിലും ഇടവക-സ്ഥാപന തലങ്ങളിലും ഇത് നടപ്പിൽ വരുത്താൻ ശ്രദ്ധിക്കണം. അതിന് ഓരോരുത്തരും നല്ല മനസ്സ് കാണിക്കണമെന്ന് അഭ്യർത്ഥിക്കാനും അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ പൊതുസ്വഭാവം വ്യക്തമാക്കാനുമാണ് സഭയ്ക്കു മുഴുവനുമായി ഞാൻ ഈ ഇടയലേഖനം പുറപ്പെടുവിക്കുന്നത്.

അസംബ്ലിയുടെ നിർദ്ദേശങ്ങൾ പ്രധാനമായും മൂന്നു വിഭാഗങ്ങളിൽ പെടുത്താം. 1) ജീവനിലുള്ള വിശ്വാസവും പ്രായോഗികജീവിതവും 2) മരണസംസ്കാരത്തിന്റെ കടന്നുകയറ്റവും അതിനുള്ള പരിഹാരങ്ങളും 3) പാരിസ്ഥിതിക പ്രശ്നങ്ങളും അവയോടുള്ള പ്രതികരണവും.

## 1) വിശ്വാസവും പ്രായോഗിക ജീവിതവും

"കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ. 7:21). ജീവിതത്തിന്റെ ഉരകല്ലിലാണ് വിശ്വാസത്തിന്റെ മാറ്ററിയുന്നത്. പുറംലോകം നമ്മെക്കുറിച്ച്, പിതാക്കന്മാരേയും വൈദീകരേയും സന്ന്യസ്തരേയും അല്മായരേയും ചിലപ്പോൾ വിമർശിക്കുന്നത്, നാം വിശ്വസിക്കുന്നില്ല എന്നതിന്റെ പേരിലെന്നതിനെക്കാൾ വിശ്വസിക്കുന്നതനുസരിച്ച് ജീവിക്കുന്നില്ല എന്നതിന്റെ പേരിലാണ്. യേശു നമുക്കു നൽകിയതു ജീവന്റെ സുവിശേഷമാണ്. "ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും" വന്ന യേശു (യോഹ:10:10) വിന്റെ വഴി നശ്വരമായ ലോകത്തിന്റെയോ അപ്പത്തിന്റെയോ മാത്രമല്ല. പഴയനിയമത്തിൽ വിശ്വാസത്തിന്റെ മാനദണ്ഡം 10 കൽപനകളുടെ പാലനമായിരുന്നു. പ്രമാണ

ങ്ങൾ നൽക്കൊണ്ട് ദൈവം പറഞ്ഞു: "ജീവനും മരണവും, അനുഗ്ര ഹവും ശാപവും ഞാൻ നിന്റെ മുൻപിൽ വച്ചിരിക്കുന്നു" (നിയമാവർത്തനം 30:19). ജീവന്റെ കൽപനകൾ ദൈവത്തെ ആരാധിക്കാനും ജീവലോകത്തെ കാത്തുസൂക്ഷിക്കാനും ആവശ്യപ്പെടുന്നു.

ആരാധനയുടെയും പ്രാർത്ഥനയുടെയും ദൈവികജീവിതം ധർമ്മാചരണത്തിന്റെയാണ്. സൃഷ്ടിയെ ആദരിക്കാതെ ദൈവത്തെ ആരാധിക്കാനാവില്ല. മനുഷ്യാവകാശങ്ങൾ അംഗീകരിക്കാത്ത ദൈവവിശ്വാസം ആത്മവഞ്ചനയാകും. പത്തുപ്രമാണങ്ങൾ മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനങ്ങളാണ്. ഈ പ്രമാണങ്ങൾ പാലിക്കാതെ ജീവന്റെ ദൈവമാർഗ്ഗത്തിൽ ചരിക്കാനാവില്ല. ക്രിസ്തുവിന്റെ സ്നേഹമാർഗ്ഗം അപരന്റെ അവകാശങ്ങൾ കാക്കുന്നതു മാത്രമല്ല, അപരനുവേണ്ടി സ്വതന്ത്രമായി സ്വന്തം അവകാശങ്ങൾ നിഹനിക്കുന്നതുമാണ്. ക്രൈസ്തവസ്നേഹം ദൈവം ദാനമായി നൽകിയ താലന്തുകൾ വർദ്ധിപ്പിച്ചു മറ്റുള്ളവർക്കു പങ്കുവയ്ക്കുന്ന ബലിജീവിതമാണ്. ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് യേശു പഠിപ്പിച്ചു.

പക്ഷേ, സ്നേഹം പലപ്പോഴും പ്രാവർത്തികമാകാതെ ചത്തതായി കഴിയുന്നു. ഓരോരുത്തരും സ്വന്തം കാര്യലാഭത്തിനായി മാത്രം ജീവിക്കുന്ന പ്രവണത വർദ്ധിക്കുന്നു. പ്രാർത്ഥനയും ആരാധനയും അനുഷ്ഠാനങ്ങളുമുണ്ട്. എന്നാൽ ദൈവസ്നേഹം പരസ്നേഹമായി മാറുന്നുണ്ടോ? അനീതിയും ജീവനിഷേധവും നിറഞ്ഞ സാമൂഹിക സാമ്പത്തിക മണ്ഡലത്തെ സ്പർശിച്ച് ക്രൈസ്തവസ്നേഹം അതിനെ മാറ്റുന്നുണ്ടോ? ചിലരുടെയെങ്കിലും വിശ്വാസം അന്ധവിശ്വാസപരവും അനുഷ്ഠാനമാത്രവുമാണ്. വിശ്വാസജീവിതം അനുദിനം കുടുംബത്തിലുള്ളവരെയും ബന്ധപ്പെടുന്ന മറ്റു മനുഷ്യരെയും സ്നേഹത്തിന്റെ സന്തോഷമനുഭവിപ്പിക്കുവാൻ പര്യാപ്തമാകണം.

**2. മരണസംസ്കാരത്തിന്റെ കടന്നുകയറ്റം**

ജീവനെ പോഷിപ്പിക്കുന്ന മഹത്വത്തിന്റെ ഒരു സംസ്കാരമല്ല നമുക്കു ചുറ്റും. ജീവനെ അവമതിക്കുന്ന പ്രായോഗിക ഭൗതികവാദത്തിന്റെ കാഴ്ചപ്പാടുകളും നടപടികളും നാം ധാരാളം കണ്ടുമുട്ടുന്നു. "കായേൻ, കായേൻ നിന്റെ സഹോദരനെവിടെ?" (ഉല്പത്തി 4:9) എന്ന ചോദ്യം മുഴങ്ങുന്ന ഒരു സാമൂഹിക പരിതസ്ഥിതിയിലാണ് നാം. ഭീകരരുടെ ബോംബുസ്ഫോടനങ്ങൾ, വിപ്ലവകാരികളുടെ നടുക്കുന്ന കൊലപാതകങ്ങൾ, മതത്തിന്റെ പേരു പറഞ്ഞ് അക്രമത്തിനിറങ്ങുന്നവർ,

വാടക ഗുണ്ടകളും കൊലയാളിസംഘങ്ങളും, പണത്തിനുവേണ്ടി കൊലപാതകം നടത്തുന്നവർ ഇങ്ങനെ ജീവഹത്യയുടെ രൂപങ്ങൾ വിവിധങ്ങളാണ്.

ജീവൻ ദാനമായി സ്വീകരിച്ചവരാണ് നാം. അതു ദാനമായി നൽകാൻ മനസ്സില്ലെന്നു ചിലർ ശഠിക്കുന്നു. ജീവന്റെ സൃഷ്ടാക്കളാകേണ്ടവർ സൃഷ്ടിയുടെ ഉത്തരവാദിത്വമേൽക്കാതെ വ്യാപരിക്കുന്നു. നാം ജനിക്കുന്ന അമ്മമാരുടെ വിശുദ്ധമായ ഗർഭപാത്രങ്ങൾ കൊലയുടെ വേദികളാകുന്നു. ജനിപ്പിക്കുന്നതു ഭാരമായി കാണുന്നവർ വർദ്ധിക്കുന്നു.

വിശ്വസ്തസ്നേഹത്തിന്റെയും സൃഷ്ടിയുടെയും ദൈവിക ദാനമായ ലൈംഗികത സ്വാർത്ഥപരമായ സുഖതൃഷ്ണയായി മാറ്റപ്പെടുന്നു. പെൺവാണിഭങ്ങളും സ്ത്രീ പീഡനങ്ങളും വർദ്ധിക്കുന്നു. ലൈംഗികത നിരന്തരമെന്നോണം കച്ചവടവിഷയമാക്കപ്പെടുന്നു. ഈ കമ്പോളവീക്ഷണങ്ങൾ കുടുംബങ്ങളിലേക്കും വിശുദ്ധവേദികളിലേക്കും കടന്നുകയറുന്നുണ്ട്. അത് മനുഷ്യരെപ്പോലും ഉപയോഗിച്ചു തള്ളുന്ന പ്രവണതയാക്കി മാറ്റുന്നു. ലൈംഗീകതയെ സന്താനോത്പാദനത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നു വേർപെടുത്തിക്കഴിഞ്ഞു. സന്താനോത്പാദനത്തിന്റെയും വിശ്വസ്തതയുടെയും മാനങ്ങൾ മാറ്റിയാൽ സ്ത്രീ-പരുഷബന്ധവും കുടുംബം എന്ന സ്ഥാപനവും തകരുമെന്ന് നാം കാണണം.

കുഞ്ഞുങ്ങളാണ് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമ്പത്തും ഭാവിയും. പക്ഷേ, കുഞ്ഞുങ്ങളെ ശല്യങ്ങളും സ്വാതന്ത്ര്യത്തിനു വിഘ്നവുമായി ധാരാളം പേർ കാണുന്നു. സമ്പത്തും വിദ്യാഭ്യാസവുമുള്ളവരുടെ ഇടയിൽ കുട്ടികൾ കുറയുന്നു. സമ്പന്നരുടെ വലിയവീടുകൾ ശൂന്യമാകുന്നത് എന്തുകൊണ്ട്? കുട്ടികളെ ജനിപ്പിക്കാൻ ആരോഗ്യമോ കുട്ടികളെ വളർത്താൻ സാമ്പത്തിക സൗകര്യമോ ഇല്ലാത്തതുകൊണ്ടാണോ? പല സമ്പന്ന രാജ്യങ്ങളിലും മരിക്കുന്നിടത്തോളംപേർ പോലും ജനിക്കുന്നില്ല. ജനസംഖ്യാബോംബിന്റെ കള്ളക്കഥകൾ നാം വിശ്വസിച്ചു. ഇന്നു ലോകത്തിലുള്ളതിൽ അധികം പേരെ പോറ്റാൻ നമുക്കു കഴിയും. നമ്മുടെ സംസ്കാരം കൂട്ട ആത്മഹത്യയുടെ പാതയിലാണ്. ഒരു നാടിന്റെ സാമ്പത്തികമായ വളർച്ചയുടെ പോലും വക്താക്കൾ മക്കളാണ്. ജനിച്ചുജീവിക്കുന്നവരുടെ സംഘാതമായ സ്വാർത്ഥത ജനിക്കാനുള്ളവരെ വെട്ടിവീഴ്ത്തുന്നു. ഭാവിയുടെ കവാടങ്ങൾ കൊട്ടിയടയ്ക്കുന്നു സ്വാർത്ഥരായി നാം മാറുന്നു. ഉത്തരവാദി

ത്വബോധമില്ലാതെ പ്രജനനപ്രക്രിയ നടത്തണമെന്നല്ല സഭ പഠിപ്പിക്കുന്നത്.

"പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോട് കൽപിക്കണമേ" (ലൂക്കാ 3:12–13) എന്ന അപേക്ഷയുമായി വന്നവനോട് ഭോഷനായ ധനികന്റെ ഉപമ യേശു പഠിപ്പിച്ചു. ഈ ഭൂമിയും അതിലെ സകല വിഭവങ്ങളും ദൈവം നമുക്കു നൽകിയിട്ടുള്ള പിതൃസ്വത്താണ്. അതു പങ്കുവയ്ക്കാനും തലമുറകൾക്കായി കാത്തുസൂക്ഷിക്കാനുമുള്ളതാണ്. അതു വേലികെട്ടി സ്വകാര്യസ്വത്താക്കി ചുറ്റുമുള്ളവരെ മറന്നു തിന്നുകുടിച്ച് ആഘോഷിക്കാനുള്ളതല്ല. അതുകൊണ്ടാണ് അറപ്പുര പൊളിച്ച് എല്ലാം സംഭരിച്ച് ആഘോഷിച്ചവനെ "വിഡ്ഢി" എന്നു ദൈവം വിളിച്ചത്. ഇത്തരം വിഡ്ഢിത്തത്തിന്റെ കമ്പോളശൈലികൾ സഭയുടെ എല്ലാ തലങ്ങളെയും സ്വാധാനിക്കുന്നു എന്നു സംശയിച്ചുപോകുന്നു.സുഖലോലുപതയുടെ സ്വാർത്ഥത നാം എല്ലായിടത്തും കാണുന്നു. "നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്, നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല" എന്നു ദൈവമായ കർത്താവ് ആമോസിലൂടെ വെളിപ്പെടുത്തി (5:21). നമ്മുടെ പെരുന്നാളുകളും വിവാഹാഘോഷങ്ങളും ആദ്യകുർബാന സ്വീകരണങ്ങളും പട്ടങ്ങളും ജൂബിലികളും വിഡ്ഢികളുടെ ആഘോഷങ്ങളാകാതിരിക്കാൻ ജാഗ്രത പുലർത്തണം. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്നു ദൈവരാജ്യത്തിൽ വിരുന്നിനിരിക്കുന്ന" (ലൂക്ക 13:29) പങ്കുവയ്ക്കലിന്റെ തിരുനാളുകൾ, ജീവിതം കൊണ്ടാഘോഷിക്കാൻ നാം പഠിക്കണം.വികസനത്തിൽ നിന്നു പുറത്താക്കപ്പെടുന്നവരുടെ അവകാശങ്ങൾക്കുവേണ്ടി നാം നിലകൊള്ളണം. നമുക്കു ചുറ്റുമുള്ളവർക്കു മാത്രമല്ല നമുക്കു ശേഷം വരാനിരിക്കുന്നവർക്കു കൂടി പിതൃസ്വത്ത് നാം കാത്തുസൂക്ഷിക്കണം. നമുക്കു ലഭിച്ച താലന്തുകൾ വർദ്ധിപ്പിച്ച് അതുകൊണ്ട് ചുറ്റിലും ഭാവിയിലുള്ളവർക്ക് സമൃദ്ധമായ ജീവന്റെ അവകാശങ്ങൾ നൽകുന്നവരാകാൻ നമുക്കു കഴിയണം.

### 3. പാരിസ്ഥിതിക പ്രശ്നങ്ങൾ

ഭാവിയിലുള്ള ശ്രദ്ധയുടെ ധാർമ്മികബോധം ഉണർത്തുന്നതാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ. ഈ പ്രപഞ്ചം നമ്മുടെ ഭവനമാണ്. ഈ വീടിന്റെ അന്തരീക്ഷം, വായു, വെള്ളം, താപനില, അതിന്റെ ശുദ്ധി എന്നിവ അതിൽ വസിക്കുന്നവരുടെ നിലനിൽപിന്റെ പ്രശ്നമാണ്. ഇന്നു

ജീവിക്കുന്നവർ നാളയെക്കുറിച്ച് ചിന്തയില്ലാതെ ഈ പ്രപഞ്ചഗൃഹത്തെ ദുരുപയോഗിക്കരുത്. എന്റെ ശരീരം ഞാൻ കാത്തുസൂക്ഷിക്കുന്ന ശ്രദ്ധ തന്നെ എന്റെ ഈ ഭൂമിയും കാത്തു സൂക്ഷിക്കുന്നതിൽ കാണിക്കണം. നമുക്കുശേഷമുള്ളവർക്കും ഇത് വാസയോഗ്യമായിരിക്കണം. എന്നാൽ നമ്മുടെ വായുവും വെള്ളവും മണ്ണും മലിനമായിക്കൊണ്ടിരിക്കുന്നു. ഈ ഭൂമിയിൽനിന്നു തത്ഫലമായി ജീവികൾക്ക് എന്നെന്നേക്കുമായി വംശ നാശം വരുന്നു. കൃമികീടങ്ങൾക്കും പക്ഷിമൃഗാദികൾക്കും അന്യമാകു ന്നിടം മനുഷ്യന് പാർക്കാനാവാത്തതായി മാറും.

ശാസ്ത്ര സാങ്കേതികവിദ്യകൾ നമുക്ക് അനുഗ്രഹവും ശാപവു മാകും. വിഷലിപ്തവും അപകടകരവുമായ വസ്തുക്കൾ, രാസപദാർത്ഥ ങ്ങൾ, രാസമാലിന്യങ്ങൾ എന്നിവ ഈ ഭൂമിയെയും അതിന്റെ അന്തരീ ക്ഷത്തെയും മലിനവും അപകടപ്പെടുത്തുന്നതുമാകുന്നു. പുഴകൾ മരി ക്കുമ്പോൾ, വായു രോഗാതുരമാകുമ്പോൾ, മണ്ണ് വിഷം നിറഞ്ഞതാ കുമ്പോൾ അതു മനുഷ്യന്റെ വാസത്തെ അപകടപ്പെടുത്തും. എന്റെ ശ്വാസകോശത്തിന്റെ ആരോഗ്യം ശ്വാസത്തിന്റെ ആരോഗ്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ആരോഗ്യകരമായ ഈ ഭൂമിയിൽ മാത്രമേ മനു ഷ്യന് ആരോഗ്യവും ആയുസ്സും ഉണ്ടാകുകയുള്ളൂ. ഇന്നത്തെ സുഖ ത്തിനുവേണ്ടി ഭൂമിയെയും വായുവിനേയും ജലസ്രോതസ്സുകളേയും കുത്തിക്കവരുന്നത് ഇന്നത്തെ ലഹരിക്കുവേണ്ടി മദ്യവും മയക്കുമരുന്നും സ്വന്തം ശരീരത്തിലേക്ക് ഉപയോഗിക്കുന്നതുപോലെ ആത്മഹത്യാപര മാണ്.

വിത്തു കുത്തിത്തിന്നുന്ന ആർത്തിയുടെ സംസ്കാരം നാം ചുറ്റും കാണുന്നു. ഇവിടെ എല്ലാവരുടെയും ആവശ്യങ്ങൾക്ക് വിഭവങ്ങളുണ്ട്, ആരുടെയും ആർത്തിക്ക് ഈ പ്രപഞ്ചം തന്നെ തികയില്ലല്ലോ. കാർഷിക പാരമ്പര്യമുള്ള നാം പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിക്കണം. ഉച്ഛിഷ്ടങ്ങളുടെ കൂമ്പാരം സൃഷ്ടിക്കുന്ന ധൂർത്തിന്റെ ശൈലികൾ വെടിഞ്ഞ് ലളിതജീവിതം നയിക്കാൻ നാം പരിശ്രമിക്കണം.

ഇടവക എന്ന ക്രൈസ്തവ സമൂഹത്തെ "പരദേശികളും വിപ്ര വാസികളു"മെന്ന വിധത്തിലാണ് പത്രോസ് അപ്പസ്തോലൻ വിവക്ഷി ക്കുന്നത് (1 പത്രോസ് 2:11). നാം ഈ ഭൂമിയിൽ സ്ഥിരതാമസക്കാരല്ല, ഈ ഭൂമിയുടെ ഉടമസ്ഥരുമല്ല. നാം ഈ ഭൂമിയിലൂടെ കടന്നുപോ കുന്നവരാണ് - തീർത്ഥാടകരാണ്. മുൻതലമുറകൾ തീർത്ഥാടനം നടത്തി നമുക്കായി കരുതി നൽകിയ ഈ ഭൂമി നമുക്കുശേഷം വരാനി രിക്കുന്നവർക്കും കരുതലോടെ നൽകത്തക്കവിധം കടന്നുപോകുന്നവ

രാകാൻ നമുക്ക് ശ്രദ്ധിക്കാം. ലേവായരുടെ പുസ്തകത്തിൽ കർത്താവ് അരുളിച്ചെയ്യുന്നു:

"നിങ്ങൾ ഭൂമി എന്നേക്കുമായി വിൽക്കരുത്, എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (25:23). നാം സ്വർഗത്തെ ലക്ഷ്യമാക്കി ഈ ഭൂമിയിൽ പുറപ്പാടുയാത്ര നയിക്കുന്നവരാണ്.

ജീവന്റെ സുവിശേഷത്തിന്റെ വഴിയിലൂടെ സ്വർഗ്ഗാന്മുഖരായി ജീവിക്കാൻ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് സെപ്റ്റംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

NB:- **ഈ ഇടയലേഖനം ഒക്ടോബർ 10-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 10/2010***
***Prot. No. 9968/2010***


മിശിഹായിൽ പ്രിയ മാതാപിതാക്കളെ, സഹോദരീ സഹോദര ന്മാരെ, പ്രിയ മിഷൻലീഗ് അംഗങ്ങളേ,

ചെറുപുഷ്പ മിഷൻലീഗിന്റെ 63-ാം സംസ്ഥാന വാർഷികം മാന ന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ ഡിസംബർ 11 ന് മാനന്തവാ ടിയിൽ വച്ച് നടക്കുന്ന കാര്യം നിങ്ങൾ ഏവരും അറിഞ്ഞിരിക്കുമല്ലോ. നീണ്ട 27 വർഷങ്ങൾക്ക് ശേഷമാണ് മാനന്തവാടി രൂപതയിൽ വച്ച് സംസ്ഥാന വാർഷികം നടക്കുന്നത്. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങളിൽ അടിയുറച്ച് പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികസനം, ദൈവവിളിപ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രയത്നിക്കുന്ന മിഷൻലീഗ് അതിന്റെ പ്രവർത്തനത്തിന്റെ 63-ാം വാർഷികം ആഘോഷിക്കുമ്പോൾ അഭിമാനിക്കാൻ കത്തോലിക്കാ സഭയ്ക്ക് ഏറെയുണ്ട്. മാനന്തവാടി രൂപതയിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. ഡയറക്ടറച്ചന്മാ രെയും, ജോയിന്റ് ഡയറക്ടർ സിസ്റ്റർമാരെയും മറ്റെല്ലാ ഭാരവാഹിക ളേയും അഭിനന്ദിക്കുന്നു. സംസ്ഥാനവാർഷികത്തിന്റെ വിജയത്തിന് നിങ്ങളുടെ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. മിഷൻലീ ഗിന്റെ സംസ്ഥാന വാർഷികത്തിന് കേരളസഭയിലെ മുഴുവൻ രൂപത കളിൽ നിന്നും മിഷൻലീഗ് അംഗങ്ങൾ എത്തിച്ചേരുമ്പോൾ നമ്മുടെ രൂപതയിലെ കഴിയുന്ന എല്ലാവരും മാനന്തവാടിയിൽ ഒത്ത് ചേരണ മെന്ന് അഭ്യർത്ഥിക്കുന്നു. കാരണം മാമ്മോദീസ സ്വീകരിച്ച നാമെല്ലാ വരും പ്രേഷിതരാണ്. അതുകൊണ്ട്തന്നെ ഈ പ്രേഷിതറാലിയിലും പൊതുസമ്മേളനത്തിലും പങ്കുചേർന്നുകൊണ്ട് നമ്മുടെ വിശ്വാസത്തെ ലോകത്തിനു മുമ്പിൽ പ്രഘോഷിക്കുവാൻ നമുക്കാവണം. പ്രേഷിത റാലിയിൽ നിശ്ചല ദൃശ്യങ്ങളുടെയും, ചലനദൃശ്യങ്ങളുടെയും അകമ്പ

ടിയോടുകൂടി എല്ലാ ഇടവകാംഗങ്ങളും അണിനിരക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. റാലിയിൽ പങ്കെടുക്കുന്ന ദൈവജനം മുഴുവനും മാന ന്തവാടിയിൽ എത്തിച്ചേരുന്നതിന് വേണ്ട ക്രമീകരണം ബഹു. വികാ രിയച്ചന്മാരും, കൈക്കാരന്മാരും, പാരീഷ്കൗൺസിൽ അംഗങ്ങളും, ശാഖാ ഭാരവാഹികളും ചേർന്ന് നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന വാർഷികത്തിന് ഭാരിച്ച സാമ്പത്തിക ചിലവാണ് സ്വാഗതസംഘം കമ്മറ്റി മുമ്പിൽ കാണുന്നത് അതുകൊണ്ട് നിങ്ങളുടെ എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുകയാണ്. നവംബർ 7-ാം തീയതി ഞായറാഴ്ച കുർബാന മധ്യേ ഒരു സ്തോത്ര കാഴ്ചയെടുത്ത് എത്രയും വേഗം അത് രൂപതാ കേന്ദ്രത്തിൽ എത്തി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ സന്മനസുള്ളവർ അവരുടെ സംഭാവനകൾ രൂപതാകമ്മറ്റിയേയോ ഇടവകവികാരിമാരേയോ ഏൽപ്പിച്ച് രസീത് വാങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബർ 11-ാം തീയതി മാനന്തവാടിയിലേക്ക് ഏവർക്കും സ്വാഗതം. ആഘോഷങ്ങളുടെ വിജയത്തിനായി നിങ്ങളുടെ പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. കർത്താ വിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി കാര്യാലയത്തിൽ നിന്നും 2010 സെപ്റ്റംബർ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**NB:- ഈ സർക്കുലർ 2010 ഒക്ടോബർ മാസം 31-ാം തീയതി ഞായറാഴ്ച വിശുദ്ധകുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# ലോക മിഷൻഞായർ - 2010

## സഭാസമൂഹങ്ങൾ പടുത്തുയർത്തുക മിഷന്റെ മുഖ്യദൗത്യം

**ബെനഡിക്ട് 16–ാമൻ മാർപാപ്പ**

പ്രിയ സഹോദരീ സഹോദന്മാരേ,

ഒക്ടോബർ മാസത്തിൽ നാം ലോകമിഷൻ ഞായർ ആഘോഷിക്കുന്നു. സുവിശേഷം പ്രഘോഷിക്കാനും അജപാലനപ്രവർത്തനങ്ങൾക്കു കൂടുതൽ പ്രേഷിതത്വാഭിമുഖ്യം നൽകാനുമുള്ള സമർപ്പണം പുതുക്കാൻ അത് അവസരം നൽകും. രൂപതകൾക്കും ഇടവകസമൂഹങ്ങൾക്കും സമർപ്പിത ജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും സഭാത്മക പ്രസ്ഥാനങ്ങൾക്കും എന്നല്ല ദൈവജനത്തിനു മുഴുവനും നൽകപ്പെടുന്ന ഒരവസരമാണത്. ഈ വാർഷിക സംഭവം ആരാധനക്രമ മതബോധനം, ജീവകാരുണ്യപ്രവർത്തനം, സംസ്കാരം എന്നീ മണ്ഡലങ്ങളിൽ കൂടുതൽ തീവ്രതയോടെ ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു. അത്തരം ജീവിത പ്രക്രിയയിലൂടെ കർത്താവ് തന്റെ വചനത്തിന്റെയും ദിവ്യകാരുണ്യത്തിന്റെയും വിരുന്നിലേക്കു നമ്മെ വിളിക്കുന്നുണ്ട്. അവിടെ സാന്നിധ്യമാകുന്ന മഹാദാനം ആസ്വദിക്കാനും അവിടുത്തെ വിദ്യാലയത്തിൽ പരിശീലിപ്പിക്കപ്പെടാനും നമ്മുടെ ഗുരുവും കർത്താവുമായ അവിടത്തോട് പൂർവ്വാധികം അടുത്തു ബന്ധപ്പെട്ടു ജീവിക്കാനുമാണത്. അവിടുന്ന് നമ്മോട് ഇങ്ങനെ പറയുന്നു: “എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും” (യോഹ 14:21).

നമ്മുടെ ജീവിതത്തെ പരിവർത്തനം ചെയ്യിക്കുന്ന ദൈവസ്നേഹവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് അവിടുത്തോടുള്ള സംസർഗ്ഗത്തിലും നമ്മൾ തമ്മിൽ തമ്മിലുള്ള സംസർഗ്ഗത്തിലും ജീവിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല നമ്മിലുള്ള പ്രത്യാശയുടെ കാരണം വ്യക്തമാക്കിക്കൊണ്ട് (cf. 1 പത്രോ 3:15) വിശ്വസിക്കത്തക്ക സാക്ഷ്യം നമ്മുടെ സഹോദരീസഹോദരന്മാർക്കു നൽകാനും അത് അത്യാവശ്യമാണ്. യേശുവിന്റെ സുവിശേഷത്തിൽ

അടിയുറപ്പിച്ച പുതിയൊരു മാനുഷികത വളർത്താൻ പക്വത പ്രാപിച്ച വിശ്വാസം ആവശ്യമാണ്. ആ വിശ്വാസം പുത്രസഹജമായ മനോഭാവത്തോടെ ദൈവത്തിനു സ്വയം സമർപ്പിക്കാൻ കഴിവുള്ളതാണ്. ദൈവവചനത്തെക്കുറിച്ചുള്ള പ്രാർത്ഥനയാലും ധ്യാനത്താലും വിശ്വാസസത്യത്തെക്കുറിച്ചുള്ള പഠനത്താലും പോഷിപ്പിക്കപ്പെട്ട ഒരു മനോഭാവമാണത്.

കൂടാതെ, അനേകം രാജ്യങ്ങളിലെ സഭാപരമായ പ്രവർത്തനങ്ങൾ വേനൽക്കാലാവധിക്കുശേഷം വീണ്ടും തുടങ്ങുന്നത് ഒക്ടോബർ മാസത്തിലാണ്. മനുഷ്യവംശത്തെക്കുറിച്ചുള്ള പിതാവിന്റെ പദ്ധതിയെപ്പറ്റി ധ്യാനിക്കാൻ, അവിടുന്നു സഭയെ സ്നേഹിച്ചതുപോലെ സഭയെ സ്നേഹിക്കാൻ, കൊന്തനമസ്കാരം വഴി മറിയത്തിൽ നിന്നു പഠിക്കുന്നതിന്, സഭ നമ്മെ ക്ഷണിക്കുന്ന മാസവുമാണത്. മിഷൻ പ്രവർത്തനത്തിന്റെ അർത്ഥവും ഇതു തന്നെയല്ലേ?

യഥാർത്ഥത്തിൽ, തന്റെ പ്രിയപുത്രനിൽ സ്നേഹിക്കപ്പെട്ട പുത്രീപുത്രന്മാരായിരിക്കാൻ പിതാവായ ദൈവം നമ്മെ ക്ഷണിക്കുന്നു. മനുഷ്യവംശത്തിനുള്ള രക്ഷയുടെ മഹാദാനമായ ആ പുത്രനിൽ നമ്മൾ എല്ലാവരും സഹോദരീസഹോദരന്മാരാണെന്നു തിരിച്ചറിയാനും അവിടുന്ന് നമ്മെ വിളിക്കുന്നു. മനുഷ്യവംശമാകട്ടെ അനൈക്യവും പാപവുംവഴി വിഭജിക്കപ്പെട്ടതാണ്. ആ പുത്രൻ ദൈവത്തിന്റെ യഥാർത്ഥമുഖം വെളിപ്പെടുത്തുന്നവനാണ്. “അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച” (യോഹ 3:16) ദൈവത്തെയാണ് അവിടന്നു വെളിപ്പെടുത്തുന്നത്.

ജറുസലെമിൽ പെസഹാക്കാല തീർത്ഥാടനത്തിനു വന്ന ചില ഗ്രീക്കുകാർ അപ്പസ്തോലനായ ഫിലിപ്പിനോട് ഒരഭ്യർത്ഥന നടത്തുന്നതായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു. “ഞങ്ങൾ അവനെ കാണാൻ ആഗ്രഹിക്കുന്നു” (യോഹ 12:21) എന്നതാണ് അഭ്യർത്ഥന. ഇത് നമ്മുടെ മനസ്സിലും ഈ ഒക്ടോബർ മാസത്തിൽ പ്രതിധ്വനിക്കുന്നുണ്ട്. “പ്രകൃത്യാ പ്രേഷിതയായിരിക്കുന്ന” (പ്രേഷിത പ്രവർത്തനം, നമ്പർ 2) മുഴുവൻ സഭയുടെയും കടമയാണ് സുവിശേഷ പ്രഘോഷണത്തിനുള്ള സ്വയം സമർപ്പണവും സുവിശേഷപ്രഘോഷണവുമെന്നത് നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷസന്ദേശത്തിന്മേൽ പടുത്തുയർത്തിയ സമൂഹങ്ങൾ തമ്മിലുള്ള ആത്മാർത്ഥമായ ബന്ധങ്ങളിൽ ജീവിക്കുന്നതിന്റെ പുതുമയുടെ മുന്നോടികളാകാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. ഏകാന്തതയുടെയും നിസ്സംഗതയുടെയും

വിവിധരൂപങ്ങൾ കൂടുതൽ കൂടുതൽ അസ്വസ്ഥതപ്പെടുത്തുന്ന വിവിധ വംശങ്ങളുള്ള സമൂഹമാണിന്നുള്ളത്. അത്തരമൊരു സമൂഹത്തിൽ പ്രത്യാശയുടെ അടയാളങ്ങൾ നൽകാനും സാർവത്രിക സഹോദരങ്ങളായിരിക്കാനും ക്രൈസ്തവർ പഠിക്കണം. ചരിത്രത്തെ രൂപാന്തരപ്പെടുത്തുന്ന, മഹത്തായ ആശയങ്ങൾ വളർത്തണം. മിഥ്യാധാരണകളും ഭയവും കൂടാതെ ഭൂഗോളത്തെ എല്ലാ ജനതകൾക്കുമുള്ള ഭവനമാക്കിത്തീർക്കാൻ പരിശ്രമിക്കണം.

രണ്ടായിരം വർഷം മുമ്പുണ്ടായിരുന്ന ഗ്രീക്കുതീർത്ഥാടകരെപ്പോലെ നമ്മുടെ കാലഘട്ടത്തിലെ ആളുകളും ക്രിസ്തുവിനെപ്പറ്റി "സംസാരിക്കാൻ" മാത്രമല്ല ക്രിസ്തുവിനെ "കാണിക്കാനും" നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ചിലപ്പോൾ അറിയാതെ തന്നെയായിരിക്കും അവർ ആവശ്യപ്പെടുന്നത്. പുതിയ സഹസ്രാബ്ദത്തിലെ തലമുറകളുടെ മുമ്പിൽ ലോകത്തിന്റെ എല്ലാ കോണുകളിലും പ്രത്യേകിച്ച് ഓരോ ഭൂഖണ്ഡത്തിലുമുള്ള യുവജനത്തിന്റെ മുമ്പിൽ രക്ഷകന്റെ മുഖം പ്രകാശിപ്പിച്ചു കാണിക്കാൻ അവർ ആവശ്യപ്പെടുന്നു. സുവിശേഷപ്രഘോഷണം ലക്ഷ്യം വയ്ക്കുന്ന വിശേഷാനുകൂല്യമുള്ളവരാണല്ലോ യുവജനം. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ വചനം കൊണ്ടുവരുന്നത് അവിടുന്നു സത്യമായതുകൊണ്ടാണെന്നും തങ്ങളുടെ ജീവിതത്തിന് അർത്ഥവും സത്യവും അവിടുന്നിൽ കണ്ടെത്തിയതുകൊണ്ടാണെന്നും അവർ മനസ്സിലാക്കണം.

ഈ ചിന്തകളെല്ലാം പ്രേഷിതപ്രവർത്തനത്തിനുള്ള കൽപനയോടു ബന്ധപ്പെട്ടിരിക്കുന്നു. ആ കൽപനയാകട്ടെ മുഴുവൻ സഭയും – ജ്ഞാനസ്നാനപ്പെട്ട എല്ലാവരും – സ്വീകരിച്ച കൽപനയാണ് – വ്യക്തിപരവും സമൂഹപരവും അജപാലനപരവുമായ ആഴത്തിലുള്ള മനഃപരിവർത്തനം കൂടാതെ ആ കൽപന നിറവേറ്റാൻ സാധിക്കുകയില്ല.

എല്ലാ ജനതകളിലും ഓരോ സംസ്കാരത്തിലും ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ സുവിശേഷപ്രഘോഷണം വളർത്തണം. അതിനായി ആന്തരിക നവീകരണവും സഭകൾക്കിടയിൽ പ്രേഷിത പ്രവർത്തന സംബന്ധമായ സഹകരണവും ഉണ്ടാകണം. ഇതിനു വ്യക്തികളെ മാത്രമല്ല സമൂഹങ്ങളെയും സുവിശേഷപ്രഘോഷണത്തിനുള്ള വിളി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ ബോധം 'ഫീദൈദോണും' വൈദികർ, സമർപ്പിതർ, മതപ്രബോധകർ, അല്മായപ്രേഷിതർ എന്നിവർ നടത്തുന്ന സഭാപരമായ കൂട്ടായ്മയ്ക്കുവേണ്ടി നിരന്തര പരിശ്രമത്തിലൂടെ വളർത്തപ്പെടുന്നു. അങ്ങനെ "സംസ്കാരവൈവിധ്യം" എന്ന പ്രതിഭാസത്തെപോലും ഒന്നിപ്പിക്കാൻ കഴിയും. ആ ഐക്യാവസ്ഥയിൽ

സുവിശേഷം സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടെയും പുളിമാവാ യിരിക്കും, സാഹോദര്യത്തിന്റെയും വിനയത്തിന്റെയും സമാധാനത്തി ന്റെയും ഉറവിടമായിരിക്കും (cf. പ്രേഷിതപ്രവർത്തനം, നമ്പർ 8). "സഭ യഥാർത്ഥത്തിൽ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും യോജിപ്പി ന്റെയും അടയാളവും ഉപകരണവുമാണ്" (തിരുസഭ, നമ്പർ 1).

ദൈവപുത്രനായ യേശുക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽ നിന്നാണ് സഭാപരമായ കൂട്ടായ്മ ഉദ്ഭവിക്കുന്നത്. സഭയുടെ സുവിശേഷ പ്രഘോഷണംവഴി മനുഷ്യരിലേക്ക് അവിടുന്ന് എത്തിച്ചേരുന്നു. തന്നോടു തന്നെയും അങ്ങനെ പിതാവിനോടും പരിശുദ്ധാത്മാവി നോടും സൗഹൃദം സ്ഥാപിക്കുകയും ചെയ്യുന്നു (cf. 1 യോഹ 1:3). മനുഷ്യനും ദൈവവും തമ്മിലുള്ള പുതിയൊരു ബന്ധം ക്രിസ്തു സ്ഥാപിക്കുന്നു. 'ദൈവം സ്നേഹമാകുന്നു' എന്ന് അവിടുന്ന് വെളി പ്പെടുത്തുന്നു (1യോഹ 4:8). അതേസമയം അവിടുന്ന് നമ്മെ ഇപ്രകാരം പഠിപ്പിക്കുകയും ചെയ്യുന്നു. മാനുഷികപൂർണതയുടെയും തത്ഫലമായി ലോകപരിവർത്തനത്തിന്റെയും അടിസ്ഥാനപരമായ നിയമം സ്നേഹ ത്തിന്റെ പുതിയ കൽപനയാണ്. "സ്നേഹത്തിന്റെ വഴി എല്ലാവരുടെയും മുമ്പിൽ തുറന്നു കിടക്കുന്നുവെന്നും സാർവദേശീയ സാഹോദര്യം സൃഷ്ടിക്കാനുള്ള പരിശ്രമം വെറുതേയാവുകയില്ലെന്നും ദൈവസ്നേ ഹത്തിൽ വിശ്വസിക്കുന്നവർക്ക് അവിടുന്ന് ഉറപ്പുനൽകുന്നു" (സഭ ആധു നികലോകത്തിൽ, നമ്പർ 38).

സഭ ദിവ്യകാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ "കൂട്ടായ്മ" ആയിത്തീരുന്നു. അതിൽ ക്രിസ്തു അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ സ്നേഹബലി വഴി, സഭയെ തന്റെ ശരീരമായി പടുത്തുയർത്തുന്നു. നമ്മെ ത്രിത്വാത്മക ദൈവത്തോടും പരസ്പ രവും ഐക്യപ്പെടുത്തിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത് (cf. 1 കോറി 10:16 ff). "സ്നേഹത്തിന്റെ കൂദാശ"യെന്ന അപ്പസ്തോലികാഹ്വാന ത്തിൽ ഞാൻ ഇപ്രകാരം എഴുതിയിട്ടുണ്ട്, "കൂദാശയിൽ നാം ആഘോ ഷിക്കുന്ന സ്നേഹം നമ്മിൽതന്നെ ഒതുക്കി നിറുത്താനുള്ള ഒന്നല്ല. എല്ലാവരുമായി അതു പങ്കുവയ്ക്കപ്പെടണമെന്നു പ്രകൃത്യാ അത് ആവ ശ്യപ്പെടുന്നു. ലോകത്തിന് ആവശ്യമായിരിക്കുന്നതു ദൈവത്തിന്റെ സ്നേഹമാണ്. ലോകം ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവിടുന്നിൽ വിശ്വസിക്കുകയും വേണം" (നമ്പർ 84.) ഇക്കാരണത്താൽ ദിവ്യകാ രുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല അവളുടെ ദൗത്യത്തി ന്റെയും ഉറവിടവും പരമകോടിയുമാണ്. "യഥാർത്ഥത്തിൽ ദിവ്യകാരു ണ്യപരമായിരിക്കുന്ന സഭ പ്രേഷിതസഭയാണ്" (നമ്പർ 84). എല്ലാവ

രെയും ദൈവവുമായുള്ള കൂട്ടായ്മയിലേക്കുകൊണ്ടുവരാൻ അതു സഹായിക്കും. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്" എന്ന ബോധ്യത്തോടെ പ്രഘോഷിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ സഹായിക്കും.

പ്രിയപ്പെട്ടവരേ, പ്രേഷിതപ്രവർത്തനം നടത്തേണ്ട അളവറ്റ പ്രദേശങ്ങളിലേക്ക് ഹൃദയവീക്ഷണം വ്യാപിക്കുന്ന ഈ ലോകമിഷൻ ഞായറാഴ്ചദിവസം നമുക്ക് സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ സമർപ്പണത്തിൽ മുന്നോടികളായിത്തീരാം. പ്രേഷിതത്വത്തിനുള്ള പ്രേരണ എന്നും സഭകളുടെ സജീവതത്വത്തിന്റെ അടയാളമായിരുന്നു (cf. രക്ഷകന്റെ മിഷൻ, നമ്പർ 2). രക്ഷാകരമായ ദിവ്യസ്നേഹത്തിന്റെ മുന്നോടികൾക്ക് വിശ്വാസ്യത നൽകുന്ന ഐക്യത്തിന്റേയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സാക്ഷ്യവും സഹകരണവും വഴി സഭകൾ അപ്രകാരമായിത്തീരുന്നു.

അതുകൊണ്ട്, യുവസഭകൾക്ക് വേണ്ടി പ്രാർത്ഥിക്കാനും സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും അവയ്ക്ക് സഹോദരപരമായ സ്നേഹത്തോടെ വസ്തുനിഷ്ഠമായ സഹായം ചെയ്യാനും എല്ലാവരോടുമുള്ള എന്റെ ക്ഷണം ഞാൻ പുതുക്കുകയാണ്. സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ഈ പ്രവൃത്തി, അതിവിദൂര നാടുകളിലുമുള്ള വൈദികരുടെയും സെമിനാരിക്കാരുടെയും മതോപദേശകരുടെയും പരിശീലനത്തിനു സഹായകമാകും. യുവസഭാത്മകസമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഈ സ്നേഹപ്രവൃത്തി പൊന്തിഫിക്കൽ മിഷണറി സൊസൈറ്റികൾ നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നത്. അവയോടുള്ള എന്റെ നന്ദി ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

വെല്ലുവിളികൾ ഉണർത്തുന്ന അതിവിദൂരനാടുകളിൽ മിക്കപ്പോഴും ജീവൻകൊണ്ടുപോലും ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള സാക്ഷ്യം നൽകുന്ന മിഷണറിമാരോട് എനിക്കുള്ള പ്രത്യേക വാത്സല്യം ഇവിടെ, ഈ വാർഷികസന്ദേശത്തിൽ ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു. സുവിശേഷപ്രഘോഷണത്തിന്റെ മുന്നണിപ്പടയാളികളായ അവർക്ക് ഓരോ വിശ്വാസിയും സൗഹൃദവും അടുപ്പവും പിന്തുണയും നൽകണം. സന്തോഷപൂർവ്വം നൽകുന്നവരെ സ്നേഹിക്കുന്ന ദൈവം (cf. 2 കോറി.9:7) അവർക്ക് ആധ്യാത്മിക തീക്ഷ്ണതയും അഗാധമായ സന്തോഷവും നൽകുമാറാകട്ടെ.

നമ്മുടെ സഹോദരീസഹോദരന്മാരെ സ്നേഹിക്കാനുള്ള ദൈവിക ക്ഷണത്തിന് ഉദാരതയോടെ പ്രത്യുത്തരം നൽകുന്ന ഓരോ സഭാസമൂഹവും പുതിയൊരു അപ്പസ്തോലിക - സഭാത്മക മാതൃത്വം സൃഷ്ടിക്കും. കന്യകാമറിയം "അങ്ങനെയാകട്ടെ" എന്ന് പറഞ്ഞ് സമ്മതം നൽകിയപ്പോൾ സംഭവിച്ചതുപോലെ തന്നെ (cf. ഗലാ 4:4,19,26). ആ മാതൃത്വം പുതിയ അപ്പസ്തോലന്മാർക്ക് വിശ്വാസവും ധൈര്യവും നൽകും. സമയത്തിന്റെ പൂർണതയിൽ സ്ത്രീയിൽ നിന്നു ജനിച്ച തന്റെ പുത്രനെ നൽകിയ (ഗലാ 4:4) ദൈവത്തിന്റെ സ്നേഹരഹസ്യത്തിൽ നാം വിസ്മയിക്കുകയും ചെയ്യും. അത്തരമൊരു പ്രത്യുത്തരം 'എല്ലാവരെയും പ്രത്യാശയിൽ സന്തോഷിക്കുന്നവരാക്കും' (റോമാ 12:112). ദൈവിക പദ്ധതി തിരിച്ചറിയുമ്പോഴാണ് ആ പ്രത്യാശയും സന്തോഷവും ഉണ്ടാകുന്നത്. "മനുഷ്യവംശം മുഴുവനും ഒറ്റ ദൈവജനമാകണമെന്നും ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നിക്കണമെന്നും പരിശുദ്ധാത്മാവിന്റെ ഒറ്റ ആലയമായി പണിയപ്പെടണമെന്നും" (പ്രേഷിതപ്രവർത്തനം, നമ്പർ 7) ദൈവം ആഗ്രഹിക്കുന്നുവല്ലോ.

വത്തിക്കാനിൽനിന്ന്
**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# 26-ാം ലോകയുവജനദിനം 2011

## ബെനഡിക്ട് 16-ാമൻ മാർപാപ്പ നൽകുന്ന സന്ദേശം

*"യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും വിശ്വാസത്തിൽ ദൃഢത പ്രാപിക്കുക" (cf. കൊളോ 2:7)*

**പ്രിയ സുഹൃത്തുക്കളേ,**

സിഡ്നിയിൽ വച്ച് 2008-ൽ നടത്തിയ ലോകയുവജനദിനത്തെക്കുറിച്ച് ഞാൻ പലപ്പോഴും ഓർമ്മിക്കുന്നു. വിശ്വാസ മഹോത്സവത്തിന്റെ അനുഭവമാണ് അവിടെ ഉണ്ടായത്. അതിൽ പരിശുദ്ധാത്മാവിന്റെ സജീവ പ്രവർത്തനമുണ്ടായിരുന്നു. ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും വന്ന് പങ്കെടുക്കുന്നവരുടെയിടയിൽ അവിടുന്ന് കൂട്ടായ്മ സൃഷ്ടിച്ചു. ആ സമ്മേളനം അനേകം യുവജനങ്ങളുടെയും സഭയുടെയും ജീവിതത്തിൽ അത്, മുൻ സന്ദർഭങ്ങളിലെന്നപോലെ സമൃദ്ധമായി ഫലം പുറപ്പെടുവിച്ചു. നാം ഇപ്പോൾ അടുത്ത ലോകയുവജനദിനം ആഘോഷിക്കാൻ ഒരുങ്ങുകയാണ്. മാഡ്രിഡിൽ വച്ച് 2011 ആഗസ്റ്റു മാസത്തിലാണ് അതു നടത്തുന്നത്. ബർളിൻ മതിലിന്റെ ചരിത്രപ്രാധാന്യമുള്ള തകർച്ചയ്ക്ക് കുറച്ചു മാസങ്ങൾക്കു മുമ്പ് 1989-ൽ യുവജനതീർത്ഥാടനം സ്പെയിനിലെ സാന്തിയാഗോ ദെ കൊംപോസ്തെല്ലയിൽ എത്തിച്ചേർന്നു. ഇന്ന്, യൂറോപ്പ് അതിന്റെ ക്രൈസ്തവവേരുകൾ വീണ്ടും കണ്ടെത്തുകയെന്ന ആവശ്യത്തിലായിരിക്കുമ്പോൾ അടുത്ത സമ്മേളനം സ്പെയിനിലെ മാഡ്രിഡിൽ വച്ചു നടക്കും. അതിന്റെ ചിന്താവിഷയം "യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും വിശ്വാസത്തിൽ ദൃഢത പ്രാപിക്കുക" (cf. കൊളോ 2:7) എന്നതാണ്. യൂറോപ്പിനെയും സാർവത്രികസഭയെയും സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമുള്ള ഈ സമ്മേളനത്തിൽ പങ്കുചേരാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസം പങ്കുവയ്ക്കുന്നവർ മാത്രമല്ല, വിശ്വാസത്തിൽ ചഞ്ചലിക്കുന്നവരും യേശുവിൽ വിശ്വസിക്കാത്തവരുമായ എല്ലാ യുവജനങ്ങളും ഇതിൽ പങ്കുചേരണമെന്നാണ് എന്റെ ആഗ്രഹം. അവരുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം നിർണായകമാകാവുന്ന ഈ

അനുഭവത്തിൽ അവർ പങ്കുചേരുന്നതിനുവേണ്ടിയാണത്. ഉത്ഥിതനും സജീവനുമായിരിക്കുന്ന കർത്താവായ യേശുവിനെക്കുറിച്ചും അവിടുത്തേക്ക് നാം ഓരോരുത്തരോടുമുള്ള സ്നേഹത്തെക്കുറിച്ചും ഉള്ള അനുഭവമാണത്.

### 1. നിങ്ങളുടെ അത്യഗാധമായ ആഗ്രഹങ്ങളുടെ ഉറവിടത്തിൽ

ചരിത്രത്തിന്റെ ഓരോഘട്ടത്തിലും, നമ്മുടെ കാലത്തെന്ന പോലെ, സത്യവും ഐക്യദാർഢ്യവുമുള്ള വൈയക്തിക ബന്ധത്തിനായുള്ള അഗാധമായ ആഗ്രഹം അനേകം യുവജനങ്ങൾക്കുണ്ടാകും. യഥാർത്ഥ സൗഹൃദബന്ധങ്ങൾ സ്ഥാപിക്കാനും, യഥാർത്ഥ സ്നേഹം അറിയാനും, ഐക്യപ്പെട്ടു നിൽക്കുന്ന കുടുംബം സ്ഥാപിക്കാനും, വ്യക്തിപരമായ സാക്ഷാത്കാരം നേടാനും യഥാർത്ഥ സുരക്ഷിതത്വമുണ്ടായിരിക്കാനും അനേകർ അഭിലഷിക്കുന്നു. ഇതെല്ലാം പ്രശാന്തവും സന്തോഷപ്രദവുമായ ഒരു ഭാവിജീവിതത്തിന് ആവശ്യമാണല്ലോ. യുവജനത്തിന്റെ മനസ്സിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ സ്ഥിരതയെയും സുരക്ഷിതത്വത്തെയും സംബന്ധിച്ചുള്ളവയല്ലെന്ന് എന്റെ ചെറുപ്പകാലത്തെക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും ഉറപ്പുള്ള ഒരു ജോലി ആവശ്യമാണ്. എന്നാൽ ജീവിതത്തിൽ നിന്നു കിട്ടാവുന്നതെല്ലാം നേടാൻ ആഗ്രഹിക്കുന്ന കാലമാണ് യൗവ്വനം. ഇടത്തരം ജീവിതംകൊണ്ട് തൃപ്തിയാകാത്തവരായിരുന്നു ഞങ്ങളെന്നു ഞാൻ ഓർമ്മിക്കുന്നു. വലിയ കാര്യങ്ങൾ, പുതിയ കാര്യങ്ങൾ ചെയ്യാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നു. ജീവനെത്തന്നെ അതിന്റെ സർവ മഹത്ത്വത്തിലും സൗന്ദര്യത്തിലും കണ്ടെത്താൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നു. ഞങ്ങൾ ചെറുപ്പത്തിൽ ജീവിച്ച ആ കാലഘട്ടത്തിന്റെ സവിശേഷതമൂലമാണ് അങ്ങനെ ചിന്തിച്ചത്. നാസികളുടെ സ്വേഛാധിപത്യവും യുദ്ധവും മൂലം ഞങ്ങൾ അധികാരത്തിന്റെ ക്രൂരമായ വ്യവസ്ഥിതിയാൽ വലയം ചെയ്യപ്പെട്ടിരുന്നു. അതുകൊണ്ട് ബന്ധനങ്ങൾ തകർക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. മനുഷ്യജീവിതത്തിന്റെ സർവ്വസാധ്യതകളും അനുഭവിക്കാൻ കൊതിച്ചു. സാധാരണമായിട്ടുള്ളത് തകർത്തു പുറത്തുപോകാനുള്ള ആഗ്രഹം എല്ലാ തലമുറയിലും കുറേയെല്ലാം ഉണ്ടായിരിക്കുമെന്ന് ഞാൻ കരുതുന്നു. അനുദിനജീവിതം, ഉറപ്പുള്ള തൊഴിൽ എന്നിവയ്ക്ക് അപ്പുറത്തേക്കു പോകാനുള്ള ആഗ്രഹം, യഥാർത്ഥത്തിൽ മഹത്തായ ഒന്നിനുവേണ്ടിയുള്ള ആഗ്രഹം, യൗവ്വനത്തിന്റെ ഭാഗമാണ്. പ്രായമാകുമ്പോൾ മാഞ്ഞുപോകുന്ന സ്വപ്നമല്ലത്. മനുഷ്യൻ മഹത്തായ കാര്യങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. അനന്തതയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. “ഞങ്ങളുടെ ഹൃദയങ്ങൾ നിന്നിൽ

വിശ്രമിക്കുവോളം അസ്വസ്ഥമായിരിക്കും" എന്ന് വി. ആഗസ്തീനോസു പറഞ്ഞത് ശരിയാണ്. ദൈവം നമ്മെ സൃഷ്ടിക്കുകയും നാം ദൈവത്തിന്റെ മുദ്രവഹിക്കുകയും ചെയ്യുന്നു എന്നതിന്റെ അടയാളമാണ് കൂടുതൽ അർത്ഥപൂർണമായ ജീവിതത്തിനുള്ള ആഗ്രഹം. ദൈവം ജീവനാണ്. അതുകൊണ്ടാണ് ഓരോ സൃഷ്ടിയും ജീവനിലെത്തുന്നത്. മനുഷ്യർ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് നാം അനന്യവും സവിശേഷവുമായ വിധത്തിൽ അപ്രകാരം ചെയ്യുന്നു. നാം സ്നേഹത്തിനും സന്തോഷത്തിനും സമാധാനത്തിനും വേണ്ടി യത്നിക്കുന്നു. ദൈവത്തെ തള്ളിക്കളഞ്ഞിട്ട് നമുക്കു ജീവിക്കാൻ കഴിയുമെന്നു പറയുന്നത് വിഡ്ഢിത്തമാണെന്ന് അങ്ങനെ നമുക്കു മനസ്സിലാകും. ദൈവമാണല്ലോ ജീവന്റെ ഉറവിടം. ദൈവത്തെ തള്ളിക്കളഞ്ഞാൽ, ഉറവിടത്തിൽ നിന്നു വിട്ടുനിന്നാൽ നമുക്കു ജീവിതസാക്ഷാത്കാരവും സന്തോഷവും ഉണ്ടാവുകയില്ല. "സൃഷ്ടാവിനെ കൂടാതിരുന്നാൽ സൃഷ്ടി ശൂന്യതയിലേക്കു മറയും" (രണ്ടാം വത്തിക്കാൻ സൂനഹദോസ് ഗാവുദിയും ഏത്ത് സ്പെസ്, 36). ലോകത്തിന്റെ ചില ഭാഗങ്ങളിൽ, പ്രത്യേകിച്ച് പാശ്ചാത്യസംസ്കാരത്തിൽ, ദൈവത്തെ തള്ളിക്കളയാനുള്ള പ്രവണത കാണുന്നു. വിശ്വാസം കേവലം വ്യക്തിപരമായ കാര്യമാണെന്നും അതിനു സമൂഹവുമായി യാതൊരു ബന്ധവുമില്ലെന്നും ആളുകൾ കരുതുന്നു. വ്യക്തിമഹത്ത്വം, ഐക്യദാർഢ്യം, തൊഴിൽ, കുടുംബം മുതലായ മൂല്യങ്ങൾ സുവിശേഷത്തിൽ നിന്നാണുണ്ടാകുന്നത്. അവയാണ് സമൂഹത്തെ താങ്ങി നിറുത്തുന്നതും, എന്നാലും ദൈവത്തെ മറയ്ക്കാനുള്ള ശ്രമം – ഒരുതരം ഓർമ്മയില്ലായ്മ – ഇന്നു കാണുന്നു. അത് ക്രിസ്തുമതത്തെ പൂർണമായി തള്ളിക്കളയുന്നില്ലെന്നതു ശരിയാണ്. പക്ഷേ, അത് വിശ്വാസനിക്ഷേപത്തെ നിഷേധിക്കുന്നു. അത് നമ്മുടെ തനിമ നഷ്ടപ്പെടുത്തുന്നതാണ്. ഇക്കാരണത്താൽ, പ്രിയ സുഹൃത്തുക്കളേ, നിങ്ങൾ വിശ്വാസത്തെ ശക്തിപ്പെടുത്താൻ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവിലുള്ള വിശ്വാസത്തെ ശക്തിപ്പെടുത്തുവിൻ. നിങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും ഭാവി. പൗലോസ് ശ്ലീഹാ കൊളോസൂസിലെ ക്രിസ്ത്യാനികൾക്ക് എഴുതിയതുപോലെ, വേരുകളുണ്ടായിരിക്കുക, ഉറപ്പുള്ള അടിസ്ഥാനമുണ്ടായിരിക്കുക, എന്നത് ജീവത്പ്രധാനമായ കാര്യമാണ്. ഇത് ഇന്ന് പ്രത്യേകമായും ശരിയാണ്. പലർക്കും ഇന്ന് ജീവിതം പടുത്തുയർത്താൻ ഉറപ്പുള്ള പരാമർശകേന്ദ്രമില്ല. അവർ അങ്ങനെ അരക്ഷിതരായിത്തീരുന്നു. ആപേക്ഷികതാവാദത്തിന്റെ മനോഭാവം വളർന്നുവരുന്നു. എല്ലാം ഒന്നുപോലെ ശരിയാണെന്നും സത്യമോ

ആത്യന്തികമായ പരാമർശകേന്ദ്രമോ ഇല്ലെന്ന് ആ മനോഭാവം പുലർത്തുന്നവർ പറയുന്നു. എന്നാൽ ഇത്തരം ചിന്താഗതി യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയില്ല. അത് അരക്ഷിതത്വത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും നൈമിഷികമായ മതിഭ്രമത്തിലേക്കും നയിക്കും. യുവജനങ്ങളെന്ന നിലയിൽ നിങ്ങൾക്കു മുൻതലമുറകളുടെ ഉറപ്പുള്ള പരാമർശകേന്ദ്രങ്ങൾ കിട്ടിയിട്ടുണ്ട്. അവയനുസരിച്ച് നിങ്ങൾക്കു തിരഞ്ഞെടുപ്പുകൾ നടത്താം. നിങ്ങളുടെ ജീവിതം കെട്ടിപ്പെടുത്താം. ചെറിയ മരത്തെപോലെയാണിത്. അതിനുവേരുകൾ ആഴത്തിലേക്കു പായിക്കാനും വലിയ വൃക്ഷമായിത്തീർന്നു ഫലങ്ങൾ പുറപ്പെടുത്താനും സാധിക്കുന്നതിനുമുമ്പ് നല്ല സംരക്ഷണമുണ്ടായിരിക്കണം.

**2. യേശുക്രിസ്തുവിൽ നടപ്പെട്ടും പണിയപ്പെട്ടും**

യേശുക്രിസ്തുവിൽ വേര് ഉറപ്പിക്കപ്പെട്ടും പണിത് ഉയർത്തപ്പെട്ടും, വിശ്വാസത്തിൽ ദൃഢതപ്രാപിക്കുക എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (cf. കൊളോ 2:7). വിശ്വാസികളുടെ ജീവിതത്തിൽ വിശ്വാസത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാണിക്കാൻ അദ്ദേഹത്തിന്റെ വാചകത്തിലെ മൂന്നു വാക്കുകളെക്കുറിച്ചു നിങ്ങളോടൊപ്പം ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മൂന്നു പ്രതിബിംബങ്ങൾ ആ പ്രസ്താവനയിൽ വേർതിരിച്ചുകാണാം. നടപ്പെട്ട് (വേരുറപ്പിക്കപ്പെട്ട്) ഇത് ഒരു മരത്തിന്റെയും അതിനെ തീറ്റിപ്പോറ്റുന്ന വേരുകളുടെയും ചിത്രം നമ്മുടെ മനസ്സിലേക്കു കൊണ്ടുവരുന്നു. പണിതുയർത്തപ്പെട്ട്: ഇത് പണിയപ്പെടുന്ന ഒരു വീടിന്റെ ചിത്രം അവതരിപ്പിക്കുന്നു: ദൃഢത. ഇത് ശാരീരികമോ ധാർമ്മികമോ ആയ ശക്തിയിലുള്ള വളർച്ച സൂചിപ്പിക്കുന്നു. ഈ പ്രതിബിംബങ്ങളെല്ലാം ശക്തിയുള്ളവയാണ്. ആ പ്രതിബിംബങ്ങളെക്കുറിച്ചു വിവരിക്കുന്നതിനുമുമ്പ് ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ആ മൂന്നു പ്രയോഗങ്ങളും വ്യാകരണപരമായി കർമ്മണി പ്രയോഗത്തിലാണ്. ക്രിസ്തുവാണ് വിശ്വാസികളെ നടുന്നതും പണിയുന്നതും ഉറപ്പിക്കുന്നതുമെന്നാണ് അതിന്റെ അർത്ഥം.

ഒന്നാമത്തെ പ്രതിബിംബം വേരുകളുടെ സഹായത്തോടെ ഉറച്ചു നിൽക്കുന്ന ഒരു മരത്തെ സൂചിപ്പിക്കുന്നു. വേരുകൾ അതിനെ നേരെ നിറുത്തുകയും പോഷിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വേരുകളില്ലാതിരുന്നാൽ അതു കാറ്റത്തു മറിഞ്ഞു വീണു നശിക്കും. നമ്മുടെ വേരുകൾ ഏവയാണ്? സ്വാഭാവികമായി നമ്മുടെ മാതാപിതാക്കളും കുടുംബങ്ങളും നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും നമ്മുടെ വ്യക്തിപരമായ തനിമയുടെ സുപ്രധാനഘടകങ്ങളാണ്. എന്നാൽ ബൈബിൾ വേറെ ഒരു ഘടകത്തെകൂടി വെളിപ്പെടുത്തുന്നു. ജറെമിയ ഇപ്രകാരം

എഴുതി: "കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ, അവന്റെ പ്രത്യാശ അവിടുന്നു തന്നെ. അവൻ ആറ്റുതീരത്തുനട്ട മരം പോലെയാണ്. അതു വെള്ളത്തിലേക്കു വേരൂന്നിയിരിക്കുന്നു. അതു വേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്, വരൾച്ചയുടെ കാലത്തും അതിന് ഉത്കണ്ഠയില്ല, അതു ഫലം നൽകിക്കൊണ്ടേയിരിക്കും" (ജറെ. 17:7–8). വേരുകൾ പായിക്കുകയെന്നതിന് പ്രവാചകൻ നൽകുന്ന അർത്ഥം ദൈവത്തിൽ ശരണം വയ്ക്കുകയെന്നാണ്. ദൈവത്തിൽ നിന്ന് നാം ജീവൻ വലിച്ചെടുക്കുന്നു. അവിടുത്തെ കൂടാതെ നമുക്കു ജീവിക്കാനാവുകയില്ല. "ദൈവം നമുക്ക് നിത്യജീവൻ തന്നു. ഈ ജീവൻ അവിടുത്തെ പുത്രനാണ്" (1യോഹ 5:11). യേശു തന്നെ പറയുന്നു താനാണ് നമ്മുടെ ജീവനെന്ന് (cf യോഹ. 14:6). തത്ഫലമായി, ചില സംഗതികൾ ശരിയാണെന്നു വിശ്വസിക്കൽ മാത്രമല്ല ക്രൈസ്തവ വിശ്വാസം. പിന്നെയോ അത് സർവ്വോപരി, യേശുവുമായുള്ള വ്യക്തിപരമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വത്തിനു മുഴുവനും പുതിയ ഊർജ്ജം നൽകുന്ന ദൈവപുത്രനുമായുള്ള ഒരു കണ്ടുമുട്ടലാണത്. നാം ക്രിസ്തുവുമായി വ്യക്തിപരമായി ബന്ധപ്പെടുമ്പോൾ അവിടുന്നു നമ്മുടെ തനിമ വെളിപ്പെടുത്തിത്തരും. അവിടുത്തെ സൗഹൃദത്തിൽ നമ്മുടെ ജീവൻ പൂർണമായ സാക്ഷാത്കാരത്തിലേക്കു വളരും. നമ്മൾ ചെറുപ്പത്തിലായിരിക്കുമ്പോൾ "എന്റെ ജീവിതത്തിന് എന്ത് അർത്ഥമുണ്ട്"? "എന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്ത്"? "ഞാൻ അതിനെ എങ്ങോട്ടു നയിക്കണം"? എന്നിങ്ങനെ ചോദിക്കുന്ന ഒരു നിമിഷമുണ്ടാകും. അതു സുപ്രധാനമായ നിമിഷമാണ്. ഞാൻ വീണ്ടും എന്റെ ചെറുപ്പകാലത്തെപ്പറ്റി ഓർക്കുന്നു. ഞാനൊരു വൈദികനാകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നുവെന്ന് വളരെ ചെറുപ്പത്തിലേ എനിക്കു തോന്നിയിരുന്നു. പിന്നീട് യുദ്ധകാലത്തിനുശേഷം, സെമിനാരിയിലും യൂണിവേഴ്സിറ്റിയിലും പഠിക്കുമ്പോൾ – ആ ലക്ഷ്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ – വീണ്ടും അക്കാര്യം തീർച്ചപ്പെടുത്തേണ്ടിവന്നു. എന്നോടു തന്നെ ഇങ്ങനെ ചോദിക്കേണ്ടിവന്നു. ഞാൻ സഞ്ചരിക്കാൻ ഉദ്ദേശിച്ച വഴി ഇതുതന്നെയാണോ? ഇതുതന്നെയാണോ എന്നെ സംബന്ധിച്ച് ദൈവത്തിനുള്ള ഇഷ്ടം! അവിടുത്തോടു വിശ്വസ്തത പുലർത്താനും പൂർണമായി അവിടുത്തെ സേവിക്കാനും എനിക്കു സാധിക്കുമോ? ഇത്തരമൊരു തീരുമാനത്തിലെത്തിച്ചേരാൻ തീർച്ചയായും ഒരാന്തരികസമരം നടത്തേണ്ടിവരും. പിന്നീട് തീർച്ചയുണ്ടായി. "ഇതാണ് ശരിയായ കാര്യം." അതേ കർത്താവിന് എന്നെക്കൊണ്ട് ആവശ്യമുണ്ട്. അവിടുന്ന് എനിക്കു ശക്തി നൽകും. ഞാൻ അവിടുത്തെ

ശ്രവിക്കുകയും അവിടുത്തോടൊപ്പം നടക്കുകയും ചെയ്താൽ ഞാൻ ഞാനായിത്തീരും. എന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണമല്ല, അവിടുത്തെ ഇഷ്ടം നിറവേറലാണ് കാര്യമായിട്ടുള്ളത്. ഇങ്ങനെ ജീവിതം യഥാർത്ഥമായിത്തീരുന്നു.

ഒരു വൃക്ഷത്തെ അതിന്റെ വേരുകൾ ഭൂമിയിൽ ഉറപ്പിച്ചുനിറുത്തുന്നതുപോലെ ഒരു വീടിന് അതിന്റെ അടിത്തറ ദീർഘകാലസ്ഥിരത നൽകുന്നു. ഒരു വീട് അതിന്റെ അടിത്തറയിൽ പണിതുയർത്തുന്നതുപോലെ വിശ്വാസത്തിലൂടെ നാം യേശുക്രിസ്തുവിൽ പണിതുയർത്തപ്പെടുന്നു. ദൈവവചനത്തിൽ വീടു പണിത വിശുദ്ധരുടെ ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം. ഒന്നാമത്തെയാൾ അബ്രാഹമാണ്. വിശ്വാസത്തിൽ നമ്മുടെ പിതാവാണ് അദ്ദേഹം. പിതാക്കന്മാരുടെ നാട് ഉപേക്ഷിച്ച് അജ്ഞാതമായ നാട്ടിലേക്ക് പോകാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അത് അനുസരിച്ചു. "അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അദ്ദേഹത്തിന് നീതിയായി കരുതപ്പെട്ടു. അദ്ദേഹം ദൈവത്തിന്റെ സുഹൃത്തെന്നു വിളിക്കപ്പെടുകയും ചെയ്തു" (യാക്കോ 2:23). യേശുക്രിസ്തുവിൽ പണിയപ്പെടുകയെന്നതിന്റെ അർത്ഥം ദൈവത്തിന്റെ വിളിയോട് ഭാവാത്മകമായി ഉത്തരം പറയുകയും ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ വചനം പ്രാവർത്തികമാക്കുകയും ചെയ്യുകയെന്നതാണ്. യേശുതന്നെ തന്റെ ശിഷ്യന്മാരെ ശാസിച്ചിട്ടുണ്ട്. "നിങ്ങൾ കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുകയും ഞാൻ പറയുന്നത് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്"? (ലൂക്കാ 6:46). വീടു പണിയുന്നതിന്റെ ഉപമ അവിടുന്നു തുടർന്നു പറഞ്ഞു: "എന്റെയടുത്തു വന്ന് എന്റെ വചനം കേൾക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവൻ ആർക്കു സദൃശനാണെന്നു ഞാൻ വ്യക്തമാക്കാം. ആഴത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് വീടു പണിത മനുഷ്യനോടു സദൃശനാണവൻ. വെള്ളപ്പൊക്കമുണ്ടാവുകയും ഒഴുക്ക് അതിൻമേൽ ആഞ്ഞടിക്കുകയും ചെയ്തു. എന്നാൽ ആ വീടിനെ ഇളക്കാൻ കഴിഞ്ഞില്ല. എന്തെന്നാൽ അതു ബലിഷ്ഠമായി പണിയപ്പെട്ടിരുന്നു" (ലൂക്ക 6:47-48). പ്രിയ സുഹൃത്തുക്കളേ, നിങ്ങൾ നിങ്ങളുടെ ഭവനം പാറമേൽ ആഴത്തിൽ കുഴിച്ച് അടിസ്ഥാനമിട്ട മനുഷ്യനെപ്പോലെ പണിയുവിൻ. ഓരോ ദിവസവും ക്രിസ്തുവിന്റെ വാക്ക് അനുസരിക്കുവിൻ. നിങ്ങളുടെ ജീവിതപഥത്തെക്കുറിച്ച് പറയാവുന്ന ഒരു യഥാർത്ഥ സുഹൃത്തിനോടെന്നപോലെ അവിടുത്തെ ശ്രവിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കൂട്ടത്തിലുണ്ടെങ്കിൽ നിങ്ങൾക്ക് പ്രയാസങ്ങളെയും പ്രശ്നങ്ങളെയും കീഴടക്കാൻ ധൈര്യവും പ്രത്യാശയുമു

ണ്ടാകും. മോഹഭംഗങ്ങളെയും പരാജയങ്ങളെയും കീഴടക്കാനാവും. കൂടുതൽ എളുപ്പവഴികൾ നിങ്ങൾക്ക് എപ്പോഴും നൽകപ്പെടുന്നു. പക്ഷേ, അവ ആത്യന്തികമായി വഞ്ചനനിറഞ്ഞവയാണ്. പ്രശാന്തതയും സന്തോഷവും നൽകാൻ അവയ്ക്കു കഴിവില്ല. യഥാർത്ഥ വഴി കാണിച്ചുതരാൻ ദൈവവചനത്തിനേ കഴിയൂ. നാം സ്വീകരിച്ച ദീപം മാത്രമേ നമ്മുടെ വഴിയിൽ പ്രകാശം ചൊരിയുകയുള്ളൂ. നിങ്ങളുടെ കുടുംബങ്ങളിൽ നിന്നു സ്വീകരിച്ച ഈ ആധ്യാത്മിക ദാനത്തെ നന്ദിയോടെ സ്വീകരിക്കുവിൻ. ദൈവത്തിന്റെ വിളിയോട് ഉത്തരവാദിത്വബോധത്തോടെ പ്രത്യുത്തരിക്കുവിൻ. വിശ്വാസത്തിൽ വളരാൻ പരിശ്രമിക്കുവിൻ. നിങ്ങളുടെ ജീവിതം പടുത്തുയർത്താൻ ആരുടെയും സഹായം വേണ്ടെന്നു പറയുന്നവരെ വിശ്വസിക്കരുത്. നിങ്ങളുടെ പ്രിയപ്പെട്ടവരുടെ വിശ്വാസത്തിൽ, സഭയുടെ വിശ്വാസത്തിൽ പിന്തുണകണ്ടെത്തുവിൻ. നിങ്ങൾക്ക് അതു ലഭിച്ചതിലും അതു നിങ്ങൾക്ക് സ്വന്തമാക്കാൻ കഴിഞ്ഞതിലും കർത്താവിനു നന്ദി പറയുവിൻ.

### 3. വിശ്വാസത്തിൽ ദൃഢത

നിങ്ങൾ യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ട് പണിതുയർത്തപ്പെട്ടവരാണ്, വിശ്വാസത്തിൽ ദൃഢതയുള്ളവരാണ് (cf കൊളോ 2:7). കൊളോസോസിലെ ക്രിസ്ത്യാനികൾക്കു സവിശേഷമായ ഒരാവശ്യമുണ്ടായപ്പോൾ അതിനോടു പ്രത്യുത്തരിക്കാൻ വേണ്ടി വി. പൗലോസ് എഴുതിയ വാക്കുകളാണിവ. ആ സമൂഹം ചില സാംസ്കാരിക പ്രവണതകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു. അവ ആളുകളെ വിശ്വാസത്തിൽ നിന്ന് അകറ്റിക്കൊണ്ടിരുന്നു. പുരാതനകാലത്തെ കൊളോസോസിനുണ്ടായിരുന്നവരുടെ സാംസ്കാരിക സാഹചര്യത്തിൽ നിന്നു വ്യത്യസ്തമല്ല നമ്മുടെ സാഹചര്യം. അത് ദൈവത്തെ കൂടാതെ ഒരു തരം "പറുദീസാ" സൃഷ്ടിക്കാമെന്ന് അവകാശപ്പെടുകയും അതിനായി ശ്രമിക്കുകയും ദൈവത്തെ മനുഷ്യരുടെയും സമൂഹത്തിന്റെയും ജീവിതത്തിൽനിന്നു പുറമ്പോക്കിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. സുശക്തമായ മതവിരുദ്ധ ചിന്തകൾ ഇന്നുണ്ട്. പക്ഷേ, ദൈവത്തെ കൂടാത്ത ലോകം "നരക"മായിരിക്കുമെന്ന് അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. ആ ലോകം സ്വാർത്ഥത നിറഞ്ഞതും തകർന്ന കുടുംബങ്ങളുള്ളതും, വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും വിദ്വേഷം പുലർത്തുന്നതും സ്നേഹം, സന്തോഷം, പ്രത്യാശ എന്നിവയുടെ അഭാവമുള്ളതുമായ ലോകമാണ്. നേരെമറിച്ച്, വ്യക്തികളും രാഷ്ട്രങ്ങളും ദൈവത്തെ അംഗീകരിക്കുകയും സത്യത്തിൽ അവിടുത്തെ ആരാധിക്കുകയും അവിടുത്തെ സ്വരം കേൾക്കുകയും ചെയ്യുമ്പോൾ സ്നേഹസംസ്കാരം പടുത്തു

യർത്തപ്പെടും. ആ സംസ്കാരത്തിൽ എല്ലാവരുടെയും മഹത്ത്വം ആദരിക്കപ്പെടും. കൂട്ടായ്മ അതിന്റെ എല്ലാ ഉപകാരങ്ങളോടും കൂടി വർദ്ധിക്കും. എന്നാലും ചില ക്രിസ്ത്യാനികൾ മതവിരുദ്ധതയിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. യേശുവിലുള്ള വിശ്വാസത്തിൽനിന്നു മാറിപ്പോകാൻ ചില മതചിന്തകൾ പ്രേരിപ്പിക്കുന്നുമുണ്ട്. ചിലർ അത്തരം ആകർഷണങ്ങൾക്കു വിധേയരാകുന്നില്ലെങ്കിലും വിശ്വാസം തണുത്തുപോകാൻ അനുവദിക്കുന്നു, അതിന്റെ നിഷേധാത്മകഫലം അവരുടെ ധാർമ്മിക ജീവിതത്തിൽ പ്രത്യക്ഷപ്പെടും.

സുവിശേഷത്തിന് അന്യമായ ആശയങ്ങളാൽ സ്വാധീനിക്കപ്പെടുന്ന ക്രിസ്ത്യാനികളോട് വി. പൗലോസ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ശക്തിയെപ്പറ്റി പറയുന്നു. ഈ രഹസ്യമാണ് നമ്മുടെ ജീവിതത്തിന്റെ അടിത്തറയും ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രവും. അതിനെ അവഗണിക്കുകയും അത് "വിഡ്ഢിത്ത"മാണെന്നു കരുതുകയും ചെയ്യുന്ന എല്ലാ തത്ത്വശാസ്ത്രത്തിനും മനുഷ്യഹൃദയത്തിലെ വലിയ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുകയില്ല. അപ്പസ്തോലനായ പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ നിങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ ഞാനും ആഗ്രഹിക്കുന്നു (cf ലൂക്ക 22:32). യേശു കുരിശിൽ മരിച്ചത് നമുക്കു സ്നേഹം നൽകാനാണെന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. അവിടുത്തെ പീഡാസഹനത്തിൽ അവിടുന്ന് നമ്മുടെ കഷ്ടതകൾ വഹിച്ചു. നമ്മുടെ പാപങ്ങൾ ഏറ്റെടുത്തു, നമുക്കായി പാപപ്പൊറുതി സമ്പാദിച്ചു, നിത്യജീവനിലേക്കുള്ള വഴി നമുക്കായി തുറന്നുകൊണ്ട് പിതാവായ ദൈവത്തോട് നമ്മെ അനുരഞ്ജിപ്പിച്ചു. അങ്ങനെ നമ്മുടെ ജീവിതത്തെ ഏറ്റവും ഭാരപ്പെടുത്തിയിരുന്ന പാപത്തിന്റെ അടിമത്തത്തിൽ നിന്നു നമ്മെ രക്ഷിക്കുകയും ചെയ്തു. നമുക്ക് എല്ലാവരെയും, ശത്രുക്കളെപ്പോലും സ്നേഹിക്കാൻ കഴിയും. നമ്മുടെ സഹോദരീസഹോദരന്മാരിൽ ഏറ്റവും ദരിദ്രരായവർക്കും പ്രയാസങ്ങൾ അനുഭവിക്കുന്നവർക്കും ആ സ്നേഹം പങ്കുവയ്ക്കാനും കഴിയും. പ്രിയ സുഹൃത്തുക്കളേ, കുരിശു നമ്മെ മിക്കപ്പോഴും ഭയപ്പെടുത്തുന്നുണ്ട്. അത് ജീവിതനിഷേധമായി തോന്നാറുണ്ട്. യഥാർത്ഥത്തിൽ അതിനു വിപരീതമായിട്ടുള്ളതാണു ശരി. അത് ദൈവം മനുഷ്യവംശത്തോടു പറയുന്ന "അതേ" ആണ്. അവിടുത്തെ സ്നേഹത്തിന്റെ പരമോന്നതമായ പ്രകാശനമാണ്. നിത്യജീവൻ ഒഴുക്കുന്ന സ്രോതസ്സാണ്. കുത്തിത്തുറക്കപ്പെട്ട ഹൃദയവുമായി കുരിശിൽക്കിടക്കുന്ന യേശുവിൽ നിന്നാണ് ദൈവിക ജീവൻ ഒഴുകിവരുന്നത്. ക്രൂശിതനിലേക്കു നോക്കുന്ന ആർക്കും അത് അഭിഗമ്യമാണ്. അതുകൊണ്ട്

ക്രിസ്തുവിന്റെ കുരിശിനെ ആശ്ലേഷിക്കാൻ ഞാൻ നിങ്ങളെ നിർബ ന്ധിക്കുന്നു. അത് ദൈവസ്നേഹത്തിന്റെ അടയാളമാണ്. പുതിയ ജീവന്റെ ഉറവിടമാണ്. ഉത്ഥിതനായ ക്രിസ്തുവിനെക്കൂടാതെ രക്ഷയി ല്ല. ലോകത്തെ തിന്മയിൽ നിന്നു രക്ഷിക്കാനും നമ്മൾ എല്ലാവരും ആഗ്ര ഹിക്കുന്ന നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ദൈവരാജ്യം വളർത്താനും അവിടുത്തേക്കു മാത്രമേ കഴിയൂ.

### 4. യേശുവിനെ കാണാതെതന്നെ വിശ്വസിക്കുക

കുരിശിന്റെ രഹസ്യവും ക്രിസ്തുവിന്റെ ഉത്ഥാനവും അംഗീക രിച്ചപ്പോൾ മാർത്തോമ്മാ ശ്ലീഹായ്ക്കുണ്ടായ വിശ്വാസാനുഭവം സുവി ശേഷത്തിൽ വിവരിച്ചിട്ടുണ്ട്. പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ക്രിസ്തുവിനെ അദ്ദേഹം അനുഗമിച്ചു. അവിടുന്നു ചെയ്ത അദ്ഭുതകൃത്യങ്ങളും സൗഖ്യദാനവുമെല്ലാം അദ്ദേഹം നേരിട്ടുകണ്ടു. അവിടുത്തെ വാക്കുകൾ കേട്ടു. അവിടുത്തെ മരണത്തിൽ വിസ്മയി ക്കുകയും ചെയ്തു. ഈസ്റ്റർ ദിവസം സായാഹ്നസന്ധ്യയിൽ ക്രിസ്തു ശിഷ്യർക്ക് കാണപ്പെട്ടു. അപ്പോൾ അദ്ദേഹം അവിടെയില്ലായിരുന്നു. ക്രിസ്തുജീവിച്ചിരിക്കുന്നുവെന്നും കാണപ്പെട്ടുവെന്നും പറഞ്ഞത് അദ്ദേഹം വിശ്വസിച്ചില്ല. "അവന്റെ കൈകളിൽ ആണികളുടെ പഴുതു കൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വ സിക്കുകയില്ല" (യോഹ 20:25).

യേശുവിനെ കാണാനും സംസാരിക്കാനും അവിടുത്തെ സന്നിധ്യം കൂടുതൽ ശക്തമായി അനുഭവിക്കാനും നമ്മളും ആഗ്രഹി ക്കുന്നു. പലർക്കും ഇന്ന് യേശുവിനെ സമീപിക്കാൻ പ്രയാസമാണ്. ശാസ്ത്രീയമെന്ന് അവകാശപ്പെടുകയും ക്രിസ്തുവിന്റെ വ്യക്തി മഹ ത്ത്വത്തിൽ നിന്നും അനന്യതയിൽ നിന്നും ശ്രദ്ധമാറ്റുകയും ചെയ്യുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള വളരെയേറെ വീക്ഷണങ്ങൾ ഇന്നു പ്രചരി ക്കുന്നുണ്ട്. അതുകൊണ്ട് ഏറെക്കാലം പഠിക്കുകയും ചിന്തിക്കുകയും ചെയ്തിട്ട് യേശുവിനെ ഞാൻ കണ്ടുമുട്ടിയതിനെ സംബന്ധിച്ച് ഒരു ഗ്രന്ഥം രചിച്ച് എന്റെ അനുഭവം പങ്കുവയ്ക്കണമെന്നാണ് ഞാൻ വിചാ രിച്ചത്. ദൈവം തന്നെത്തന്നെ അറിയിക്കാൻ വേണ്ടി ആരിലൂടെ വന്നുവോ ആ ക്രിസ്തുവിനെ കാണാനും കേൾക്കാനും സ്പർശി ക്കാനും സഹായിക്കുന്നതിനായിട്ടാണ് അതു രചിച്ചത്. കർത്താവ് ഒരാഴ്ച കഴിഞ്ഞ് ശിഷ്യർക്ക് കാണപ്പെടുമ്പോൾ തോമസിനോടു പറഞ്ഞു: "നിന്റെ വിരൽ കൊണ്ടുവരുക. എന്റെ കൈകൾ കാണുക. നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ

വിശ്വാസിയായിരിക്കുക" (യോഹ 20:27). നമുക്കും യേശുവിനെ സ്പർശിക്കാൻ കഴിയും. അവിടുത്തെ പീഡാസഹനത്തിന്റെ അടയാളങ്ങളിൽ കൈകൾ വയ്ക്കാൻ കഴിയും. കൂദാശകളിലാണ് അവിടുന്ന് നമ്മിലേക്കു പ്രത്യേകമായി വരുന്നതും നമുക്കു തന്നെത്തന്നെ നൽകുന്നതും. യുവജനമേ, യേശുവിനെ ദിവ്യകാരുണ്യത്തിൽ "കാണുകയും" "കണ്ടുമുട്ടുകയും " ചെയ്യുവാനും ദിവ്യകാരുണ്യത്തിൽ അവിടുന്നു സന്നിഹിതനാണ്, നമ്മുടെ അടുത്ത് നിലകൊള്ളുന്നവനാണ്. അവിടുന്നു നമ്മുടെ യാത്രാഭക്ഷണമായിത്തീരുകപോലും ചെയ്യുന്നു. അനുരഞ്ജനകൂദാശയിൽ കർത്താവു തന്റെ കാരുണ്യം വെളിപ്പെടുത്തുന്നു. എപ്പോഴും ക്ഷമിക്കുകയും ചെയ്യുന്നു.  പാവപ്പെട്ടവരിലും രോഗികളിലും പ്രയാസം അനുഭവിക്കുന്ന സഹോദരീസഹോദരന്മാരിലും ആവശ്യത്തിൽപ്പെട്ടവരിലും യേശുവിനെ തിരിച്ചറിയുകയും സേവിക്കുകയും ചെയ്യുക.

യേശുവുമായി വ്യക്തിപരമായ സംവാദത്തിൽ ഏർപ്പെടുക, അതു വിശ്വാസത്തിൽ പരിപോഷിപ്പിക്കുക, സുവിശേഷങ്ങളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും വായിച്ച് അവിടുത്തെ കൂടുതൽ നന്നായിട്ട് അറിയുക. പ്രാർത്ഥനയിൽ അവിടുത്തോടു സംസാരിക്കുക. അവിടുന്നിൽ ശരണം വയ്ക്കുക. അവിടുന്ന് ആ ശരണത്തെ തള്ളിപ്പറയുകയില്ല. "വിശ്വാസം ഒന്നാമതായി ദൈവത്തോടുള്ള മനുഷ്യന്റെ വ്യക്തിപരമായ ഒട്ടിച്ചേരലാണ്. അതേ സമയം ദൈവം വെളിപ്പെടുത്തിയ മുഴുവൻ സത്യത്തെയും സ്വമനസ്സാ അംഗീകരിക്കലുമാണ്. ഈ ഒട്ടിച്ചേരലും അംഗീകാരവും വേർതിരിക്കാനാവാത്ത പ്രവൃത്തികളാകുന്നു" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 150). അങ്ങനെ നിങ്ങൾ പക്വവും ദൃഢവുമായ വിശ്വാസം നേടണം. അത് കേവലം മതാത്മകവികാരത്തിൽ അധിഷ്ഠിതമായിരിക്കരുത്, ബാല്യകാലത്തുപഠിച്ച വേദോപദേശത്തെക്കുറിച്ചുള്ള മങ്ങിയ ഓർമ്മയായിരിക്കരുത്. അപ്പോൾ നിങ്ങൾ ദൈവത്തെ അറിയും. അവിടുത്തോടുള്ള ഐക്യത്തിൽ യഥാർത്ഥ ജീവിതം നയിക്കും. "എന്റെ കർത്താവും എന്റെ ദൈവവവും" എന്ന് ഉദ്ഘോഷിച്ച തന്റെ ദൃഢവിശ്വാസം പ്രകടിപ്പിച്ച തോമ്മാശ്ലീഹായെപ്പോലെതന്നെ.

**5. സഭയുടെ വിശ്വാസത്താൽ പിൻതാങ്ങപ്പെട്ട് സാക്ഷികളാകാൻ**

യേശു തോമ്മാശ്ലീഹായോടു പറഞ്ഞു: "നീ എന്ന കണ്ടതുകൊണ്ടല്ലേ വിശ്വസിച്ചത്. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ 20:29). സഭ പിന്തുടരേണ്ട വഴിയെപ്പറ്റി അവിടുന്ന് ചിന്തിക്കുകയായിരുന്നു. ദൃക്സാക്ഷികളായ അപ്പസ്തോലന്മാരുടെ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വഴിയാണത്. അങ്ങനെ, ക്രിസ്തുവുമാ

യുള്ള സംഭാഷണത്തിൽ നിന്നുണ്ടാകുന്നതും ക്രിസ്തുവിലുള്ളതുമായ നമ്മുടെ വ്യക്തിപരമായ വിശ്വാസം സഭയുടെ വിശ്വാസവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല നമ്മൾ വിശ്വസിക്കുന്നത്. പിന്നെയോ മാമ്മോദീസ വഴി നാം വലിയൊരു കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ വ്യക്തിപരമായ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നത് സഭ ഏറ്റുപറയുന്ന വിശ്വാസമാണ്. ക്രിസ്തു വെളിപ്പെടുത്തിയതിൽ നിന്നു വ്യത്യസ്തമായ മറ്റൊരു ദൈവത്തിൽ വിശ്വസിക്കുകയെന്ന അപകടത്തിൽ നിന്ന് നാം ഞായറാഴ്ച കുർബാനയിൽ ഏറ്റുപറയുന്ന വിശ്വാസപ്രമാണം നമ്മെ രക്ഷിക്കുന്നു. ‘‘ഓരോ വിശ്വാസിയും അങ്ങനെ വിശ്വാസികളാകുന്ന മഹാശൃംഖലയുടെ ഒരു കണ്ണിയാണ്. മറ്റുള്ളവരുടെ വിശ്വാസത്താൽ സ്വാധീനിക്കപ്പെടാതെ എനിക്കു വിശ്വസിക്കാനാവുകയില്ല. എന്റെ വിശ്വാസം കൊണ്ടു മറ്റുള്ളവരെ ഞാൻ വിശ്വാസത്തിൽ താങ്ങി നിറുത്തുന്നു.'' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 166). സഭയെന്ന ദാനത്തെ പ്രതി നമുക്ക് കർത്താവിന് എപ്പോഴും നന്ദി പറയാം. എന്തെന്നാൽ നമുക്കു യഥാർത്ഥ ജീവൻ നൽകുന്ന വിശ്വാസത്തിൽ സുരക്ഷിതരായി മുന്നേറാൻ സഭ നമ്മെ സഹായിക്കുന്നു (cf യോഹ 20:31).

വിശുദ്ധരും രക്തസാക്ഷികളും ജീവത്യാഗം ചെയ്തുപോലും വിശ്വസ്തരായിരിക്കാനുള്ള ശക്തി ക്രിസ്തുവിന്റെ കുരിശിൽ നിന്നു സ്വീകരിച്ചുവെന്ന് സഭാചരിത്രത്തിൽനിന്നു നമുക്കറിയാം. അവർ തങ്ങളുടെ ദൗർബല്യത്തെയും എല്ലാ എതിർപ്പുകളെയും നേരിട്ട് കീഴടക്കാനുള്ള ശക്തി വിശ്വാസത്തിൽ കണ്ടെത്തി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ തന്നെ: “യേശു മനുഷ്യപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ മറ്റ് ആരാണ് ലോകം കീഴടക്കുന്നത്”? (1യോഹ 5:5). വിശ്വാസത്തിൽ നിന്നു ജനിക്കുന്ന വിജയം സ്നേഹത്തിന്റേതാണ്. പരസ്നേഹത്തിൽ പ്രകടിപ്പിക്കപ്പെടുന്ന വിശ്വാസത്തിന്റെ ശക്തിക്കു സാക്ഷ്യം വഹിക്കുന്ന അസംഖ്യം ക്രിസ്ത്യാനികളുണ്ടായിട്ടുണ്ട്. അവർ സമാധാനം സ്ഥാപിക്കുന്നവരും നീതി വളർത്തുന്നവരുമായിരുന്നു. കൂടുതൽ മാനുഷികമായ, ദൈവികപദ്ധതിക്കു ചേർന്ന, ഒരു ലോകം സൃഷ്ടിക്കാൻ വേണ്ടി അധ്വാനിച്ചവരാണ്. അവരെപ്പോലുള്ളവർ ഇന്നുമുണ്ട്. അവർ സമൂഹജീവിതത്തിന്റെ വിവിധ മേഖലകളിൽ വൈദഗ്ധ്യത്തോടെ പ്രവർത്തിച്ചു. എല്ലാവരുടെയും ക്ഷേമത്തിനുവേണ്ട സംഭാവന കാര്യക്ഷമമായി നൽകി. വിശ്വാസത്തിൽ നിന്നുണ്ടാകുന്ന പരസ്നേഹം, പ്രവൃത്തികളും വാക്കുകളും വഴിയുള്ള സാക്ഷ്യത്തിലേക്ക് അവരെ നയിച്ചു. നമുക്കു വേണ്ടി മാത്രമുള്ള ഒരു നിക്ഷേപമല്ല ക്രിസ്തു. നാം പങ്കുവ

യ്ക്കേണ്ട ഏറ്റവും വിലപിടിപ്പുള്ള നിക്ഷേപമാണ് ക്രിസ്തു. ആഗോള വത്ക്കരണത്തിന്റെ ഇക്കാലത്ത് നിങ്ങൾ ലോകത്തെങ്ങും ക്രൈസ്തവ പ്രത്യാശയുടെ സാക്ഷികളായിരിക്കണം. ഈ പ്രത്യാശ സ്വീകരിക്കാൻ എത്രയോ പേർ ആഗ്രഹിക്കുന്നു! നാലുദിവസം മുമ്പു മരിച്ചവനും താൻ ജീവനിലേക്കു വിളിക്കാൻ ഉദ്ദേശിച്ചവനുമായ ലാസറിന്റെ കല്ലറയ്ക്കടുത്തുനിന്ന് യേശു ലാസറിന്റെ സഹോദരിയായ മർത്തയോടു പറഞ്ഞു: "നീ വിശ്വസിച്ചാൽ ദൈവമഹത്വം കാണും" (cf യോഹ 11:40). അതുപോലെ നിങ്ങൾ വിശ്വസിക്കുകയും വിശ്വാസമനുസരിച്ച് ജീവിച്ച് അനുദിനം വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്താൽ നിങ്ങളെപ്പോലുള്ള മറ്റു യുവജനത്തെയും സഹായിക്കാൻ നിങ്ങൾക്കു കഴിയും. യേശുവിൽ നിന്നുണ്ടാകുന്ന ജീവിതത്തിന്റെ അർത്ഥവും സന്തോഷവും പകർന്നു നൽകാൻ സാധിക്കും.

### 6. മാഡ്രിഡിലെ ലോകയുവജനദിനത്തിലേക്ക്

പ്രിയ സുഹൃത്തുക്കളേ, മാഡ്രിഡിലെ ലോകയുവജന സമ്മേളനത്തിൽ പങ്കെടുക്കാൻ ഞാൻ നിങ്ങളെ വീണ്ടും ക്ഷണിക്കുന്നു. നിങ്ങളിൽ ഓരോരുത്തരെയും ഞാൻ വലിയ സന്തോഷത്തോടെ കാത്തിരിക്കുന്നു. സഭയിലൂടെ നിങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ യേശുക്രിസ്തു ആഗ്രഹിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാനും അവിടുത്തെ അനുഗമിക്കാനുമുള്ള തീരുമാനം അത്ര എളുപ്പമുള്ളതല്ല. വ്യക്തിപരമായ പരാജയങ്ങളും കൂടുതൽ എളുപ്പമുള്ള വഴികളിലേക്കു ക്ഷണിക്കുന്ന ശബ്ദങ്ങളും അതിനു തടസ്സമുണ്ടാക്കും. നിങ്ങൾ ധൈര്യം കൈവിടരുത്. മറിച്ച്, ക്രൈസ്തവസമൂഹത്തിന്റെ, അതായത് സഭയുടെ, പിന്തുണ അന്വേഷിക്കുക. ഈ വർഷം മുഴുവനും മാഡ്രഡിലെ സമ്മേളനത്തിനായി തയ്യാറാവുക. മെത്രാന്മാരും രൂപതയിലുള്ള വൈദികരും യുവജന ലീഡർമാരും ഇടവകസമൂഹങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും ആ തയ്യാറെടുപ്പിൽ പങ്കുചേരട്ടെ. നമ്മുടെ സമ്മേളനത്തിന്റെ ഗുണമേന്മ, സർവ്വോപരി, ആധ്യാത്മിക തയ്യാറെടുപ്പിനെ ആശ്രയിച്ചിരിക്കും. പ്രാർത്ഥന, പൊതുവായ ദൈവവചനശ്രവണം, പരസ്പരസഹായം എന്നിവ അതിൽ ഉൾപ്പെടുന്നു. പ്രിയയുവജനമേ, സഭ നിങ്ങളെ ആശ്രയിക്കുന്നു. നിങ്ങളുടെ  സജീവവിശ്വാസവും സർഗാത്മക പരസ്പരസ്നേഹവും പ്രത്യാശയുടെ ഉർജ്ജവും സഭയ്ക്ക് ആവശ്യമുണ്ട്. നിങ്ങളുടെ സാന്നിധ്യം സഭയെ നവീകരിക്കുകയും അവൾക്ക് വീണ്ടും യുവത്വം നൽകുകയും പുതിയ ഊർജ്ജം കൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ലോകയുവജനദിനം നിങ്ങൾക്കു മാത്രമല്ല ദൈവജനത്തിനു മുഴുവനും ഒരു കൃപയായിരിക്കുന്നത്. നിങ്ങളെ സ്വാഗതം

ചെയ്യാനും വിശ്വാസത്തിന്റെ സന്തോഷപ്രദമായ ഈ അനുഭവം പങ്കുവയ്ക്കാനും സ്പെയിനിലെ സഭ ഒരുങ്ങുകയാണ്. ഈ സംഭവത്തിനു വേണ്ടി ഒരുങ്ങുന്ന രൂപതകളെയും ഇടവകകളെയും ആരാധനാലയങ്ങളെയും സന്ന്യസ്തസമൂഹങ്ങളെയും സഭാത്മകസംഘടനകളെയും, പ്രസ്ഥാനങ്ങളെയും, കഠിനാധ്വാനത്തിൽ ഏർപ്പെട്ടിരിക്കുന്ന സകലരെയും ഞാൻ നന്ദി അറിയിക്കുന്നു. കർത്താവ് അവരെ അനുഗ്രഹിക്കാതിരിക്കുകയില്ല. തയ്യാറെടുപ്പിന്റെ ഈ വഴിയിൽ കന്യകാമറിയം നിങ്ങളോടൊപ്പം സഞ്ചരിക്കട്ടെ. മാലാഖ മംഗളവാർത്ത അറിയിച്ചപ്പോൾ അവൾ ദൈവവചനത്തെ വിശ്വാസത്തോടെ സ്വീകരിച്ചു. ദൈവം അവളിൽ നിർവഹിക്കാനിരുന്ന മഹാകൃത്യത്തിന് അവൾ സമ്മതം നൽകിയത് വിശ്വാസത്തോടെയാണ്. അവളുടെ സമ്മതം നൽകൽ വഴി അവൾ അളവറ്റ സ്നേഹം സ്വീകരിച്ചു. ദൈവത്തിന് പൂർണമായി സ്വയം സമർപ്പിക്കാൻ അവളെ അത് പ്രേരിപ്പിച്ചു. അവൾ നിങ്ങളിൽ ഓരോരുത്തർക്കും വേണ്ടി മദ്ധ്യസ്ഥത വഹിക്കട്ടെ. അങ്ങനെ നിങ്ങൾ ആസന്നമായ ലോകയുവജനദിനത്തിൽ വിശ്വാസത്തിലും സ്നേഹത്തിലും വളരാൻ ഇടയാകട്ടെ. എന്റെ പ്രാർത്ഥനകളിൽ പിതൃസഹജമായ സ്മരണ ഞാൻ ഉറപ്പുതരുന്നു. നിങ്ങൾക്ക് ഹൃദയംഗമമായ ആശീർവാദം നൽകുകയും ചെയ്യുന്നു.

വത്തിക്കാനിൽ നിന്ന്, 1 ആഗസ്റ്റ് 2010
കർത്താവിന്റെ മറുരൂപപ്പെടൽ തിരുനാൾ ദിവസം
**ബെനഡിക്ട് 16–ാമൻ മാർപാപ്പ**

## സെപ്റ്റംബർ 27 – ന് ആചരിക്കുന്ന 'ലോക ടൂറിസം ദിന'ത്തോട നുബന്ധിച്ച് പ്രവാസിക്ഷേമത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ പുറപ്പെടുവിക്കുന്ന സന്ദേശത്തിന്റെ സംഗ്രഹം

**(മലയാള പരിഭാഷ)**

### വിഷയം: ടൂറിസവും ജൈവവൈവിധ്യവും

ഭൂമി വിവിധങ്ങളായ ജീവ, ധാതു സമ്പത്തുകൾകൊണ്ടു സമ്പന്നമാണ്. എന്നാൽ ആധുനിക കാലഘട്ടത്തിൽ ഈ ജൈവവൈവിധ്യ സമ്പത്തിന്റെ നഷ്ടം സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ സൃഷ്ടിക്കുന്ന ആഘാതം വലുതാണ്. "സഹസ്രാബ്ദ വികസന ലക്ഷ്യം" എന്ന ആദർശം സൃഷ്ടിക്കുന്ന നിഷേധാത്മക സമീപനങ്ങളും ജൈവവൈവിധ്യ നഷ്ടത്തിനു കാരണമാകുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ജൈവവൈവിധ്യം നഷ്ടപ്പെടാതിരിക്കാനുള്ള മാർഗ്ഗങ്ങളെ കൂടുതൽ ഊന്നിപ്പറയുന്നതിന്റെ ഭാഗമായാണ് 'ലോക ടൂറിസം ദിന'ത്തോടനുബന്ധിച്ച് ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്.

സമകാലീനലോകത്തിൽ ജൈവസമ്പത്തിന്റെ നിലനിൽപിന് വെല്ലുവിളിയുയർത്തുന്ന മൂന്ന് കാരണങ്ങളാണ് കാലാവസ്ഥാവ്യതിയാനവും മരുഭൂമിവത്ക്കരണവും ജൈവവൈവിധ്യനഷ്ടവും. ആധുനിക മനുഷ്യന്റെ സ്വാർത്ഥതാപരമായ പ്രവർത്തനങ്ങളും ഈ കാരണങ്ങൾക്ക് ആക്കംകൂട്ടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ടൂറിസം അഥവാ വിനോദസഞ്ചാരമേഖല. ടൂറിസംമേഖലയുടെ ക്രമാതീതമായ വളർച്ച, ജൈവസമ്പത്തിന്റെ ചൂഷണങ്ങൾക്കും (ഉദാ:കുടിവെള്ളം) മാലിന്യപ്രശ്നങ്ങൾക്കും വഴിതുറക്കുമ്പോൾ അത് ജൈവവൈവിധ്യത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവുന്നു. പ്രകൃതി സൗന്ദര്യങ്ങളിലേക്കും ജൈവവൈവിധ്യങ്ങളിലേക്കും വിനോദസഞ്ചാരികൾ ആകർഷിക്കപ്പെടുന്നത് സാംസ്കാരിക വളർച്ചയ്ക്കും, സാമ്പത്തിക വ്യവസ്ഥയ്ക്കും നല്ലതാണെങ്കിലും ഈ മേഖലയിലുള്ള ക്രമാതീതമായ കടന്നുകയറ്റങ്ങൾ ജീവജാലങ്ങളുടെ സൈ്വര്യതയ്ക്കും അതുവഴി ജൈവ

സമ്പത്തിന്റേയും ജൈവവൈവിധ്യത്തിന്റേയും നഷ്ടത്തിന് കാരണ മാകുന്നു.

ഇത്തരമൊരു സാഹചര്യത്തിലാണ് അന്തർദ്ദേശീയ സമൂഹം അതിന്റെ ഗൗരവമായ ഇടപെടലുകൾ ചില പ്രഖ്യാപനങ്ങളിലൂടെ ഈ മേഖലയിൽ നടത്തിയത്. സഭയും അതിന്റെ നിർണ്ണായകമായ കാഴ്ച പ്പാടുകൾ, സഭാതലങ്ങളുടെ പരിധിയിൽനിന്നുകൊണ്ടുതന്നെ ഇതിനോട് ചേർത്തുവയ്ക്കാൻ ആഗ്രഹിക്കുന്നു. കാരണം സഭയ്ക്ക് സൃഷ്ടവസ്തു ക്കളോട് ഒരു ഉത്തരവാദിത്വമുണ്ട്. ഈ വിഷയത്തിൽ ചില സാങ്കേതിക നിർദ്ദേശങ്ങൾ നൽകാനല്ല, സഭ ശ്രമിക്കുന്നത്. മറിച്ച്, സൃഷ്ടവസ്തു ക്കളും സൃഷ്ടാവായ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളി ലേക്ക് വെളിച്ചംവീശുന്ന ചിന്തകൾ ഒരിക്കൽക്കൂടി പൊതുസമൂഹത്തിൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. സമഗ്രവും ആരോഗ്യപരവുമായ പരിസ്ഥി തിസംരക്ഷണം ഓരോ മനുഷ്യന്റേയും കടമയാണെന്ന്, സഭ പലപ്പോഴും പഠനങ്ങളിലൂടെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

"സത്യത്തിൽ സ്നേഹം" എന്ന ചാക്രികലേഖനത്തിൽ ബന ഡിക്ട് 16-ാമൻ മാർപാപ്പ സൂചിപ്പിച്ചതുപോലെ "യഥാർത്ഥത്തിൽ ഒരു വിശ്വാസി, പ്രകൃതിയിൽ ദൈവത്തിന്റെ അതിമനോഹരമായ സൃഷ്ട പ്രവർത്തനമാണ് തിരിച്ചറിയുന്നത്. തന്മൂലം സൃഷ്ടപ്രപഞ്ചത്തിന്റെ സംന്തുലിതാവസ്ഥയ്ക്ക് ഭംഗംവരാതെ അവയെ ഉപയോഗിക്കാനും അതി ലൂടെ പാവങ്ങളോടും വരും തലമുറയോടും മനുഷ്യവംശത്തോടുമുഴു വനും ഉള്ള ഉത്തരവാദിത്വം നിർവ്വഹിക്കാനും അവന് കഴിയും." അതു കൊണ്ടുതന്നെ വിനോദസഞ്ചാരമേഖല ഈ വാക്കുകൾക്ക് ചെവികൊ ടുക്കണം.

മനുഷ്യന് പ്രകൃതിയുമായുള്ള ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ വിനോദസഞ്ചാരമേഖല പ്രകൃതിയെ വിലമതി ക്കാനും ആദരിക്കാനുമുള്ള പരിശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കാരണം, വ്യക്തി ജീവിതത്തിന്റെ ശാന്തതയും സമാധാനവും ആർജ്ജ വത്വവും അടങ്ങിയിരിക്കുന്നത് പ്രകൃതിയുടെ സൗന്ദര്യത്തിലും ക്രമത്തിലും താളത്തിലുമാണ്. പ്രകൃതിയെ നമ്മൾ ആദരിക്കുമ്പോൾ പ്രകൃതിയിലൂടെ ദൈവം അതിന്റെ സൃഷ്ടികളേയും സംരക്ഷിക്കുക യാണെന്ന് നാം മനസ്സിലാക്കണം. ദൈവാന്വേഷണത്തിന്റെ പാതയിൽ ദൈവമെന്ന രഹസ്യത്തോട് കൂടുതൽ അടുക്കാനുള്ള സ്റ്റാർട്ടിംഗ് പോയിന്റാണ് പ്രകൃതി. പ്രകൃതിയും ജൈവവൈവിധ്യങ്ങളും സൃഷ്ടാ വിനെത്തന്നെ വെളിപ്പെടുത്തുന്ന സംവിധാനങ്ങളാണ്; അതായത്

ദൈവംതന്നെ അതിൽ അന്തർലീനമായിരിക്കുന്നു (വിജ്ഞാനം-13:5, 13:3). അതുകൊണ്ടുതന്നെ പ്രകൃതിസൗന്ദര്യങ്ങളിലേക്ക് മനുഷ്യനെ ആകർഷിക്കുന്നത്, ഒരുവനിലെ ആത്മീയ അനുഭവത്തെ വളർത്തുന്ന അവസരമായി ടൂറിസം കാണണം.

ഈചിന്തകളെല്ലാംതന്നെ ടൂറിസവും ജൈവവൈവിധ്യവും തമ്മിൽ രൂപപ്പെടേണ്ട ബന്ധത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതിന് ടൂറിസത്തിൽ ഉൾപ്പെടുന്ന സർക്കാർ, സർക്കാരിതര ഏജൻസികൾ ദീർഘവീക്ഷണത്തോടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കണം. സാമ്പത്തിക നേട്ടത്തോടൊപ്പം, ജൈവവൈവിധ്യം സംരക്ഷിക്കുന്ന സാമൂഹ്യസംവിധാനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കണം. പ്രകൃതിയിന്മേലുള്ള സ്വാധീനങ്ങളെക്കുറിച്ച് ജൈവസംവിധാനങ്ങളെ, പരിസ്ഥിതിയെ മുഴുവനായും തന്നെ പരിപോഷിപ്പിക്കുന്ന വ്യാവസായികത്വം നടപ്പാക്കാൻ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കണം. ടൂറിസം മേഖലയുടെ ഭാഗമാകുന്ന വിനോദസഞ്ചാരികൾക്കും, ഈ മേഖലയിൽ നിക്ഷേപം നടത്തുന്ന സംരംഭകർക്കും ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം തക്കതായ സമയങ്ങളിൽ നൽകാൻ സാധിക്കണം. ഒരു സ്ഥലത്തിന്റെ വികസനത്തിന് കാരണമായേക്കാവുന്ന സംരംഭങ്ങളിൽ ഏർപ്പെടുമ്പോഴും അതിന്റെ മറവിൽ പ്രകൃതി ദൃശ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളും സാംസ്കാരിക പൈതൃകങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലങ്ങളും നശിപ്പിക്കപ്പെടാൻ അനുവദിച്ചുകൂടാ. അജപാലനശുശ്രൂഷയുടെ തലങ്ങളിൽ ടൂറിസത്തെ ഉൾപ്പെടുത്തി, ജൈവവൈവിധ്യം വെളിപ്പെടുത്തുന്ന ദൈവിക വെളിപാടിലേക്ക് ഒരു വിനോദസഞ്ചാരിയുടെ ഹൃദയത്തെ ഉണർത്താനുള്ള അവബോധം നൽകണം. അപ്പോൾ സങ്കീർത്തകനോടൊപ്പം വിനോദസഞ്ചാരിയുടെ ഹൃദയത്തിനും മന്ത്രിക്കാനാവും, “ഓ ദൈവമേ ഭൂമിയിലെങ്ങും നിന്റെ നാമം എത്ര മഹനീയം” (സങ്കീ. 8:2).

# രൂപതാകച്ചേരി വാർത്തകൾ

**ഒക്ടോബർ മാസാചരണം**

പരി. അമ്മയോടൊപ്പമുള്ള ജപമാല പ്രാർത്ഥനയ്ക്കായി പ്രത്യേകം മാറ്റി വച്ചിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ മാസം. ലോക സമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും ക്രൈസ്തവ ഐക്യത്തിനും വേണ്ടി ജപമാല പ്രാർത്ഥന ചൊല്ലുവാനുള്ള ഭാഗ്യസ്മ രണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം നമുക്ക് അനുസ്മരിക്കാം. ഒക്ടോബർ മാസത്തിൽ പതിവുപോലെ 10 ദിവസം നമ്മുടെ ദേവാലയങ്ങളിൽ ദിവ്യകാരുണ്യ നാഥന്റെ സന്നിധി യിൽ ജപമാല പ്രാർത്ഥന നടത്തുകയും, നമ്മുടെ വ്യക്തിപരമായ നിയോഗത്തോടൊപ്പം ലോകസമാധാനത്തിനും കുടുംബങ്ങളുടെ നില നിൽപ്പിനും ലോകസമാധാനത്തിനും നമ്മുടെ രൂപതയാകുന്ന കുടും ബത്തിന്റെ ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾക്കുംവേണ്ടി മാതാവിന്റെ മാദ്ധ്യസ്ഥം പ്രത്യേകം അപേക്ഷിക്കുകയും ചെയ്യാം.

**മിഷൻ ഞായർ**

ഒക്ടോബർ 24-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായ റായി ആഗോളസഭ ആചരിക്കുന്നത്. മിഷൻ രംഗങ്ങളിൽ സേവനം ചെയ്യുന്ന ഏവരേയും ഓർക്കുകയും അവർക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യാം. യേശുവിന്റെ സുവിശേഷം എല്ലാ ജനങ്ങ ളെയും അറിയിക്കുവാനുള്ള ദൗത്യത്തെക്കുറിച്ച് നമുക്ക് കൂടുതൽ ബോധ്യമുള്ളവരാകുകയും നമ്മുടെ ജീവിതസാക്ഷ്യം വഴിയായി മറ്റു ള്ളവരെ യേശുവിന്റെ പക്കലേയ്ക്ക് ആകർഷിക്കുവാൻ പരിശ്രമിക്കു കയും ചെയ്യാം. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച കഴിവതും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**വിയാനി ഫണ്ട്**

നമ്മുടെ അല്മായ സഹോദരങ്ങളുടെ സംരംഭമായ വിയാനി ഫണ്ട് ഇതുവരെ 75 ഇടവകകളിൽ നിന്നും മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കിയുള്ള ഇടവകകളിൽ നിന്നും കഴിവതും വേഗം എത്തിച്ചുതരുമല്ലോ. ഡിസംബർ മാസത്തെ ബുള്ളറ്റിനിൽ വിയാനിഫണ്ട് തന്ന ഇടവകകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**മോൺ. തോമസ് മൂലക്കുന്നേൽ - സ്നേഹാനുസ്മരണം**

നമ്മുടെ രൂപതയുടെ പ്രഥമ വികാരി ജനറാളായിരുന്ന, രൂപതയുടെ ആരംഭകാലം മുതൽ രൂപതയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി നിസ്വാർത്ഥസേവനം ചെയ്ത മോൺ. തോമസ് മൂലക്കുന്നേലച്ചന്റെ ചരമദിനം നവംബർ 3-ാം തീയതിയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിലും കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം. അന്നേദിവസം രാവിലെ 7 മണിക്ക് സിയോൻ ചാപ്പലിൽ വച്ച് അച്ചനുവേണ്ടി വി.കുർബാനയും ഒപ്പീസും ഉണ്ടായിരിക്കും.

**ആശംസകൾ**

റോമിൽ ഉപരിപഠനത്തിനായി പോയിരിക്കുന്ന ബഹു. ജോജോ കുടക്കച്ചിറയച്ചനും, ദൈവശാസ്ത്രപഠനത്തിനായി പോയിരിക്കുന്ന ബ്രദർ അനൂപ് കാളിയാനി, ബ്രദർ ആന്റോ ചിറയിൽപറമ്പിൽ എന്നിവർക്കും വിജയാശംസകൾ.

അവരുടെ അഡ്രസ്സ് താഴെ ചേർത്തിരിക്കുന്നു.

**Rev. Fr. Jojo Kudakkachira**
Collegium Lateranense
"Beato Giovanni XIII
Viale Alessandrino 675, 00172 ROMA
Tel: 0039-06-25101528, 0039-06-251011,
Fax: 0030-06-2184251, Mob: 0039-3312947277
E-mail: jokudakkachira@gmail.com

**Bro. Anoop Kaliyaniyil**
Pontificio Collegio Internazionale
"Maria Mater Ecclesiae"
Via Aurelia 737, 00165 Rome, Italy
Tel: 0039-06-665261, Fax: 0039-06-66-6621392
Mob: 0039 - 3317841907
E-mail: anoopkaliyaniyil@gmail.com

**Bro. Anto Chirayilparambil**
Collegio Urbano de Propaganda fide
Via urbano VIII, 16
00165 Roma, Italy
E-mail: antochira@gmail.com
Mob: 0039327841620

**അഭിനന്ദനങ്ങൾ**

റോമിൽ ഉർബാനിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവ ശാസ്ത്രത്തിൽ ബിരുദവും ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് കാനൻ നിയമത്തിൽ ലൈഷ്യൻസിയേറ്റും വളരെ വിജയകരമായി പൂർത്തിയാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന ഡീക്കൻ സിജിഷ് പുല്ലൻകുന്നേലിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഡിസംബർ 30–ന് തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന അദ്ദേഹത്തിന് എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുകയും ചെയ്യുന്നു.

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ ഒരു വർഷക്കാലത്തിലേറെ നിരവിൽപ്പുഴ സെന്റ് ഏലിയാസ് പള്ളിയിൽ വികാരിയായി സേവനമനുഷ്ഠിച്ചശേഷം ഗൂഡല്ലൂർ മോർണിംഗ് സ്റ്റാർ സ്കൂളിന്റെ പ്രിൻസിപ്പലായി സ്ഥലംമാറിപോയ ബഹു. കളപ്പുരയിൽ മാത്യു സി.എം.ഐ. അച്ചന് നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. പുതുതായി തൽസ്ഥാനത്ത് നിയമിതനായിരിക്കുന്ന ബഹു. എമ്മാനുവേൽ കണ്ണംപള്ളി സി.എം.ഐ. അച്ചന് ഹൃദ്യമായ സ്വാഗതം.

## Appointments

Rev. Fr. Joseph Kattamkottil - Asst. Vicar, Nadavayal
Rev. Fr. Emmanuel Kannampallil CMI - Pro. Vicar, Niravilpuzha

**പുതിയ ഫോൺ നമ്പർ**

| | |
|---|---|
| ശാന്തിഗിരി പള്ളി | – 0490 –2569100, 04902414277 |
| ഫാ. സെബാസ്റ്റ്യൻ കീഴേത്ത് Mob. | – 9447820798 |
| ഫാ. ജിജോ വാത്തേലി Mob. | – 09483825200 |

## Blogsite Address

Ambayathode Church : stgeorgechurchambathode.blogspol.com
Ambayathode school: ambayathodeupschool.blogspot.com

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# A. R. T. ബിൽ

## Assisted Reproductive Technology Bill

കേന്ദ്രസർക്കാർ പുതിയതായി നടപ്പിലാക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള അസിസ്റ്റെറ്റ് റിപ്രൊഡക്ടീവ് ടെക്നോളജി ബിൽ 2008 ദൂരവ്യാപകമായ ദുരന്തഫലങ്ങൾ ഉളവാക്കുന്നതാണ്. മനുഷ്യകുലത്തിന്റെ തന്നെ നാശത്തിനു കാരണമാകുന്ന ഒരു വിഷയത്തെ ഈ നിയമത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത് അത്യന്തം അപകടകരമായ കാര്യമാണ്. എംടിപി നിയമം (Medical Termination of Pregnancy Act). നടപ്പിലായപ്പോൾ നമ്മുടെ സമൂഹത്തിനു സംഭവിച്ച ദുരന്തങ്ങളെപ്പറ്റി ഈ അവസരത്തിൽ നാം ഓർക്കുന്നതും നല്ലതാണ്.

വന്ധ്യത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടിയെന്ന വ്യാജേന കൊണ്ടുവരുന്ന ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംശയാസ്പദമാണ്. ഇതിൽ പറയുന്ന പല കാര്യങ്ങളുടെയും യഥാർത്ഥ ലക്ഷ്യം മറ്റുചിലതാണെന്ന് നമുക്ക് ആവർത്തിച്ചുള്ള വായനയിൽ ബോധ്യപ്പെടുന്നതാണ്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി രാജ്യത്താകമാനം 1). എആർടി ക്ലിനിക്കുകൾ, 2). സെമൻ ബാങ്കുകൾ, 3). വിത്തുകോശങ്ങളുടെ മേലുള്ള പരീക്ഷണങ്ങൾക്കുവേണ്ടിയുള്ള ലബോറട്ടറികൾ (ഇത് ലോകത്തിലെ ബഹുപൂരിപക്ഷം രാഷ്ട്രങ്ങളിലും നിരോധിച്ചതുമാണ്) മുതലായവ വ്യാപകമായി സ്ഥാപിക്കപ്പെടും. 4). വാടക ഗർഭപാത്രവും വാടക അമ്മയും സർവ്വസാധാരണമായ കാഴ്ചയായി മാറും. 5). മനുഷ്യവംശത്തിന്റെ നിലനിൽപ്പിന്റെ ആധാരം കുടുംബമാണ്. എന്നാൽ ഇതിന് വിപരീതമായി കുടുംബസംവിധാനത്തിൽ ഭാര്യയുടെയും ഭർത്താവിന്റെയും പരസ്പര സ്നേഹത്തിലും, ദൈവവുമായുള്ള ദമ്പതികളുടെ ഐക്യത്തിലും സ്വന്തം ഭാര്യയുടെ ഉദരത്തിൽ രൂപം കൊള്ളേണ്ടതും, ഈയൊരുദാമ്പത്യത്തിന്റെ തന്നെ ഭാഗമായിരുന്നുകൊണ്ട് ഗർഭിണിയുടെ ഉദരത്തിൽ വെച്ചുതന്നെ പ്രാഥമികമായ സ്വഭാവ രൂപവൽക്കരണം നടന്ന് ജനിക്കേണ്ടതുമായ ഒരു കുട്ടി (ജീവൻ), ഫാക്ടറിയിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ഒരു ഉല്പന്നത്തിന്റെ നിലവാരത്തിലേയ്ക്ക് മാറ്റപ്പെടുന്നു. (ART bill 2008 1/2/j)

ജീവനെ (ഭ്രൂണത്തെ) ജനനംവരെയോ നശിപ്പിക്കപ്പെടുന്നതുവരെയോ ഉള്ള ഒരു ഉല്പ്പന്നം മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. (4/21 (1,2,4)] പേരു സൂചിപ്പിക്കുന്നതുപോലെതന്നെ സ്വാഭാവിക പ്രത്യുല്പാദന പ്രക്രിയയിലേക്ക് ഉപകരണങ്ങളും വ്യക്തികളും, മറ്റു സംവിധാനങ്ങളും കടന്നുവരികയാണ്. ഇത് വ്യഭിചാരത്തെ പോളീഷ് ചെയ്യലാണ്. ഒരു കുഞ്ഞിന്റെ വ്യക്തിത്വം, പിതൃത്വം, മാതൃത്വം എന്നിവ പല വ്യക്തികളിലേക്കായി നീണ്ടുചെല്ലുകയാണ് ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി സംഭവിക്കുന്നത്. ജനിതക പിതാവ്, സംരക്ഷിതപിതാവ്, ജനിതക അമ്മ, വളർത്തമ്മ എന്നിങ്ങനെ ഒരു കുട്ടിയുടെ വ്യക്തിത്വം വികലമാക്കപ്പെടുന്നു. ഈയൊരു പേരുദോഷം മരണംവരെ അവനെ പിന്തുടരുന്നു.

കുഞ്ഞുങ്ങളെ ജനിപ്പിക്കാനുള്ള വിവാഹിതരുടെ അവകാശത്തിലേക്ക്, പുതിയതായി 1). വിവാഹം കഴിക്കാതെ ഒന്നിച്ചു താമസിക്കുന്നവർക്കും (ART bill 1/2w) 2). വ്യക്തികൾക്കും (7/32-1) ഈ ക്ലിനിക്കുകളുടെ സഹായത്തോടുകൂടി കുഞ്ഞുങ്ങളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്തുകൊണ്ട് കടന്നുവരാൻ കഴിയുന്നു. ഇതു സംഭവിക്കുന്നതുവഴി കുടുംബം എന്ന അടിസ്ഥാന ഘടകത്തിന്റെ തകർച്ചയ്ക്കാണ് തുടക്കമിടുന്നത്. ക്രമേണ നമ്മുടെ സമൂഹത്തിൽ നിന്നും വിവാഹവും കുടുംബവും ഇല്ലാതാകും. പരസ്പരം സ്നേഹിക്കുകയോ ബഹുമാനിക്കുകയോ ചെയ്യാത്തതും, ബന്ധങ്ങളും, കടപ്പാടുകളും ഇല്ലാത്തതുമായ ഒരു സമൂഹം ക്രമേണ രൂപം കൊള്ളും.

പുരുഷന്മാർക്ക് വാടക അമ്മയെ ഉപയോഗിച്ചും, സ്ത്രീകൾക്ക് സെമൻ ബാങ്കിൽ നിന്നും പുരുഷന്റെ ബീജം സ്വീകരിച്ചും വിവാഹിതരാകാതെ വ്യക്തികളായിരിക്കെ തന്നെ കുഞ്ഞുങ്ങളെ ജനിപ്പിക്കാനുള്ള അവകാശം കിട്ടുന്നതോടുകൂടി വലിയ തരത്തിലുള്ള സാമൂഹിക പ്രശ്നങ്ങളും ആരംഭിക്കുകയായി. ഇതു മറ്റൊരു തരത്തിലുള്ള വ്യഭിചാരമായി കാണേണ്ടിവരും. ഇങ്ങനെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ ജനന സർട്ടിഫിക്കറ്റിൽ ഇനിമുതൽ പിതാവിന്റേയോ/മാതാവിന്റെയോ ആരുടെയെങ്കിലും ഒരാളുടെ പേരുമതി എന്നുവരുന്നതോടുകൂടി പൊതുസമൂഹത്തിൽ ഇത്തരം കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും, അവഹേളനവും വളരെ വലുതായിരിക്കും. മാതാവ് അല്ലെങ്കിൽ പിതാവ് ആരെന്നറിയാത്തവരുടെ തലമുറയാണ് [7/35(7), 7/32(1),7/34(10)] ഈ നിയമം വഴി സൃഷ്ടിക്കപ്പെടാൻ പോകുന്നത്. ഉയർന്ന ശമ്പളം വാങ്ങുന്ന സ്ത്രീകൾ പ്രസവിക്കുന്നതിൽനിന്നും മാറിനിൽക്കുകയും പകരമായി വാടക അമ്മയെ ആശ്രയിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകും.

ക്രമേണ പ്രസവിക്കുന്നത് സമൂഹത്തിലെ ദാരിദ്ര്യം അനുഭവിക്കുന്ന സ്ത്രീകളുടെ വരുമാനമാർഗ്ഗമായി മാറുകയും ചെയ്യും. ഇത് യഥാർത്ഥ മാതൃത്വത്തെ സമൂഹത്തിൽനിന്നും അപ്രത്യക്ഷമാക്കുകയും ദൈവീകദാനമായ ഉന്നതമായ മാതൃത്വം എന്നത് ഒരു തൊഴിലായി മാത്രം അധഃപതിക്കുകയും ചെയ്യും. 18 വയസ്സ് പൂർത്തിയാവുമ്പോൾ കുട്ടിയോട് നീ ഏത് സംവിധാനത്തിൽ ജനിച്ചവനാണെന്ന് പറയാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. (വാടക അമ്മ, ജനിതക പിതാവിനാൽ, പുറമെ നിന്നും അണ്ഡം സ്വീകരിച്ച് എങ്ങനെയാണോ അത്) ഇത് ആ കുടുംബത്തിന്റെയും, കുട്ടിയുടെയും മുന്നോട്ടുള്ള ജീവിതത്തെ സങ്കീർണ്ണമാക്കിമാറ്റുക തന്നെ ചെയ്യും.

പണമോ പ്രതിഫലമോ വാഗ്ദാനം ചെയ്ത് പരസ്യങ്ങൾ നൽകി ബീജവും അണ്ഡവും സ്വീകരിച്ച് സംഭരിച്ച് വെക്കുന്നതിനുള്ള അവകാശം സെമൻ ബാങ്കുകൾക്ക് ലഭിക്കുന്നു. സ്ത്രീശരീരത്തിൽ മരുന്നു കുത്തിവെച്ച് അണ്ഡങ്ങളുടെ വിളവെടുപ്പ് നടത്തുന്നത് [(4/23(1), 5/26(7,8,9)] ഈ നിയമം അധികാരം നൽകുന്നു. ഇങ്ങനെ 21 വയസിനു മുകളിൽ പ്രായമുള്ള ഒരു സ്ത്രീയുടെ ശരീരത്തിൽനിന്നും മൂന്നുമാസത്തെ ഇടവേളകളിട്ട് ആറുപ്രാവശ്യം 14 ലധികം (ഓരോപ്രാവശ്യവും) അണ്ഡങ്ങളെ വീതം എടുക്കുമ്പോൾ ഇവൾ ശാരീരികമായ എന്തെല്ലാം മാറ്റങ്ങൾക്ക് വിധേയയാകുമെന്നും പ്രവചിക്കാനാവില്ല. ഇങ്ങനെയുള്ള സ്ത്രീകൾക്ക് വളരെ നേരത്തെതന്നെ ഫെർട്ടിലിറ്റി പീര്യഡ് അവസാനിക്കാനും ഉള്ള സാധ്യത തള്ളിക്കളയാൻ ആവില്ല.

ഭർത്താവിന്റെ ബീജം 10 വർഷം വരെ സൂക്ഷിച്ച് വെച്ച് ഭർത്താവിന്റെ മരണശേഷം ഉപയോഗിച്ച് ഭാര്യക്ക് കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിന് അനുവാദം നൽകുന്ന [5/27(2)], ഈ നിയമത്തിലെ വ്യവസ്ഥകൾ വ്യഭിചാരത്തിനു പച്ചയായ ലൈസൻസ് നൽകുന്നതിന് തുല്യമാണ്. മക്കളില്ലാതെ ഭർത്താവ് മരിച്ചാൽ സ്വത്തിന്റെ പകുതി ഭർത്താവിന്റെ കുടുംബത്തിലേക്ക് തിരികെ ചേരുമെന്ന ക്രിസ്ത്യൻ പിന്തുടർച്ചാ നിയമത്തിലെ വ്യവസ്ഥകളുമായി കൂട്ടിച്ചേർത്തുവായിക്കുമ്പോഴാണ് ഈ നിയമം ഏതെല്ലാം തരത്തിൽ ദുരുപയോഗിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് നാം അറിയുന്നത്. അതിസങ്കീർണ്ണമായ നിയമകുരുക്കുകളിലേക്ക് ഇത്തരം നിയമങ്ങൾ നമ്മെ കൊണ്ടെത്തിക്കും. ഭർത്താവിന്റെ മരണശേഷം ഭാര്യയ്ക്ക് എങ്ങനെ വേണമെങ്കിലും ജീവിക്കാനും അത്തരം ജീവിതത്തിനു മറയിടാനും മാത്രമേ ഈ വ്യവസ്ഥകൾ ഉപകരിക്കൂ.

ലോകത്തിലെ ഒട്ടുമുക്കാലും രാജ്യങ്ങളിലും നിരോധിച്ച മനു

ഷ്യജീവന്റെ (വിത്തുകോശങ്ങളുടെ) മേലുള്ള പരീക്ഷണങ്ങളും, പരീക്ഷണശാലകളും പൊതുതാൽപര്യം എന്നതിന്റെ മറവിൽ ഇന്ത്യയിൽ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ മാത്രമല്ല ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം പരീക്ഷണശാലകൾക്ക് ആവശ്യമായ മനുഷ്യഭ്രൂണത്തിന്റെ തടസ്സം കൂടാതെയുള്ള സപ്ലൈയും ഈ നിയമത്തിലെ ഒന്നിലധികം വ്യവസ്ഥകളിലൂടെ ഉറപ്പാക്കിയിട്ടുണ്ട്. ഒരു സ്ത്രീക്കുവേണ്ടി ഏഴുജീവനുകളെ ഒരു സമയത്തു സൃഷിടിക്കുന്നതിന് ഈ നിയമം അനുവാദം നൽകുന്നു. ഇതിൽ സ്ത്രീയുടെ ഉദരത്തിൽ നിക്ഷേപിക്കുന്നതൊഴികെ ബാക്കിയുള്ള എല്ലാ ജീവനുകളും നശിപ്പിക്കുകയോ പരീക്ഷണശാലകൾക്ക് വിട്ടുകൊടുക്കുന്നതിനോ ചെയ്യുന്നതിനുള്ള എഗ്രിമെന്റ് ചികിത്സ ആരംഭിക്കുമ്പോൾ തന്നെ വെച്ചിരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. സാമ്പത്തികമോ ശാരീരികമോ ആയ അവസ്ഥയിലോ ഇതര അവസ്ഥകളിലോ മാറ്റമുണ്ടാകുന്ന സാഹചര്യത്തിലും മറ്റും ഇത്തരത്തിൽ സൃഷ്ടിക്കുന്ന കുഞ്ഞുങ്ങളെ  സ്വീകരിക്കുന്നതിന് പ്രസ്തുത കുടുംബത്തിനോ വ്യക്തിക്കോ സാധിക്കാതെ വന്നാലും ഇത്തരത്തിൽ നശിപ്പിക്കുന്നതിനോ പരീക്ഷണത്തിനായി വിട്ടുകൊടുക്കുന്നതിനോ ആദ്യം തന്നെ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. അഞ്ചുവർഷം വരെ മനുഷ്യഭ്രൂണത്തെ സൂക്ഷിച്ചുവെക്കുന്നതിന് അനുവാദം നൽകുന്ന നിയമം ഒരു പ്രത്യേക വ്യവസ്ഥയിലൂടെ [5/27(3), 7/35(5)] ഇങ്ങനെ സൂക്ഷിച്ചുവെക്കുന്നതിനുള്ള ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് എന്തുചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശവും ഇവ ശേഖരിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നു. ഇത്തരം ജീവനുകൾ പൊതുതാൽപര്യം മുൻനിർത്തി പരീക്ഷണശാലകൾക്ക് നൽകുന്നതിനും [31/1(a)] നിയമം ഇവർക്ക് അധികാരം നൽകുന്നു. ഇതെല്ലാം വിരൽചൂണ്ടുന്നത് ഈ നിയമം കൊണ്ടുവരുന്നതിന്റെ പിന്നിലെ മൂടിവെയ്ക്കപ്പെട്ട രഹസ്യം പരീക്ഷണശാലകളുടെ സ്ഥാപനവും അവക്കാവശ്യമായ മനുഷ്യ ഭ്രൂണങ്ങളുടെ മുടക്കം കൂടാതെയുള്ള ലഭ്യതയും ഉറപ്പുവരുത്തുക എന്നുള്ളതുതന്നെയാണെന്നതും വ്യക്തമാണ്.

ഇതിന്റെ പിന്നിലുള്ള അതിശക്തമായ ചില വാണിജ്യ താൽപര്യങ്ങളെയും നാം കാണാതിരുന്നുകൂടാ. നമുക്കറിയാവുന്നതുപോലെതന്നെ ഇതുപോലെയുള്ള പ്രജനന സംവിധാനത്തിനുവേണ്ട ഉപകരണങ്ങൾ നിർമ്മിക്കുന്ന കമ്പനികളൊന്നും അധികമായി ഇന്ത്യയിൽ ഇല്ലായിരിക്കെ വിദേശത്തുതന്നെ വളരെകുറച്ചു കമ്പനികൾ മാത്രമെ ഉള്ളു എന്നിരിക്കെ അത്തരം കമ്പനികൾക്ക് ഇന്ത്യയിലെ എല്ലാ ജില്ലകളിലും

സ്ഥാപിക്കുന്ന എആർടി ക്ലിനിക്കുകളും, ബീജബാങ്കുകളും വഴി വലിയൊരു വ്യവസായ അവസരമാണു കൈവന്നിരിക്കുന്നത്. ഈ കൊച്ചു കേരളത്തിൽ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന ചില വന്ധ്യത ചികിത്സ ക്ലിനിക്കുകളിലൂടെ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 300 കോടിയുടെ വ്യവസായമാണ് നടന്നിട്ടുള്ളത് എന്നുകൂടി നാം മനസ്സിലാക്കുക. കോടികൾ കൈമറിയുന്ന വലിയൊരു വ്യവസായ സംരംഭമായി ഇതു മാറാൻ പോവുകയാണ്. ഇത്തരം ഉപകരണങ്ങൾ നിർമ്മിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്ക് അവസരം സൃഷ്ടിക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണോ ഈ നിയമം എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരം കമ്പനികൾക്കായി ഇന്ത്യയിലെ എല്ലാ ജില്ലകളിലുമായി വലിയൊരു വിപണി തന്നെയാണ് ഇതുവഴി സൃഷ്ടിക്കപ്പെടാൻ പോകുന്നത്. അത് ഈയൊരു ബില്ലിന്റെ അപ്രഖ്യാപിത ലക്ഷ്യം തന്നെയാണു താനും.

ഇത്തരം പ്രജനന മാർഗ്ഗങ്ങൾ സ്വീകരിച്ചപ്പോൾ നമ്മുടെ ക്ഷീര മേഖലയിലും കാർഷിക മേഖലയിലും സംഭവിച്ച ദുരന്തങ്ങൾ നാം മറന്നുകളയുന്നതും നന്നല്ല. കാലക്രമേണ പ്രത്യുല്പാദന ശേഷിയില്ലാത്ത വിത്തിനങ്ങളും, അതുപോലെതന്നെ പ്രജനന ശേഷിയില്ലാത്ത കന്നുകാലികിടാങ്ങളും ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ളത് നമ്മുടെ മുമ്പിൽ ഉദാഹരണങ്ങളായിതന്നെ നിലനിൽക്കുന്നു. ഇത് നാളെ മനുഷ്യജീവന്റെ കാര്യത്തിലും സംഭവിക്കില്ലെന്ന് നമുക്ക് ഉറപ്പു പറയാൻ കഴിയില്ല. അങ്ങനെ വന്നാൽ ലൈംഗീകത ആസ്വദിക്കാൻ വേണ്ടി മാത്രമുള്ള ഒരു സംഗതി ആയി മാറുകയും, അതിന്റെ പരമപ്രധാനലക്ഷ്യമായ പ്രത്യുല്പാദന ധർമ്മം നടക്കാതെ വരികയും ചെയ്യും. ഇതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന എആർടി ക്ലിനിക്കുകളെ തന്നെ പ്രത്യുല്പാദനത്തിനുവേണ്ടി സമീപിക്കേണ്ടിവരും. സ്പേം വാഷ് പോലെയുള്ള നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകകൂടി ചെയ്താൽ ഇന്ത്യയിൽ പിന്നീട് ഒരേ സെക്സിൽ പെട്ടവർ അധികമായി ജനിപ്പിക്കപ്പെടുകയും, അതുവഴി ഈ രാജ്യത്തെ ജനന പ്രക്രിയയെ നിയന്ത്രിക്കുന്നതിന് ഇത്തരം ക്ലിനിക്കുകൾക്കും അവയ്ക്ക് നേതൃത്വം കൊടുക്കുന്നവർക്കും സാധിക്കുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യും.

വലിയ അധികാരങ്ങളോടുകൂടി സിവിൽകോടതികളുടെ സ്റ്റാറ്റസിൽ എന്നാൽ ആവശ്യമെങ്കിൽ ഐപിസി/ക്രിമിനൽ നിയമങ്ങളിലെ ചില വകുപ്പുകളും ഉപയോഗിക്കാൻ അധികാരമുള്ള സെൻട്രൽ ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണം തന്ത്രപരമായി ചില കമ്പനികളുടെയും വ്യക്തികളുടെയും

കയ്യിൽ എത്തിപ്പെട്ടാൽ ഉണ്ടാകാൻ പോകുന്ന ദുരന്തം അതിഭീകരമാണുതാനും. ജീവന്റെ ഉൽപാദനവും വിതരണവും വിൽപ്പനയും ഫലത്തിൽ ഇത്തരം കമ്പനികൾ നിയന്ത്രിക്കുന്ന അവസ്ഥ സംജാതമാകും. ഇനിയൊരു യുദ്ധമോ, ബോംബോ മറ്റെന്തെങ്കിലുമോ ഇല്ലാതെതന്നെ ഒരു വംശത്തെയോ സംസ്കാരത്തെയോ ഇല്ലായ്മ ചെയ്യുന്നതിനും, പുതിയ ഒന്നിനെ മാറ്റി പ്രതിഷ്ഠിക്കുന്നതിനുംവേണ്ടി വളരെ തന്ത്രപരമായി ഇതിനെ ഉപയോഗിക്കാൻ കഴിയുമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

എല്ലാ മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ പഠനം ആവശ്യമുള്ള ഒരു വലിയ നിയമത്തെക്കുറിച്ച് സ്ഥലപരിമിതിമൂലം പരിമിതമായി മാത്രമേ ഇതിലൂടെ ചർച്ചചെയ്യാൻ സാധിച്ചിട്ടുള്ളു എന്നുള്ളത് സത്യം തന്നെയാണ്. ഇതിനൊക്കെ അപ്പുറത്തേയ്ക്ക് വളരെ ഗൗരവമായ ചർച്ചകളും, പഠനങ്ങളും, ഇടപെടലുകളും ഈ നിയമത്തിനെതിരായ പ്രതിരോധങ്ങളും നിർമ്മിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നാളത്തെ മനുഷ്യകുലത്തിന്റെ ജൈവഘടനയെതന്നെ മാറ്റിമറിക്കാൻ ശേഷിയുള്ള നിയമം നിർമ്മിക്കപ്പെട്ടപ്പോൾ നിസംഗരായി നോക്കിനിന്ന തലമുറയെന്ന് ചരിത്രം നമ്മളെ വിശേഷിപ്പിക്കാതിരിക്കുന്നതിനുവേണ്ടി, നാളത്തെ നമ്മുടെ തലമുറകളുടെ നിലനിൽപ്പിനുവേണ്ടി ഈ നിയമത്തിനെതിരായ പോരാട്ടത്തെ നമുക്ക് ഏറ്റെടുത്തേ മതിയാവു. അത് കാലം നമ്മളിൽ ഏൽപ്പിച്ച ചരിത്ര ദൗത്യമാണുതാനും.

**സാലു അബ്രാഹം മേച്ചേരിൽ**

(കെസിബിസി പ്രോ-ലൈഫ് സമിതി മലബാർ മേഖല
കോ-ഓഡിനേറ്റർ)

NB:- **സെപ്റ്റംബർ 11 -ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ശ്രീ. സാലു അബ്രാഹം മേച്ചേരിൽ അവതരിപ്പിച്ച ക്ലാസിലെ പ്രധാന ആശയങ്ങളാണ് ഈ ലേഖനത്തിൽ. ഇതിലെ ആശയങ്ങൾ ദൈവജനത്തെ അറിയിച്ച് പാരീഷ് കൗൺസിലിലും വാർഡ് മീറ്റിംഗുകളിലും ചർച്ചകൾ നടത്തുന്നത് നന്നായിരിക്കും. ഈ വിഷയത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുവാൻ താൽപര്യമുള്ളവർ 9961297696 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.**

# പരിസ്ഥിതി സംരക്ഷണം ജീവന്റെ സംരക്ഷണത്തിന്

സൃഷ്ടികർമ്മം പൂർത്തിയാക്കിയ ശേഷം ദൈവം പ്രപഞ്ചത്തെ ഉപയോഗത്തിനും സംരക്ഷണത്തിനുമായി മനുഷ്യന് ഏൽപ്പിച്ചുകൊടുത്തു. തന്റെ അധീനതയിലായ ഭൂമിയെ വലിയ പരിക്കൊന്നുമേൽപ്പിക്കാതെ മനുഷ്യൻ കാത്തുപോന്നു. എന്നാൽ ആധുനിക മനുഷ്യന്റെ ദുര ഈ ഭൂമിക്കും അതിലെ ജീവജാലങ്ങൾക്കും മനുഷ്യനുതന്നെയും ഭീഷണി ഉയർത്തുന്നു. ഗാന്ധിജി പറയുന്നു, "ഈ ഭൂമിയിൽ മനുഷ്യന് ആവശ്യത്തിനുള്ളതെല്ലാം ഉണ്ട്. എന്നാൽ അവന്റെ അത്യാഗ്രഹത്തിനുള്ളതില്ല"! പ്രകൃതി വിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപയോഗവും നീതി പൂർവ്വകമായ വിതരണവും നാം പഠിക്കേണ്ടിയിരിക്കുന്നു.

ആധുനിക മനുഷ്യജീവിതം ദുരിതപൂർണമാണ്. പ്രകൃതിക്ഷോഭങ്ങൾ, ഭയപ്പെടുത്തുന്ന പകർച്ചവ്യാധികൾ, ഭക്ഷ്യസുരക്ഷയെ അപകടത്തിലാക്കുന്ന കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം... ചുരുക്കത്തിൽ ലോക ജീവിതം നരകതുല്യമായി. ഇതെല്ലാം മനുഷ്യ പ്രവർത്തനങ്ങളുടെ പരിണിത ഫലങ്ങളാണ്.

പ്രകൃതിക്ക് സ്വാഭാവികമായ ഒരു സന്തുലിതാവസ്ഥയും ആസൂത്രണ തന്ത്രവുമുണ്ട്. മനുഷ്യൻ ഇതിന്റെ താളം തെറ്റിച്ചിരിക്കുന്നു. ഫലമോ അസമാധാനവും ദുരിതങ്ങളും. വിവിധമനുഷ്യ പ്രവർത്തനങ്ങളിലൂടെ നമ്മുടെ മണ്ണ്, ജലം, വായു ഇവയെല്ലാം മലിനമായ് തീർന്നിരിക്കുന്നു. ഇതിന്റെ ഫലമായ് ഉണ്ടായിക്കൊണ്ടിരിക്കുന്ന തിരിച്ചടികൾ ഭൂമിയിൽ ജീവന്റെ വാഴ്‌വിനെ ചോദ്യം ചെയ്യുന്നു. ഇതിന് പരിഹാരം കാണണം. നാം ജീവന്റെ സംരക്ഷകരാണെന്ന് തിരിച്ചറിയണം. ഇതുവരെ നാം പുലർത്തിയ നിസംഗത വെടിയണം. ബോധപൂർവ്വമല്ലാതെ നടത്തിയ നാശത്തിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ പരിഹാരം കാണേണ്ടിയിരിക്കുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

1. **വൃക്ഷവത്ക്കരണം.**

   ഓരോ വ്യക്തിയും വർഷം തോറും മൂന്ന് ഫല വൃക്ഷങ്ങളെങ്കിലും നട്ടു പിടിപ്പിച്ച് സംരക്ഷിക്കുക.

2. **പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുക**

   ദേവാലയങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, മറ്റ് പൊതു സ്ഥലങ്ങൾ എന്നിവ പ്ലാസ്റ്റിക് നിരോധിത മേഖലയായ് പ്രഖ്യാപിക്കുക. ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതും വലിച്ചെറിയുന്നതും കർശനമായ് നിയന്ത്രിക്കുക.

3. **ഉർജ്ജ സംരക്ഷണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുക**

   സാധാരണ ബൾബുകൾക്ക് പകരം സി.എഫ്.എൽ, എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുക.

4. **ജല സംരക്ഷണം**

   ഭൂമിയിൽ ആകെയുള്ള ജലത്തിന്റെ ഒരു ശതമാനം മാത്രമാണ് ശുദ്ധ ജലമായി ഉപയോഗിക്കാൻ ലഭിക്കുന്നത്. അതിനാൽ ജല ഉപയോഗത്തിൽ നിയന്ത്രണം വരുത്തുക. ജലം പാഴാകാതെ സംരക്ഷിക്കുക.

5. **മണ്ണിൽ അലിഞ്ഞ് ചേരുന്നവയെല്ലാം അഴുകിപോകാൻ അനുവദിക്കുക.**

   അവയെ കത്തിക്കുമ്പോൾ അത് ആഗോള താപനത്തിന് വഴിവക്കുകയും കാലാവസ്ഥ വ്യതിയാനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും.

6. **കീടനാശിനി ജീവനാശിനിയാണ്**

   ഇനി അവ ഉപയോഗിക്കരുത്, ലാഭമല്ല, മനുഷ്യ ജീവനാണ് വലുത്. മാരക കീടനാശിനികൾക്ക് പകരം ജൈവകീട നിയന്ത്രണവും കൃഷി രീതികളും പുന:സ്ഥാപിക്കുക.

7. **എന്തും വലിച്ചെറിയുന്ന ശീലം ഒഴിവാക്കുക**

   വീടുകളിൽ രണ്ട് കുഴികൾ വേണം - മണ്ണിൽ അലിയുന്നവയ്ക്ക് ഒന്ന്, പ്ലാസ്റ്റിക്, കുപ്പിച്ചില്ല് എന്നിവയടക്കമുള്ള അഴുകാത്തവയ്ക്ക് മറ്റൊന്ന്.

8. **സ്വകാര്യ വാഹന ഉപയോഗം കുറയ്ക്കുക**

   ചെറിയ ദൂരം നടക്കുക, പൊതുവാഹന ഉപയോഗം സൗഹൃദവും സ്നേഹവും വർദ്ധിപ്പിക്കും.

**9. കളനാശിനി, കൊതുകു നാശിനി**

ഉറുമ്പ്, പാറ്റ, കീടങ്ങൾ എന്നിവക്ക് എതിരേ പ്രയോഗിക്കുന്നവയെല്ലാം തന്നെ മാരക വിഷങ്ങളാണെന്ന് തിരിച്ചറിയുക. ലാഘവബുദ്ധിയോടെ കുട്ടികൾ പോലും കൈകാര്യം ചെയ്യുന്ന ഇവയിൽ പലതും അടുത്ത തലമുറക്ക് ജന്മം നൽകാനുള്ള ശേഷിയെ ഇല്ലാതാക്കാൻ ശക്തിയുള്ളവയാണ്.

**10. മരു ഒരു വരം**

മരങ്ങൾ വെട്ടിവിറ്റ് പണം സമ്പാദിക്കുന്ന രീതി ഉപേക്ഷിക്കുക. ഒരു മരം നൂറുവർഷം തരുന്ന ജീവ വായുവിന്റെ വില 60 ലക്ഷം രൂപയാണെന്ന് തിരിച്ചറിയുക.

**11. മഴവെള്ള സംഭരണവും ഉപയോഗവും ശീലമാക്കുക**

മഴവെള്ളം ഭൂമിയിൽ ഇറങ്ങാൻ മഴക്കുഴികളും കൈയ്യാലകളും തടയണകളും ഉണ്ടാക്കുക.

**12. പരിസ്ഥിതി സംരക്ഷണ പരിപാടികൾക്ക് പ്രോത്സാഹനം നൽകുക**

ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക. പ്രകൃതി സംരക്ഷണം ജീവസംരക്ഷണമാണെന്ന് തിരിച്ചറിയുക.

**13. 6 'R' കളുടെ പ്രചരണം**

1 REDUSE (ഉപയോഗം കുറക്കുക)
2 REUSE (പുനരുപയോഗം)
3 RE CYCLE ( രൂപമാറ്റം വരുത്തി ഉപയോഗം)
4 REPAIRE (നന്നാക്കി ഉപയോഗിക്കുക)
5 RE THINK (പുനർ വിചിന്തനം)
6 REFUSE (നിരസിക്കുക)

**ഷാജൻ സെബാസ്റ്റ്യൻ**

---

NB:- സെപ്റ്റംബർ 11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മാനന്തവാടി രൂപതാ കൗൺസിൽ യോഗത്തിൽ 'പരിസ്ഥിതി സംരക്ഷണം ജീവന്റെ സംരക്ഷണത്തിന്' എന്ന ക്ലാസിന്റെ സംക്ഷിപ്ത രൂപം. കൂടുതൽ വിവരങ്ങൾക്കും, ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും ഷാജൻ സെബാസ്റ്റ്യൻ, അസംപ്ഷൻ ഹൈസ്കൂൾ, സുൽത്താൻ ബത്തേരി, ഫോൺ: 04936 – 222915, 9497652505.

# മതബോധനരംഗം

കുട്ടികളുടെ പാദവാർഷിക പരീക്ഷയുടെ റിസൾട്ട് അധ്യാപകർ, സ്റ്റാഫ് മീറ്റിംഗിൽ വേണ്ടവിധത്തിൽ വിലയിരുത്തിക്കാണുമല്ലോ. ആവശ്യമായ പ്രോത്സാഹനങ്ങളും, കുറവുകൾ പരിഹരിക്കേണ്ടതുണ്ടെങ്കിൽ അതും കുട്ടികൾക്ക് നൽകാൻ ശ്രദ്ധിക്കണം. ഉത്തമമായ വിശ്വാസ ജീവിതം നയിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ നമുക്ക് നിതാന്തജാഗ്രത പുലർത്താം.

**അധ്യാപക പരിശീലനം**

കുന്നൂർ, ബർലിയാർ, അറവങ്കാട് ഇടവകകളിലെ അധ്യാപകരുടെ പരിശീലനം സെപ്റ്റംബർ 5-ാം തീയതി നടത്തി. ബഹു. വികാരിയച്ചനും, അധ്യാപകർക്കും പ്രത്യേകം നന്ദി.

**മാതാപിതാക്കൾക്ക് സെമിനാർ**

നടവയൽ, കബനിഗിരി, കൂന്നൂർ തുടങ്ങിയ ഇടവകകളിൽ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. ടീം അംഗങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**അധ്യാപകസംഗമം ഫൊറോനാതലങ്ങളിൽ**

ബത്തേരി ഫൊറോനയിലെ അധ്യാപകരുടെ സംഗമം അമ്പലവയൽ ഇടവകയിൽ വച്ച് നടത്തി. വിവിധ വിഷയങ്ങളിലുള്ള സംശയ നിവാരണം ഉൾപ്പെടുത്തി സംഘടിപ്പിച്ച പഠനസംഗമം ഏറെ പ്രയോജനപ്പെട്ടു. ഫൊറോനാഡയറക്ടർ ബഹു. നെല്ലിക്കുന്നേലച്ചനും, ഫൊറോനാ ടീം അംഗങ്ങൾക്കും അധ്യാപകരെയും കുട്ടികളെയും പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

**XII-ാം ക്ലാസ് കുട്ടികളുടെ ഫൊറോനതല പഠനസംഗമം**

XII-ാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന പഠനസംഗമം

സെപ്റ്റംബർ 12-ന് ചുങ്കക്കുന്ന്  ഫൊറോനായിലും, സെപ്റ്റംബർ 19 -ന്  ബത്തേരി ഫൊറോനായിലും സംഘടിപ്പിച്ചു. മറ്റ് ഫൊറോനകളിൽ തുടർന്ന് വരുന്ന ആഴ്ചകളിൽ നടക്കുന്നതാണ്. കുട്ടികൾ നിർബന്ധമായും പങ്കെടുക്കേണ്ട പഠനക്ലാസ്സുകളാണ് ഇത് എന്ന് ഓർമ്മിപ്പിക്കുന്നു.

## HDC - Contact Class

HDC  രണ്ടാം വർഷക്കാരുടെ അടുത്ത Contact Class ഒക്ടോബർ 9, 23 തീയതികളിൽ മാനന്തവാടിയിലും, ഒക്ടോബർ 16-ന് മണിമൂളിയിലും വച്ച് നടക്കുന്നതാണ്.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ഇടവകാംഗങ്ങളെ ലോഗോസ് ക്വിസിന്റെ ഭാഗമാക്കാൻ പ്രോൽസാഹിപ്പിച്ച; ലോഗോസ് ക്വിസിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും, സമർപ്പിതരെയും, മാതൃസംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ലോഗോസ് ക്വിസിന്റെ പരീക്ഷ ഭംഗിയായി നടത്താൻ സഹായിച്ച എല്ലാവർക്കും നന്ദി. ഇനിയും ബൈബിൾ പഠനം താത്പര്യത്തോടെ മുന്നേറട്ടെ.

**സാഹിത്യമത്സരങ്ങൾ 2010**

**ലേഖനമത്സര വിഷയങ്ങൾ**

| | |
|---|---|
| അല്മായർ | - ബൈബിളും മലയാളസാഹിത്യവും |
| സെമിനാരി | - ബൈബിളും വൈദികപരിശീലനവും |
| സന്യാസിനികൾ | - ബൈബിളും സന്യാസപാരമ്പര്യവും |

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD), വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2010 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

**ബൈബിൾ കലോത്സവം 2010**

**രചനാ മത്സരങ്ങൾ: പ്രത്യേക നിബന്ധനകൾ**

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചി

ട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപിച്ചിട്ടുള്ളതോ ആയിരിക്കരുത്.

2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.
3. കടലാസിന്റെ ഒരു വശത്തു മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും, ലേഖനം 10 പേജുകളിലും, കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.
4. രചനകൾ അയയ്ക്കുന്ന കവറിൽ (ബൈബിൾ കലോത്സവം 2010) എന്ന് എഴുതിയിരിക്കണം.
5. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് - അല്മായർ 50, സെമിനാരിക്കാർ 50, സന്യാസിനികൾ 50. 2010 നവംബർ 30-ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.
6. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും.
7. വിദഗ്ദ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**ലേഖനമത്സര വിഷയങ്ങൾ**

അല്മായർ - മനുഷ്യൻ സൃഷ്ടിയുടെ കാര്യസ്ഥൻ. ഒരു ജൈവ വൈവിധ്യവർഷ വചനവിചിന്തനം.

സെമിനാരിക്കാർ - സങ്കീർത്തനങ്ങളിലെ പ്രകൃതിസ്നേഹം

സന്യാസിനികൾ - പ്രകൃതിയിലൂടെയുള്ള വചനോപാസന. ഒരു സന്യാസപൈതൃകം.

കൃതികൾ അയയ്ക്കേണ്ട വിലാസം:- സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി.നമ്പർ-2251, പാലാരിവട്ടം, കൊച്ചി-682025.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

### മാധ്യമ വർഷം

മിഷൻലീഗ് അംഗങ്ങളെ,

ഒരു കഥ കേട്ടത് ഓർമ്മിക്കുന്നു. ചെറിയ കുട്ടികൾക്കുള്ള ഓട്ട മത്സരമായിരുന്നു. മത്സരം തുടങ്ങുന്നതിനുമുമ്പ് ഒരുവൻ മിഴിപൂട്ടി പ്രാർത്ഥിക്കുകയാണ്. മത്സരം കഴിഞ്ഞപ്പോൾ ആ കുട്ടി ഏറ്റവും ഒടുവിലാണ് ഓടിയെത്തിയത്. അവന്റെ ടീച്ചർക്ക് വളരെ സങ്കടം തോന്നി. ടീച്ചർ കുഞ്ഞിനെ ചേർത്ത് പിടിച്ച് ചോദിച്ചു. ജയിക്കാനായി പ്രാർത്ഥിച്ചിട്ട് തോറ്റതിൽ നിനക്ക് വിഷമമുണ്ടോ? കുട്ടി പുഞ്ചിരിച്ചു. എനിക്കെന്തിനാണ് ദൈവത്തോട് വിഷമം. ഞാൻ ജയിക്കാൻ വേണ്ടി പ്രാർത്ഥിച്ചില്ലല്ലോ. തോറ്റാൽ കരയാതിരിക്കാൻ വേണ്ടിയാണ്... മത്സരങ്ങളുടെ കാലഘട്ടമാണിത്. സ്കൂളുകളിലും മിഷൻലീഗിലുമൊക്കെ ഒത്തിരി മത്സരങ്ങൾ. മത്സരങ്ങളിൽ വിജയവും പരാജയവും അടങ്ങിയിട്ടുണ്ട്. വിജയത്തെയും പരാജയത്തെയും സമചിത്തതയോടെ നേരിടുന്നവനാണ് നല്ല വ്യക്തിത്വത്തിന്റെ ഉടമ. വ്യക്തിത്വവികസനത്തിന്റെ ഭാഗമായി നടത്തുന്ന മത്സരങ്ങൾക്ക് അതിന്റേതായ പ്രാധാന്യം കൊടുക്കുവാൻ നാം ശ്രദ്ധിക്കണം.

മിഷൻ മാസത്തിന്റെ ചൈതന്യവും ജപമാല മാസത്തിന്റെ ധന്യതയും ഒത്തുചേരുന്ന ഈ ഒക്ടോബറിൽ പ്രാർത്ഥനാചൈതന്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ നമുക്ക് ഉത്സുകരാകാം. മിഷൻ മാസപ്രവർത്തനങ്ങൾക്ക് എല്ലാവിധ നന്മകളും നേരുന്നു.

സ്നേഹത്തോടെ,

**ടോമിയച്ചൻ**

### സംസ്ഥാന വാർഷികം

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികാഘോഷ പരിപാടികളുടെ നടത്തിപ്പിനായി രൂപവൽക്കരിച്ച സ്വാഗതസംഘം

ചെയർമാന്മാരുടെയും ജനറൽ കൺവീനർമാരുടെയും യോഗം സെപ്റ്റം ബർ 10 –ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. വാർഷി കത്തിന് വേണ്ട ഒരുക്കങ്ങളെക്കുറിച്ച് വിലയിരുത്തി. ശാഖാതലങ്ങളിൽ ഒരുക്കങ്ങൾ ആരംഭിക്കാൻ യോഗം മേഖലാ ശാഖാ നേതൃത്വങ്ങളോട് ആവശ്യപ്പെട്ടു.

## വാർഷികത്തിനൊരുക്കമായി ജാഗരണ പ്രാർത്ഥന

മിഷൻലീഗ് സംസ്ഥാന വാർഷികത്തിനൊരുക്കമായി സിയോൻ ചാപ്പലിൽ വെച്ച് സെപ്റ്റംബർ 17 –ാം തീയതി രാത്രി ജാഗരണപ്രാർത്ഥന നടത്തി. പ്രാർത്ഥന കമ്മിറ്റി ചെയർമാൻ റവ. ഫാ. ബാബു പാറയിൽ, റവ. ഫാ. ജോർജ് മേമന, കൺവീനർ ശ്രീ. ബേബി മൂത്തേടത്ത് തുട ങ്ങിയവർ നേതൃത്വം നൽകി.

## വാർഷികത്തിനായ് പ്രാർത്ഥിച്ച് ഒരുങ്ങാം.

'പ്രേഷിത സാഗരം 2010' ന് ഒരുക്കമായി ശാഖകൾക്ക് നൽകി യിരിക്കുന്ന പ്രാർത്ഥന മിഷൻലീഗിന്റെ പ്രാർത്ഥനാ സമയത്ത് ചൊല്ലി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശാഖാ ജോ.ഡയറക്ടേഴ്സ് ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ഒക്ടോബറിലെ ജാഗരണ പ്രാർത്ഥന

സംസ്ഥാന വാർഷികത്തിനൊരുക്കമായി ഒക്ടോബർ 15 –ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം മുതൽ 16 ന് രാവിലെ 5 വരെ ജാഗരണ പ്രാർത്ഥന സിയോൻ ചാപ്പലിൽ ഉണ്ടായിരിക്കും. സ്വാഗത സംഘം അംഗങ്ങൾ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

## മേഖലാതല സ്വാഗതസംഘം രൂപീകരിക്കുക

സംസ്ഥാന വാർഷികത്തിനൊരുക്കമായി മേഖലാതലങ്ങളിൽ സ്വാഗതസംഘം രൂപീകരിക്കാൻ മേഖലാ ഭാരവാഹികളെ ഓർമ്മിപ്പി ക്കുന്നു. ഫൊറോന വികാരി രക്ഷാധികാരിയായും, മേഖല ഡയറക്ടർ ചെയർമാനായും മേഖല പ്രസിഡന്റ് കൺവീനറായും ആണ് കമ്മിറ്റി രൂപീകരിക്കേണ്ടത്. ഫൊറോന പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ശാഖയിലെ നടത്തുകൈക്കാരന്മാർ, സൺഡേസ്കൂൾ ഹെഡ്മാ സ്റ്റർമാർ, മേഖലാ ഭാരവാഹികൾ, ശാഖാഭാരവാഹികൾ എന്നിവരാണ് സ്വാഗതസംഘത്തിൽ ഉണ്ടായിരിക്കേണ്ടത്. ഒക്ടോബറിൽ തന്നെ എല്ലാ മേഖലകളിലും സ്വാഗതസംഘം രൂപീകരിക്കുവാൻ മേഖലാ നേതൃത്വം ശ്രദ്ധിക്കുമല്ലോ.

## ഒക്ടോബർ – മിഷൻമാസം

വി. അൽഫോൻസാമ്മയുടെ പ്രേഷിതവിശുദ്ധിയിൽ നിന്നുള്ള

പ്രചോദനത്താൽ ആരംഭംകുറിച്ച ചെറുപുഷ്പമിഷൻലീഗിനെ സംബ ന്ധിച്ചിടത്തോളം ഒക്ടോബർ മാസം വളരെ പ്രാധാന്യമുള്ളതാണ്. മിഷൻമാസപ്രവർത്തനങ്ങളും പ്രോഗ്രാമുകളും ഡിസംബർ 11 ന് നട ക്കുന്ന സംസ്ഥാന വാർഷികത്തിന് മുന്നോടിയായിട്ടുള്ള പ്രോഗ്രാ മുകളാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ.

**മിഷൻമാസ പ്രവർത്തനങ്ങൾക്ക് ഒരു ചൂണ്ടുപലക**

*വിവിധദിനാചരണങ്ങൾ* – മാതൃദിനം, പിതൃദിനം, ശിശുദിനം, യുവജന ദിനം, വൃദ്ധദിനം, വിദ്യാർത്ഥിദിനം etc..

*ശുചീകരണ പ്രവർത്തനങ്ങൾ* – ദേവാലയപരിസരം, സിമിത്തേരി, ആശു പത്രി, ബസ്സ്റ്റാന്റ്, പൊതുസ്ഥലങ്ങൾ.

*അനുസ്മരണ ദിനങ്ങൾ* – വിശുദ്ധർ, മരണമടഞ്ഞ മിഷൻലീഗ് അംഗങ്ങൾ.

*പ്രാർത്ഥനകൾ* – ആരാധന, ജപമാല.

*സന്ദർശനങ്ങൾ* – സിമിത്തേരി, ആശുപത്രികൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ജയിലുകൾ, മിഷൻകേന്ദ്രങ്ങൾ തുടങ്ങിയവ.

*പൊതുസമ്മേളനങ്ങൾ* – മത്സരങ്ങൾ, കലാപരിപാടികൾ, സമ്മാനദാനം, ആദരിക്കൽ.

*പ്രയാണങ്ങൾ* – വിശുദ്ധരുടെ ഛായ ചിത്രപ്രയാണം, മിഷൻപതാക പ്രയാണം.

*മിഷൻ ഞായർ* – മിഷൻറാലി, മിഷൻസംഗമം, കലാപരിപാടികൾ, ഫണ്ട് സ്വരൂപണം, മിഷൻഞായർ പിരിവ്, പൊതുപണികൾ.

★ വിവിധ മിഷൻകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ സമർപ്പിച്ച് പ്രാർത്ഥിക്കുക, ആശംസ സന്ദേശങ്ങൾ അയയ്ക്കുക.

★ മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ ചിത്രം ശേഖരിച്ച് ആൽബം നിർമ്മിക്കുക.

★ ഇടവകയിലെ ജപമാലമാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെ ടുക്കുക.

★ മാനുവൽ ബുക്കിലെ സുകൃതങ്ങൾ, മിഷൻ ഗ്രാമങ്ങൾക്ക് അയച്ചു കൊടുക്കുക.

★ തീർത്ഥാടനങ്ങൾ.

★ പ്രകൃതിപഠന ക്യാമ്പുകൾ, ജലസംരക്ഷണം.

★ പ്രായമായവരേയും രോഗികളേയും ദേവാലയത്തിൽ കൊണ്ടുവന്ന് വി.കുർബാന, കുമ്പസാരം എന്നീ കൂദാശകൾ സ്വീകരിക്കാൻ ഒരു ക്കുക.

★ ജപമാല പ്രദക്ഷിണം.

★ ശാഖകളിൽ പതാക ഉയർത്തുക.
★ പൊതുസ്ഥലങ്ങൾ, വീടുകൾ ഇവയിൽ മിഷൻലീഗിന്റെ പതാക ഉയർത്തുക.
★ മിഷൻസന്ദേശങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

**ബൈബിൾ കലോത്സവം**

ബൈബിൾ വചനങ്ങൾ, നിറവാർന്നസന്ദേശങ്ങളായി നിറപ്പകിട്ടാർന്ന ദൃശ്യങ്ങളാൽ ആവിഷ്കരിക്കപ്പെടുമ്പോൾ മനസിന് കുളിരായി കുളിർമയാകുന്ന ബൈബിൾ കലോത്സവം.... ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 9 ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്കൂളിൽ നടക്കുന്നു. രൂപതാ കലാമത്സരത്തിന് അർഹതനേടിയ എല്ലാ കലാകാരന്മാരും കലാകാരികളും നന്നായി ഒരുങ്ങി മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. അർഹത നേടിയവർ ഒരു കാരണവശാലും പങ്കെടുക്കാതിരിക്കരുത്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ശാഖാമേഖലാഭാരവാഹികൾ ചെയ്യേണ്ടതാണ്. എല്ലാ ശാഖാ അംഗങ്ങളെയും രൂപതാ ബൈബിൾ കലോത്സവത്തിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

**ഒക്ടോബർ... ഓർമ്മിയ്ക്കാൻ**

01 – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖകളിൽ പതാക ഉയർത്തൽ, പൊതുദിവ്യകാരുണ്യ സ്വീകരണം.
02 – കാവൽമാലാഖയുടെ തിരുനാൾ.
03 – ചെറുപുഷ്പമിഷൻലീഗ് – സ്ഥാപകദിനം.
04 – വി. ഫ്രാൻസീസ് അസീസിയുടെ തിരുനാൾ.
06 – ജപമാല രാജ്ഞിയുടെ തിരുനാൾ.
07 – അംഗത്വസ്വീകരണം, നവീകരണം.
23 – മിഷൻപിരിവ് – ശാഖകളിൽ, ഭവനസന്ദർശനം നടത്തി മിഷൻസന്ദേശം നൽകുക.
24 – മിഷൻഞായർ, പൊതുദിവ്യകാരുണ്യസ്വീകരണം, പ്രേഷിതറാലി, സ്നേഹവിരുന്ന്.

**മീഡിയ – 2010**

ശാഖാസന്ദർശനവും സെമിനാറും ബത്തേരി മേഖലയിലും കല്ലോടി മേഖലയിലും നടന്നു. റവ.ഫാ. ജസ്റ്റിൻ മൂന്നാനാൽ, റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ, റവ.ഫാ. സെബിൻ ഐക്കരതാഴത്ത്, റവ.ഫാ.

ടോമി പുത്തൻപുര, രഞ്ജിത്ത് മുതുപ്ലാക്കൽ, സി.ഡാനി മരിയ SABS, ബ്ര. ഡേവിഡ് കുറുമ്പാലക്കാട്ട്, ജോസ് മുണ്ടിയാനി, ജിനേഷ് നരിവേലിൽ, സജി വേങ്ങത്തടം, സി. സ്റ്റെയ്സി SH എന്നിവർ വിവിധ ശാഖകളിൽ സന്ദർശനം നടത്തുകയും സെമിനാറിന് നേതൃത്വം നൽകുകയും ചെയ്തു.

### സാഹിത്യ ശിൽപശാല

സംസ്ഥാനസാഹിത്യമത്സരത്തിൽ പങ്കെടുക്കാൻ അർഹതനേടിയവർക്കുവേണ്ടി സാഹിത്യശില്പശാല സെപ്റ്റംബർ 20 -ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ശ്രീ. ബാബു ചിറപ്പുറം, ജോൺസൺ വടക്കേക്കര, റവ.ഫാ. ജെയ്സ് ചെട്ട്യാശേരി, റവ. ഫാ. സെബിൻ ഐക്കരതാഴത്ത് എന്നിവർ ശിൽപശാലയ്ക്ക് ക്ലാസ്സെടുത്തു.

### സംസ്ഥാന സാഹിത്യമത്സരം

സെപ്റ്റംബർ 21 ന് ദ്വാരക എ.യു.പി സ്കൂളിൽ വെച്ച് സംസ്ഥാനസാഹിത്യമത്സരം നടന്നു. മലബാർ റീജണൽ ഓർഗനൈസർ ശ്രീ. ജോർജ് പൈക മത്സരത്തിന് നേതൃത്വം നൽകി.

### മേഖല പ്രസിഡന്റ്, സെക്രട്ടറി മീറ്റിംഗ്

മേഖല പ്രസിഡന്റ്, സെക്രട്ടറിമാരുടെ മീറ്റിംഗ് ഒക്ടോബർ 2 ന് ശനിയാഴ്ച 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രസ്തുത മീറ്റിംഗിൽ മേഖല പ്രസിഡന്റ്, സെക്രട്ടറിമാർ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### രൂപതാ ടീം മീറ്റിംഗ്

രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന രൂപതാ ടീം മീറ്റിംഗ് ഒക്ടോബർ 8 ന് വെള്ളി വൈകുന്നേരം 6 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. മീറ്റിംഗിലേക്ക് എല്ലാ ടീം അംഗങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

### അഭിനന്ദനങ്ങൾ

രൂപതയിലെ 12 മേഖലകളിലും കലാമത്സരങ്ങൾ വിജയകരമായി നടത്തിയ മേഖലാ ഡയറക്ടേഴ്സിനെയും ഭാരവാഹികളേയും രൂപതാ കുടുംബം അഭിനന്ദിക്കുന്നു.

### റേഡിയോ കുറി ആരംഭിക്കുന്നു

ചെറുപുഷ്പ മിഷൻലീഗും കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയും സംയുക്തമായി ശാഖകളുടെ ഫണ്ട് സ്വരൂപിക്കാനായി റേഡിയോ

കുറി നടത്തുന്നു. മിഷൻ ഞായറാഴ്ച ദിനമായ ഒക്ടോബർ 24 -ാം തീയതി പദ്ധതിയുടെ ഉദ്ഘാടനം നടക്കത്തക്കരീതിയിൽ ശാഖയിൽ ക്രമീകരണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻപിരിവിനായി വീടുകളിൽ കൂടി പോകുമ്പോൾ റേഡിയോ കുറിയിൽ അംഗങ്ങളെ ചേർക്കാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ കത്തുകളിലൂടെ അറിയിക്കുന്നതാണ്.

റേഡിയോ കുറിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## ഫിലിപ്സ് റേഡിയോ കുറി

## നിയമാവലി

1. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെയും സഹകരണത്തോടെ ശാഖാ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിലാണ് ഈ സംരംഭം ആരംഭിക്കുക.
2. ഒക്ടോബർ 24 ന് ഞായറാഴ്ച ആരംഭിച്ച് ഡിസംബർ 19 ന് അവസാനിക്കുന്നതാണ്. 10 ആഴ്ചകളിലായി നടത്തപ്പെടുന്ന കുറിക്ക് ആകെ അടവ് 750 രൂപയാണ്.
3. 75 രൂപ വീതം 10 ആഴ്ചകളിൽ അടക്കേണ്ടതാണ്.
4. കുറിയിൽ ചേരുന്ന വ്യക്തികൾ നറുക്കെടുപ്പിന് മുമ്പ് പണമടച്ചാൽ മാത്രമേ അവരുടെ പേരുകൾ നറുക്കിൽ ഉൾപ്പെടുത്തുകയുള്ളു.
5. എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 1.30 ന് അതാത് ശാഖകളിൽ നറുക്കെടുപ്പ് നടത്തുന്നതായിരിക്കും. നറുക്ക് കിട്ടുന്ന വ്യക്തി തുടർന്നുള്ള ആഴ്ചകളിൽ പണം അടയ്ക്കേണ്ടതില്ല.
6. 3 ആഴ്ചകളിൽ സ്ഥിരമായി പണമടക്കാതിരുന്നാൽ ആ വ്യക്തിയുടെ പേര് നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കുന്നതും അടച്ച തുക തിരികെ നൽകുന്നതുമാണ്.
7. മുഴുവൻ തുക ഒറ്റ തവണയായി അടച്ചാലും റേഡിയോ ലഭിക്കുന്നതാണ്.
8. റേഡിയോയുമായി ബന്ധപ്പെട്ട ഗ്യാരന്റി ഫിലിപ്സ് കമ്പനിയുടെ നിയമാവലിക്ക് ബാധകമായിരിക്കും.
9. ഫിലിപ്സ് റേഡിയോ കുറിയുമായി ബന്ധപ്പെട്ട പരാതികൾ ശാഖാ ഡയറക്ടറുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് പരിഹരിക്കേണ്ടത്.
10. DL 225 മോഡൽ ആണ് നൽകുന്നത്.

## രൂപതാ സാഹിത്യമത്സര വിജയികൾ

### സബ്ജൂനിയർ - ജലഛായം

| | | | | |
|---|---|---|---|---|
| I | ജേക്കബ് പാറയ്ക്കൽ | A | പയ്യമ്പള്ളി | പയ്യമ്പള്ളി |
| II | അഞ്ജലി കാട്ടറത്ത് | A | ദ്വാരക | കല്ലോടി |
| III | അഥിന കൈതയ്ക്കൽ | B | വെള്ളമുണ്ട | കല്ലോടി |

### ജൂണിയർ - ജലഛായം

| | | | | |
|---|---|---|---|---|
| I | ഡാനറ്റ് വെണ്ണായപ്പിള്ളിൽ | A | നടവയൽ | നടവയൽ |
| II | അബിൻ കുഴികണ്ടത്തിൽ | A | നടവയൽ | നടവയൽ |
| III | വിനയ ആലപ്പാട്ട് | A | കല്പ്പറ്റ | കല്പ്പറ്റ |

### ആൺകുട്ടികൾ - ചെറുകഥ

| | | | | |
|---|---|---|---|---|
| I | ജോബിറ്റ് നമ്പേലിൽ | A | വെള്ളൂന്നി | കൊട്ടിയൂർ |
| I | അഖിൽ കൂട്ടുങ്കൽ | A | മാർട്ടിൻ നഗർ | പയ്യമ്പള്ളി |
| II | അമൽ മാളിയേക്കൽ | B | അമ്പലവയൽ | ബത്തേരി |
| III | നിഥിൻ | B | വെള്ളൂന്നി | കൊട്ടിയൂർ |

### പെൺകുട്ടികൾ - ചെറുകഥ

| | | | | |
|---|---|---|---|---|
| I | ശ്രേയ ചിറപ്പുറം | A | നടവയൽ | നടവയൽ |
| II | ലിലിയ പുളിന്താനംതറപ്പേൽ | A | പറളിക്കുന്ന് | നടവയൽ |
| III | ജോസിയ പാലത്തുംതലയ്ക്കൽ | | മുതിരേരി | മാനന്തവാടി |

### ആൺകുട്ടികൾ - കവിത

| | | | | |
|---|---|---|---|---|
| I | അഖിൽ ആളുക്കാരൻ | A | പറളിക്കുന്ന് | നടവയൽ |
| II | എബിൻ ജോസ് അറയ്ക്കൽ | A | പാടിച്ചിറ | പുൽപ്പള്ളി |
| III | വിപിൻ വട്ടകൈതപുത്തൻവീട് | B | പട്ടാണിക്കൂപ്പ് | പുൽപ്പള്ളി |

### പെൺകുട്ടികൾ - കവിത

| | | | | |
|---|---|---|---|---|
| I | ഗീതു പറയിടത്തിൽ | A | ദീപ്തിഗിരി | കല്ലോടി |
| II | അൽഫോൻസ് വെണ്ടർമാലിൽ | A | പയ്യമ്പള്ളി | പയ്യമ്പള്ളി |
| III | അഞ്ജു കൂട്ടുങ്കൽ | B | ആടികൊല്ലി | പുൽപ്പള്ളി |

### ആൺകുട്ടികൾ - ഉപന്യാസം

| | | | | |
|---|---|---|---|---|
| I | ഡാനി പാലംപറമ്പിൽ | A | പുതിയിടംകുന്ന് | കല്ലോടി |
| II | മിഥുൻ മഠത്താശ്ശേരി | A | പുതുശേരി | കല്ലോടി |
| III | ആൽബിൻ വെള്ളാരംകുന്നേൽ | A | കാവുംമന്ദം | തരിയോട് |

### പെൺകുട്ടികൾ - ഉപന്യാസം

| | | | | |
|---|---|---|---|---|
| I | അഖില പെരുവാഴയിൽ | A | നെയ്കുപ്പ | നടവയൽ |
| II | അനീഷ പുലിക്കുന്നേൽ | A | പാടിച്ചിറ | പുൽപ്പള്ളി |
| III | അഞ്ജലി ഏറത്ത്മലയിൽ | A | യവനാർകുളം | മാനന്തവാടി |

**സിനിയർ - ഡ്രോയിംഗ്**

| | | | |
|---|---|---|---|
| I | കുര്യാക്കോസ് പത്തായപുരയ്ക്കൽ | A കേളകം | കൊട്ടിയൂർ |
| II | പ്രവീൺ മുല്ലയ്ക്കൽ | A ദീപ്തിഗിരി | കല്ലോടി |
| III | മനു മഠത്തിപറമ്പിൽ | B മാർട്ടിൻനഗർ | പയ്യമ്പള്ളി |

**ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | ഷെമിൽ പഴയംകോട്ടിൽ | A ദീപ്തിഗിരി | കല്ലോടി |
| II | ഷോൺ വേലിയ്ക്കകത്ത് | A കൊട്ടിയൂർ | കൊട്ടിയൂർ |
| III | ക്രിസ്റ്റീൻ താന്നിക്കാലായിൽ | A പറളിക്കുന്ന് | നടവയൽ |
| III | ബിബിൻ ആലയ്ക്കൽ | A കയ്യൂന്നി | ഗൂഡല്ലൂർ |

**പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | റ്റിന്റു പുന്നോലിൽ | A വെള്ളമുണ്ട | കല്ലോടി |
| II | നിമിഷ പൂക്കൊമ്പിൽ | A കല്ലോടി | കല്ലോടി |
| III | വിജിത നീറാംപുഴ | A നെടുമ്പാല | കല്പ്പറ്റ |

**സീനിയർ ആൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | തോമസ് കൊച്ചുകുടിയിൽ | A അമ്പലവയൽ | ബത്തേരി |
| II | മാത്യു നടുവിലേമുറി | B വെള്ളൂന്നി | കൊട്ടിയൂർ |
| III | പ്രിൻസ് പൈനാടത്ത് | B മാർട്ടിൻനഗർ | പയ്യമ്പള്ളി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | മെർലിൻ കരിമാലിൽ | A തെനേരി | കല്പ്പറ്റ |
| II | ക്രിസ്റ്റീന അമ്പലത്തറ | A സീതാമൗണ്ട് | പുൽപ്പള്ളി |
| III | മേരി പറമറ്റം | A പാൽച്ചുരം | കൊട്ടിയൂർ |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | ഷെമിൻ പഴയംകോട്ടിൽ | A ദീപ്തിഗിരി | കല്ലോടി |
| II | ജ്യോതിസ് ഇലഞ്ഞിക്കുഴി | B കല്ലോടി | കല്ലോടി |
| III | ആൽവിൻ അഗസ്റ്റിൻ താന്നിക്കാലായിൽ | B പറളിക്കുന്ന് | നടവയൽ |

**പെൺകുട്ടികൾ ഉപന്യാസം**

| | | | |
|---|---|---|---|
| I | ജിതിഷ കാക്കനാട്ട് | A വാകേരി | ബത്തേരി |
| II | എലിസബത്ത് പേയ്ക്കൽ | A കല്ലോടി | കല്ലോടി |
| III | അൽഫോൻ കട്ടക്കയം | A ഇടിവണ്ണ | നിലമ്പൂർ |

**സൂപ്പർ സീനിയർ ആൺകുട്ടികൾ ചെറുകഥ**

| | | | |
|---|---|---|---|
| I | അബിലാഷ് താഴത്ത് | A വെള്ളമുണ്ട | കല്ലോടി |
| II | സജി വട്ടക്കാമുകളേൽ | B കല്പ്പറ്റ | കല്പ്പറ്റ |
| III | അജയ് ജോസ് | B തെനേരി | കല്പ്പറ്റ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I ഷീല പാലത്തുംതലയ്ക്കൽ | B | മുതിരേരി | മാനന്തവാടി |
| II ഷൈല പാലത്തുംതലയ്ക്കൽ | B | മുതിരേരി | മാനന്തവാടി |
| III മഞ്ജു കുന്നോല | B | വെള്ളൂന്നി | കൊട്ടിയൂർ |

**പെൺകുട്ടികൾ ഉപന്യാസം**

| | | | |
|---|---|---|---|
| I മിനി കൊല്ലംമാക്കിൽ | A | ആറാട്ടുതറ | പയ്യമ്പള്ളി |
| II ശ്രുതി നെടുങ്ങാട്ട്കുഴിയിൽ | A | മീനങ്ങാടി | ബത്തേരി |
| III ഷീജ കാഞ്ഞിരക്കാട്ട് | A | കത്തീഡ്രൽ | മാനന്തവാടി |

**പെൺ. കവിത**

| | | | |
|---|---|---|---|
| I അനുമോൾ ചിരിയംങ്കണ്ടത്ത് | A | മൂലങ്കാവ് | ബത്തേരി |
| II ത്രേസ്യ നെടിയാകുഴി | A | കൊമ്മയാട് | കല്ലോടി |
| III ഷീന മനയ്ക്കൽ | A | കേളകം | കൊട്ടിയൂർ |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I വിൽസൻ തേക്കിനാൽ | A | കല്ലോടി | കല്ലോടി |
| II ക്ലമന്റ് കുഴികണ്ടത്തിൽ | A | മൂലങ്കാവ് | ബത്തേരി |
| III സജി വട്ടക്കാമുകളേൽ | A | കൽപ്പറ്റ | കല്പ്പറ്റ |

**സൂപ്പർസീനിയർ ആൺ. കവിത**

| | | | |
|---|---|---|---|
| I അഭിലാഷ് താഴത്ത് | A | വെള്ളൂന്നി | കല്ലോടി |
| II ബിജു കണിയാരകത്ത് | A | മണ്ണുവയൽ | ഗൂഡല്ലൂർ |
| III റോബിൻ പേഴേക്കാട്ടിൽ | A | വെള്ളൂന്നി | കൊട്ടിയൂർ |

**മേഖലാ വാർത്തകൾ**

**മണിമൂളി**

രൂപതാ സാഹിത്യമത്സരം നടത്തി. 'നേരിനൊപ്പം' ശാഖകളിൽ ആരംഭിച്ചു. ടോപ്പ് റിപ്പോർട്ടറെ തെരഞ്ഞെടുത്തു. മണിമൂളി പാലാങ്കര ശാഖകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനത്തെത്തി. ഗോസ്പെൽ നെറ്റ്സ് SMS വഴി വിശുദ്ധവചനങ്ങൾ കൈമാറുന്നതിന് ആരംഭം കുറിച്ചു. 'പ്രേഷിത' മുഖപത്രം ഇറക്കുന്നു.

**പയ്യമ്പള്ളി**

ജോ. ഡയറക്ടേഴ്സിന്റെ സംഗമം നടത്തി. രൂപതാസാഹിത്യമത്സരം മേഖലയിൽ വെച്ച് നടത്തി. ടീം മീറ്റിംഗ് നടത്തി. കലാമത്സര വിജയത്തിന് പ്രത്യേക ആരാധന നടത്തി.

**ബത്തേരി**

മേഖലാതല സാഹിത്യ ശില്പശാല സംഘടിപ്പിച്ചു. കുഞ്ഞേട്ടന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണയോഗം

നടത്തി. കുഞ്ഞേട്ടന്റെ കുടുംബാംഗങ്ങൾക്ക് കത്തുകൾ അയച്ചു. മേഖല ഭാരവാഹികൾ ശാഖകൾ സന്ദർശിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോസ്ന പാറക്കുന്നേലിന് ആശംസകൾ അർപ്പിച്ചു. ചിത്രഗിരി ശാഖ പ്രസിഡന്റ് ഷൈജു പച്ചിക്കലിന്റെ അകാല വിയോഗത്തിൽ മേഖല അനുശോചിച്ചു.

**നടവയൽ - സാൾട്ട് 2010**

CML നടവയൽ മേഖലയിൽ 10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ സംഗമം നടത്തി. മുൻ ദേശീയ ഡയറക്ടർ റവ. ഫാ. ആന്റണി തെക്കേമുറി ക്ലാസ്സ് നയിച്ചു.

**ടീം ട്രെയിനിംഗ്**

മേഖലാതല ടീം ട്രെയിനിംഗ് നടത്തി. ശ്രീ. ബാബു ചിറപ്പുറം ക്ലാസ്സ് നയിച്ചു.

**ശാഖാ വാർത്തകൾ**

*തെനേരി* - ഓണക്കിറ്റ് വിതരണം ചെയ്തു.

*മുട്ടിയേൽ* - രോഗി സന്ദർശനം നടത്തി. വോളിബോൾ കളി പരിശീലനം തുടങ്ങി.

*ഏലപ്പീടിക* - മിഷൻലീഗിന്റെ നേതൃത്വത്തിൽ വാഴ നട്ടു.

*കാവുംമന്ദം* - സമരിറ്റൻഭവൻ സന്ദർശിച്ചു. അരിയും സാധനവും നൽകി.

*പൂളപ്പാടം* - സിമിത്തേരി വൃത്തിയാക്കി.

*പുതുശേരി* - കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുമായി സഹകരിച്ച് കർഷകർക്ക് 3500 കശുമാവിൻ തൈകൾ വിതരണം ചെയ്തു. പള്ളിപരിസരത്ത് കശുമാവിൻ തൈകൾ നട്ടു.

*പുതുശേരിക്കടവ്* - മേഖലാ മത്സരത്തിൽ ഒന്നാംസ്ഥാനം നേടി.

*പടമല* - ആരാധന നടത്തി.

*മരക്കടവ്* - പാവപ്പെട്ട രണ്ട് കുടുംബങ്ങൽക്ക് അരിയും വസ്ത്രവും നൽകി.

*ബത്തേരി* - സംസ്ഥാന വൈസ്പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട ജോസ്ന പാറക്കുന്നേലിനെ അനുമോദിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ബലിയും ഒപ്പീസും നടത്തി.

*തവിഞ്ഞാൽ* - ക്രിസ്റ്റീൻ ധ്യാനം നടത്തി. റവ. ഫാ. ടോമി പുത്തൻപുരക്കൽ & ടീം നേതൃത്വം നൽകി. കുഞ്ഞേട്ടൻ അനുസ്മരണ യോഗത്തിൽ "മിഷൻലീഗിന്റെ വളർച്ചയിൽ കുഞ്ഞേട്ടനുള്ള പങ്ക്" എന്ന വിഷ

യത്തെ ആസ്പദമാക്കി ശ്രീ. ജോൺസൺ ചിറായിൽ ക്ലാസ്സ് നയിച്ചു.
*പനവല്ലി* – യുവജന സെമിനാർ. ശ്രീ. ജോൺസൺ ചിറായിൽ ക്ലാസ് നയിച്ചു.
*ബോയിസ് ടൗൺ* – കുഞ്ഞേട്ടൻ അനുസ്മരണ പതിപ്പ് തയ്യാറാക്കി പ്രദർശിപ്പിച്ചു.
*വാകേരി* – ഏകദിന സെമിനാർ, ജാഗരണപ്രാർത്ഥന ഇവ നടത്തി.
*ഇടയൂർക്കുന്ന്* – പള്ളിപരിസരം വൃത്തിയാക്കി.
*പുതിയിടംകുന്ന്* – മിഷൻലീഗ് എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ അധ്യാപകർക്ക് അധ്യാപകദിനം ആശംസിക്കുകയും അധ്യാപകർക്കായി വ്യത്യസ്തങ്ങളായ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.
*നിലമ്പൂർ* – കുഞ്ഞേട്ടന്റെ ഒന്നാം ചരമവാർഷികത്തിന് ദിവ്യബലി അർപ്പിച്ചു.
*പ്രശാന്തഗിരി* – ഓണാഘോഷപരിപാടികൾ നടത്തി. സെപ്റ്റംബർ 8–ന് കൊന്ത, വി.കുർബാന എന്നിവയ്ക്ക് CML നേതൃത്വം നൽകി.
*കടൽമാട്* – മിഷൻലീഗ് അംഗങ്ങൾ കടൽമാട് ഗവ.സ്കൂൾ പരിസരം വൃത്തിയാക്കി.
*അപ്പപ്പാറ* – കുഞ്ഞേട്ടൻ അനുസ്മരണ ദിവ്യബലിയും പ്രാർത്ഥനയും നടത്തി.
*കല്ലോടി* – മേഖലാതല കലാമത്സരത്തിൽ ഒന്നാംസ്ഥാനം നേടി.
*കണിയാരം* – അഭിവന്ദ്യ ഞരളക്കാട്ട് പിതാവിന് സ്വീകരണം നൽകുകയും 'കത്തീഡ്രൽ വോയ്സ്' പിതാവ് പ്രകാശനം ചെയ്തു.
*ചാരിറ്റി* – കുട്ടികൾ കാഴ്ച സമർപ്പണം നടത്തി, കാഴ്ചവെച്ച നോട്ടു ബുക്ക് പാവപ്പെട്ട ഒരു കുട്ടിക്ക് നൽകി. രോഗിസന്ദർശനം നടത്തി.
*കുന്നൂർ* – കുഞ്ഞേട്ടനെ അനുസ്മരിച്ച് ദിവ്യബലി അർപ്പിച്ചു.
*തേൾപ്പാറ* – മിഷൻഗ്രാമങ്ങളെ അനുസ്മരിച്ച് കത്ത് അയച്ചു.
*പട്ടാണിക്കൂപ്പ്* – ഒരു പാവപ്പെട്ട കുടുംബത്തിന് അരിയും കുട്ടികൾക്ക് പഠനോപകരണങ്ങളും നൽകി.
*പാലാങ്കര* – കലാ മത്സരത്തിൽ ശാഖ രണ്ടാംസ്ഥാനം കരസ്ഥമാക്കി. ഓണാഘോഷപരിപാടികൾ നടത്തി.

**ബിനു മാങ്കൂട്ടത്തിൽ**
സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരിന് കളങ്കം വരുത്തിക്കൊണ്ട് ഉയരുന്ന വിഷമദ്യദുരന്തങ്ങളുടെ രോദനങ്ങൾ കേരളജനതയുടെ സംസ്കാരത്തിന്റെ വിള്ളലുകൾ ഉയർത്തിക്കാണിക്കുന്നു. കേരളം ഒരു മദ്യാലയമായി മാറി, സാമൂഹ്യ സാംസ്കാരിക അപചയങ്ങളുടെ പുകപടലങ്ങൾ അന്തരീക്ഷത്തിൽ അലയടിക്കുന്നു... കഴിഞ്ഞ കാലങ്ങളിലായി എത്രയെത്ര വിഷമദ്യ ദുരന്തങ്ങൾ കേരളജനതകണ്ടു. വിറങ്ങലിച്ച ശവശരീരങ്ങൾ കുന്നുകൂട്ടിയിടുമ്പോഴും മദ്യാസക്തി കേരളജനതയെ വീണ്ടും ശവപ്പറമ്പുകളാക്കുന്നു. 1981 ലെ പുനലൂർ ദുരന്തത്തിൽ 34 പേർ, 1982 ലെ വൈപിൻ വിഷമദ്യ ദുരന്തത്തിൽ 786 പേർ, 2000 ലെ കല്ലുവാതുക്കൽ ദുരന്തത്തിൽ 32 പേർ, ഈ വർഷം മലപ്പുറത്ത് വഴിയോരത്ത് വീണ് പിടഞ്ഞത് 28 ജീവിതങ്ങൾ!

വീര്യവും വിഷവുമുള്ള മദ്യം വ്യാജമദ്യദുരന്തത്തിന് കാരണമാകുന്നു. അമിതമായ ഇതൈൻ ആൽക്കഹോളിന്റെ ഉപയോഗം വിഷമദ്യദുരന്തങ്ങളിലേക്ക് വഴി തുറക്കുന്നു. ഇവിടെ യുവതലമുറ ജാഗ്രത പാലിക്കണം. ഈ സാമൂഹിക വിപത്തിനെതിരെ പ്രതികരിക്കുവാനും, സർക്കാരിന്റെ വികലമായ മദ്യനയത്തെ എതിർക്കുവാനും, സമൂഹത്തെ മലിമസമാക്കുന്ന, സംസ്കാരത്തെ തച്ചുടയ്ക്കുന്ന സാമൂഹ്യവിപത്തുകളുടെ മുമ്പിൽ ധാർമ്മിക യുവജനത ജാഗ്രത പുലർത്തുവാനും പരിശ്രമിക്കണം. വ്യാജമദ്യത്തിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കി, രാഷ്ട്രീയ നേതൃത്വത്തിന്റെ മദ്യമാഫിയാബന്ധം ഇല്ലാതാക്കിക്കൊണ്ടും, മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും പഞ്ചായത്ത് രാജിലെ 232, 447 വകുപ്പുകൾ പുന:സ്ഥാപിക്കുവാനും സർക്കാർ തയ്യാറാകണം. സമൂഹജീവിതത്തെ തമോമയമാക്കുന്ന സാമുഹ്യവിപത്തുകളെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്ന സമൂഹമാകുവാൻ, സംസ്കാരസമ്പന്നമായ

ഒരു സമൂഹത്തിന്റെ ശില്പികളാകുവാൻ നമ്മുക്ക്, യുവതലമുറയ്ക്ക് പ്രതിജ്ഞാബദ്ധമാകാം.

ഒപ്പം, അടുത്തുവരുന്ന ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിശ്വാസാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ ഒരു നേതൃനിരയെ നമ്മുടെ വോട്ടവകാശം ശരിയായി വിനിയോഗിച്ചുകൊണ്ട്, സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നമ്മുക്ക് കൈപിടിച്ചുയർത്താം. നാടിന്റെ നന്മയും വികസനവും നമ്മുടെ കൈകളിൽ എന്ന ചിന്താധാരയോടെ, വോട്ടവകാശം നഷ്ടമാക്കാതെ, വികസനോന്മുഖമായ നാളെയുടെ പുലരിയിലേക്ക് നമുക്ക് കരങ്ങൾ കോർക്കാം.

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

### ഉത്സവ് - 2010 മാനന്തവാടിയിൽ

2010 വർഷത്തെ സംസ്ഥാന കലാസാഹിത്യ മത്സരങ്ങൾ ഡിസംബർ 3,4,5 തീയതികളിൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചു നടക്കും. ഇതിന്റെ വിജയത്തിനായി 10-9-10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സംഘാടകസമിതി രൂപീകരിച്ചു. അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവ്, അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് എന്നിവർ രക്ഷാധികാരികളും മോൺ ജോർജ് മൂലയിൽ, സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ എന്നിവർ സഹരക്ഷാധികാരിമാരും, രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ചെയർമാനും, രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ ജനറൽ കൺവീനറും ആയിരിക്കും. വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും കമ്മറ്റിയുടെ ചെയർമാൻമാരെയും കൺവീനർമാരെയും അംഗങ്ങളെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഉത്സവ് 2010 ന്റെ വിജയത്തിനായി ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

### നാഷണൽ യൂത്ത് കൺവെൻഷൻ

നാഷണൽ യൂത്ത് കൺവെൻഷൻ NYC 2010 ഷില്ലോംങ്ങിൽ വച്ച് 2010 ഒക്ടോബർ 10 മുതൽ 18 വരെ നടക്കും. രൂപതയിൽ നിന്നും ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, സജിൻ ചാലിൽ, ബെന്നി പച്ചിക്കൽ, ആന്റണി മങ്കടപ്ര, സി. ജെസ്ലിമ എസ്.ഡി., നീന വടക്കേൽ എന്നിവർ പങ്കെടുക്കും.

### ലോകയുവജന സമ്മേളനം WYD-2011.
### സ്പെയിൻ-മാഡ്രിഡിൽ

2011 വർഷം ഓഗസ്റ്റ്മാസം സ്പെയിനിലെ മാഡ്രിഡിൽവച്ച് നടക്കുന്ന ലോകയുവജന സമ്മേളനത്തിൽ പങ്കെടുക്കുവാൻ യുവജന

ങ്ങൾക്ക് ഒരവസരം. 66,000 രൂപയാണ് ടിക്കറ്റ് ചാർജ്ജ്. താൽപര്യമുള്ളവർ ഒക്ടോബർ 31–നകം കെ.സി.വൈ.എം. രൂപതാ ഓഫീസിൽ ബന്ധപ്പെടുക.

## എക്സൈസ് ഓഫീസ് ധർണ

മലപ്പുറം വിഷക്കള്ള് ദുരന്ത പശ്ചാത്തലത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് 18–9–10 ന് മാനന്തവാടി എക്സൈസ് ഓഫീസിലേക്ക് മാർച്ച് നടത്തി. കേരള മദ്യവിരുദ്ധസമിതി ജില്ലാ സെക്രട്ടറി ശ്രീ. എ.പി. ചന്ദ്രശേഖരൻ ധർണ്ണ ഉത്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ, ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, ബെന്നി പച്ചിക്കൽ, ആന്റണി മങ്കടപ്ര എന്നിവർ പ്രസംഗിച്ചു. ഷംജിത്ത് ചേലയ്ക്കൽ, ഷിബു പുതിയവീട്ടിൽ, ബിനോയ് പാനികുളം എന്നിവർ നേതൃത്വം നൽകി.

## ICYM Training Programme

ഒക്ടോബർ 10 മുതൽ 18 വരെ ICYM ന്റെ നേതൃത്വത്തിൽ ഷില്ലോംങ്ങിൽ വച്ച് നടക്കുന്ന ദേശീയ കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി എറണാകുളത്തുവച്ച് നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ മാനന്തവാടി രൂപതയിൽ നിന്നും രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി., പ്രസിഡന്റ് സജിൻ ജോസ് ചാലിൽ, ശ്രീ. ബെന്നി പച്ചിക്കൽ, ശ്രീ. വിപിൻ പനമട, ശ്രീ. ആന്റണി മങ്കടപ്ര എന്നിവർ പങ്കെടുത്തു.

## സംസ്ഥാന ക്യാമ്പ് നവംബർ 5, 6, 7 തീയതികളിൽ – മുള്ളൻകൊല്ലിയിൽ

2010 ലെ സംസ്ഥാന ക്യാമ്പ് നവംബർ 5, 6, 7 തീയതികളിൽ മുള്ളൻകൊല്ലിയിൽ വച്ച് നടക്കും. ഓരോ യൂണിറ്റിൽ നിന്നും 3 അംഗങ്ങൾ സംസ്ഥാന ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജി.ഫീസ് 100 രൂപ. പങ്കെടുക്കുന്നവരുടെ പേരുകൾ ഒക്ടോബർ 31–ന് മുമ്പ് കെ.സി.വൈ.എം. രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. യൂണിറ്റ് ആനിമേറ്റർമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

## KCYM യുവജനസർവ്വേ

ഇടവകകളിൽ നിന്നും പഠനത്തിനും ജോലിക്കുമായി പുറത്തുപോയവരുടെ പേര് വിവരങ്ങൾ കൃത്യമായ അഡ്രസ്സോടുകൂടെ ഫോൺ നമ്പർ അടക്കം ശേഖരിക്കുമല്ലൊ. സർവ്വേയുടെ ഒരു കോപ്പി ഒക്ടോബർ 31–ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### നാമഹേതുകതിരുനാൾ

സെപ്റ്റംബർ 21-ന് നാമഹേതുക തിരുനാൾ ആചരിച്ച ബഹു. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പേരിൽ തിരുനാൾ ആശംസകൾ സെക്രട്ടറി യേറ്റ് നൽകി. ഒപ്പം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ഡെന്നീസ് കഴുതാടിയിൽ, സി.എം.എൽ. ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര യിൽ കോർപ്പറേറ്റ് മാനേജർ റവ.ഫാ. റോബിൻ വടക്കുംചേരി എന്നി വർക്കും തിരുനാൾ ആശംസകൾ നേർന്നു.

### യൂണിറ്റ് സന്ദർശനം

*പുൽപ്പള്ളി മേഖല : ഒക്ടോബർ 17* :- ഇരുളം, മരകാവ്, മരക്ക ടവ്, മുള്ളൻകൊല്ലി, പട്ടാണിക്കൂപ്പ്, പുൽപ്പള്ളി, ശിശുമല, അമരക്കുനി.

*പയ്യമ്പള്ളി മേഖല : ഒക്ടോബർ 24* :- ആറാട്ടുതറ, കമ്മന, ഒണ്ട യങ്ങാടി, പടമല, പയ്യമ്പള്ളി, തൃശ്ശിലേരി.

*കൊട്ടിയൂർ മേഖല : ഒക്ടോബർ 31* :- അടയ്ക്കാത്തോട്, അമ്പാ യത്തോട്, ചുങ്കക്കുന്ന്, കേളകം, കൊട്ടിയൂർ, ശാന്തിഗിരി, വെള്ളൂന്നി, നെല്ലിയോടി, പാൽച്ചുരം.

യൂണിറ്റ് ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### മേഖലാ വാർത്തകൾ

#### മാനന്തവാടി മേഖല

9-8-10 ന് തവിഞ്ഞാലിൽ വച്ച് മേഖലാ സിൻഡിക്കേറ്റ് കൂടി. കെ.സി.വൈ.എം. ബത്തേരി മേഖല പ്രസിഡന്റായിരുന്ന ഷൈജു പച്ചി ക്കലിന്റെ സംസ്കാരചടങ്ങിൽ മേഖല സിൻഡിക്കേറ്റ് അംഗങ്ങൾ പങ്കെ ടുക്കുകയും, റീത്ത് സമർപ്പിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

അപകടത്തിൽ പരിക്കേറ്റ മേഖലാ പ്രസിഡന്റ് ബിജു പുത്തൻക ണ്ടത്തിനെ സിൻഡിക്കേറ്റ് അംഗങ്ങൾ സന്ദർശിച്ചു.

28-8-10 ന് മേഖലാ കലാമത്സരം 'പേൾ-2010' കണിയാരത്ത് വച്ച് നടന്നു. കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ്ജ് മൈലാടൂർ നിലവി ളക്ക് കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശാന്തഗിരി, പോരൂർ, കണി യാരം എന്നീ യൂണിറ്റുകൾ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടി. സമാ പന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ.സണ്ണി കൊല്ലാർതോട്ടം സമ്മാനദാനം നിർവ്വഹിക്കുകയും കത്തീഡ്രൽ അസി.വികാരി റവ.ഫാ. മനോജ് കാക്കോനാൽ ആശംസയർപ്പിക്കുകയും ചെയ്തു.

**തരിയോട് മേഖല**

തരിയോട് മേഖലാ സാഹിത്യമത്സരം 8-8-10 ന് കാവുംമന്ദം ലൂർദ്ദ് പള്ളിയിൽവച്ച് നടന്നു. മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനി ഉത്ഘാടനകർമ്മം നിർവ്വഹിച്ചു. 6 യൂണിറ്റുകളിൽ നിന്നും 40 ഓളം യുവതീയുവാക്കൾ മത്സരത്തിൽ പങ്കെടുത്തു.

മേഖലാ കലാമത്സരം 'അരങ്ങ്-2010' കാവുമന്ദം ലൂർദ്ദ് മാതാ ഓഡിറ്റോറിയത്തിൽ നടന്നു. തരിയോട് ഫൊറോന വികാരി റവ.ഫാ. മാത്യു പൈക്കാട്ട് ഉത്ഘാടനം ചെയ്തു. എബിൻ മുട്ടാപ്പള്ളി അദ്ധ്യക്ഷനായിരുന്നു. ചെന്നലോട്, തരിയോട്, കാവുമന്ദം എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും സമാപന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ചെന്നലോട് യൂണിറ്റിന് ഓവറോൾ ട്രോഫി നൽകുകയും ചെയ്തു.

**കൊട്ടിയൂർ മേഖല**

25-8-10 ന് കെ.സി.വൈ.എം. കൊട്ടിയൂർ മേഖലയിൽ മേഖലാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി. മേഖലാ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. പൂക്കളമത്സരം വിവിധ കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

29-8-10 ന് ചുങ്കക്കുന്ന് യൂണിറ്റിൽ വച്ച് മേഖലാ സാഹിത്യമത്സരം നടത്തി.

**തവിഞ്ഞാൽ യൂണിറ്റ്**

തവിഞ്ഞാൽ യൂണിറ്റിലെ 35 ഓളം യുവജനങ്ങൾ ഇടവകയിലെ 400 ഓളം കുടുംബങ്ങൾ സന്ദർശിച്ചു. ഇടവകയിലെ യുവജനങ്ങളുടെ മേൽവിലാസം ശേഖരിക്കുക, രോഗികളായവരേയും വൃദ്ധരേയും സന്ദർശിക്കുക, അശരണരേയും അടിയന്തരസഹായങ്ങൾ ആവശ്യമുള്ളവരേയും കണ്ടെത്തുക എന്നിവ ഭവനസന്ദർശനത്തിന്റെ ലക്ഷ്യങ്ങളായിരുന്നു. വീടുകളിൽ നിന്നും ഉപയോഗയോഗ്യമായ വസ്തുക്കൾ ശേഖരിച്ച് ബോയ്സ് ടൗൺ ഓർഫനേജിലെ വിദ്യാർത്ഥി സഹോദരങ്ങൾക്ക് എത്തിച്ചുകൊടുത്തു.

ഇടവക ജനങ്ങൾക്ക് വേണ്ടി കെ.സി.വൈ.എം. സംഘടിപ്പിച്ച ഭരണങ്ങാനം തീർത്ഥയാത്രയിൽ 35 പേർ പങ്കെടുത്തു. 22-8-10 കെ.സി.വൈ.എം., സി.എം.എൽ. സംയുക്തമായ് പൊതുഓണാഘോഷം സംഘടിപ്പിച്ചു. വിവിധ മത്സരങ്ങൾ, പായസവിതരണം എന്നിവ ഉണ്ടായിരുന്നു.

**മരക്കടവ് യൂണിറ്റ്**

മരക്കടവ് യൂണിറ്റ് Oldage home -ൽ വച്ച് ഓണാഘോഷം സംഘടിപ്പിക്കുകയും വിവിധ കലാമത്സരങ്ങൾ നടത്തുകയും ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, പ്രസിഡന്റ് സജിൻ ജോസ് ചാലിൽ, വിപിൻ പനമട എന്നിവർ പങ്കെടുത്തു. മേഖലാ ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ, ആനിമേറ്റർ സി. ലിസ്സി എസ്.സി.വി., മേഖലാ യൂണിറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**പടമല യൂണിറ്റ്**

ആഗസ്റ്റ് 1 ന് യുവജന കൂട്ടായ്മ നടത്തി. 9-8-10 ന് ഒണ്ടയങ്ങാടിയിൽ വച്ച് നടന്ന രാഷ്ട്രദർശൻ സെമിനാറിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മേഖലാ സാഹിത്യമത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും മൂന്നാംസ്ഥാനം നേടുകയും ചെയ്തു.

**പുതിയിടം യൂണിറ്റ്**

കെ.സി.വൈ.എം. പുതിയിടം യൂണിറ്റിൽ കേരളത്തിന് വെളിയിൽ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന യുവജനങ്ങളുടെ അഡ്രസ്സ് ശേഖരിക്കുന്നതിന് ആനിമേറ്റർ സി. മേഴ്സി എസ്.എച്ചിന്റെ നേതൃത്വത്തിൽ യൂണിറ്റ് അംഗങ്ങൾ കുടുംബ സന്ദർശനം നടത്തി.

മാനന്തവാടി മേഖലാ കലാ, സാഹിത്യ മത്സരങ്ങളിൽ പുതിയിടം യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**ശാന്തിഗിരി യൂണിറ്റ്**

കെ.സി.വൈ.എം. ശാന്തിഗിരി യൂണിറ്റിൽ ഓണാഘോഷം സംഘടപ്പിച്ചു. പൂക്കളമത്സരം, പായസവിതരണം എന്നിവ ഉണ്ടായിരുന്നു. റവ. ഫാ. സിജോ പാലാത്ത്, സി. വിൻസി ജോൺ എഫ്.സി.സി. എന്നിവർ പങ്കെടുത്തു. യൂണിറ്റ് അംഗങ്ങൾ നേതൃത്വം നൽകി. സെപ്റ്റംബർ 8 മാതാവിന്റെ ജനനതിരുനാൾ ആഘോഷത്തിൽ ജപമാല, വി. കുർബാന എന്നിവയ്ക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ആഗസ്റ്റ് 27 മുതൽ 30 വരെ നടന്ന MPC കോഴ്സിൽ 50 പേരും, ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെപ്റ്റംബർ 5 മുതൽ 8 വരെ നടന്ന MPC കോഴ്സിൽ 72 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | | |
|---|---|---|---|
| ഒക്ടോബർ | 09 – 12 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ | 27 – 30 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ | 08 – 11 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ | 19 – 22 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

### കത്തോലിക്കാ മാതൃസംഘടന

സെപ്റ്റംബർ 09 ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. അടുത്ത വർഷത്തേയ്ക്കുള്ള മാതൃസംഘടനയുടെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി ഓരോ മാസത്തെയും കാര്യങ്ങൾ വളറെ വിശദമായി ചർച്ച ചെയ്തു തീരുമാനിക്കുകയുണ്ടായി. സെപ്റ്റംബർ, ഒക്ടോബർ മാസത്തെ രൂപതാ വിസിറ്റിനേക്കുറിച്ചും അതിൽ പങ്കെടുക്കേണ്ടവരെക്കുറിച്ചും തീരുമാനിച്ചു. രൂപതാ സെക്രട്ടറിയായ ശ്രീ. ഫിലോ ചേലയ്ക്കലിനെ ഒണ്ടയങ്ങാടി ശാഖയിലെ ഭാഗ്യവതിയായ അമ്മയായി തെരഞ്ഞെടുത്തു. അതിൽ രൂപതാ ടീം അഭിനന്ദിച്ചു. അടുത്ത എക്സിക്യൂട്ടീവ് ഒക്ടോബർ 11 ന്.

### മണിമൂളി മേഖല

2010 ഓഗസ്റ്റ് 31-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് മേഖലാ ജനറൽ ബോഡിയും രൂപതാ സന്ദർശനവും നടത്തി. രൂപത

യിൽ നിന്നു രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ, രൂപതാ ആനിമേറ്റർ സി. ടെസീന SABS, ശ്രീമതി മോളി കരിമ്പനാംകുഴി, ഡോ. വൽസല, ശ്രീമതി ലിസ്സി എന്നിവർ പങ്കെടുത്തു. ബഹു. ഡെന്നീസച്ചൻ ആമുഖപ്രസംഗം നടത്തി. സി. ടെസീന കുട്ടികളുടെ വളർച്ചയിൽ അമ്മമാരുടെ പങ്കിനേയും ഉത്തരവാദിത്വത്തേയും കുറിച്ച് ക്ലാസെടുത്തു. ഒമ്പത് ശാഖകളിൽ നിന്ന് 100 അമ്മമാർ പങ്കെടുത്തു. തുടർന്ന് രണ്ട് ഗ്രൂപ്പായി തിരിഞ്ഞ് ചർച്ച നടത്തി. ചർച്ചയിൽ വന്ന ആശയങ്ങൾ ഉൾപ്പെടുത്തി ബഹു. ഡെന്നീസച്ചൻ ആശയങ്ങൾ വിവരിച്ചുതന്നു.

തുടർന്ന് മേഖലാ മീറ്റിംഗ് ചേരുകയും മേഖലയിൽ നടന്ന കലാമത്സരങ്ങൾക്ക് മേഖലാ ഡയറക്ടർ ഫാ. കുര്യാക്കോസ് കുമ്പിക്കൽ സമ്മാനദാനം നൽകുകയും ചെയ്തു. രൂപതാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ലളിതഗാനം, മോണോ ആക്ട് എന്നിവ അവതരിപ്പിച്ചു. സെക്രട്ടറി നന്ദി പറയുകയും ചെയ്തു.

## തരിയോട് മേഖല

4-9-10 രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് അച്ചന്റെ നേതൃത്വത്തിൽ രൂപതാ ടീം തരിയോട് മേഖലാസന്ദർശനം നടത്തി. ചെന്നലോട് ദേവാലയത്തിൽ വെച്ച് ചേർന്ന മീറ്റിംഗിൽ 5 ശാഖകളുടെ ഭാരവാഹികൾ പങ്കെടുക്കുകയും മേഖലാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാലക്കിയച്ചൻ സ്വാഗതമാശംസിക്കുകയും ചെയ്തു. മക്കളുടെ ഭാവി ഭദ്രമാക്കേണ്ട മാതാപിതാക്കൾ പണസമ്പാദനത്തിന് പ്രാധാന്യം നൽകുമ്പോൾ ജീവിതമൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചും ബഹു. ഡെന്നീസച്ചനും, മക്കളുടെ രൂപീകരണത്തിൽ മാതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ആനിമേറ്റർ സി. ടെസീനയും ക്ലാസെടുത്തു. ഗ്രൂപ്പ് ചർച്ചകൾക്ക് രൂപതാ ടീം നേതൃത്വം കൊടുക്കുകയും റിപ്പോർട്ട് ബുക്ക്, കണക്ക് എന്നിവ പരിശോധിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും ബഹു. ഡെന്നീസച്ചൻ നൽകുകയും ചെയ്തു. മേഖലാ ആനിമേറ്റർ സി. ആൻസി ജോസ് നന്ദി അർപ്പിച്ചു.

## മാനന്തവാടി മേഖല

മാനന്തവാടി മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ 1-9-10 ന് കണിയാരത്ത് വെച്ച് മേഖലാ എക്സിക്യൂട്ടീവ് കൂടി. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ആനിമേറ്റർ സി. ജോസ്ന എല്ലാവരെയും സ്വാഗതം ചെയ്തു. മേഖലാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി അധ്യക്ഷപ്രസംഗം നടത്തി. തുടർന്ന്

തോമസച്ചൻ സന്ദേശം നൽകി. അച്ചന്റെ നേതൃത്വത്തിൽ ഭാവി പ്രവർത്തനങ്ങളെപറ്റി ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്തു. എല്ലാ ശാഖകളിലും മേഖലാ വിസിറ്റ് നടത്തുന്നതിനെപറ്റി തീരുമാന മെടുക്കുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ ഗ്രൂപ്പായി തിരിച്ച് ഇടവക കൾ ഭാഗിച്ചു കൊടുക്കുകയും ചെയ്തു.

### ഏലപ്പീടിക ശാഖ

20 ന് റവ.ഫാ. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. പ്രാർത്ഥനയോടെ ആരംഭിച്ച യോഗ ത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ പൂക്കളമത്സരം നടത്തി. തുടർന്ന് വിവിധ തരത്തിലുള്ള ഓണാഘോഷ പരിപാടികൾ നടത്തി. ഇതിൽ സമ്മാ നാർഹരായ അമ്മമാർക്ക് വികാരിയച്ചൻ സമ്മാനങ്ങൾ നൽകി. പങ്കെ ടുത്ത എല്ലാവർക്കും അച്ചൻ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ പായസം വിതരണം നടത്തി. ഇടവകയിലെ പാവപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി ഓണക്കോടി വിത രണം നടത്തി. ഗ്രൂപ്പടിസ്ഥാനത്തിൽ പള്ളിയും പരിസരവും വൃത്തി യാക്കി. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

### കേളകം ശാഖ

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഗസ്റ്റ് 15–ാം തീയതി കേളകം ഇടവകയിൽ മാതൃസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ആഘോഷപൂർവ്വം ആചരിച്ചു. അമ്മമാർ യൂണിഫോം ധാരികളായിവന്ന് വിശുദ്ധബലിയിൽ പങ്കെടുക്കുകയും സ്തോത്രക്കാഴ്ച എടുക്കുകയും ചെയ്തു. സംഘടനയിലെ അംഗമായിരിക്കെ മരണപ്പെട്ട രണ്ട് അമ്മമാ രുടെ സ്മരണാർത്ഥം ഇടവകയിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭ വിക്കുന്ന രണ്ട് കുടുംബത്തിന് സാമ്പത്തികസഹായം നൽകുകയു ണ്ടായി.

പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാളിന് ഒരുക്കമായി മാതൃ സംഘടനയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 1 മുതൽ 8 വരെ ആഘോ ഷപൂർവ്വം കൊണ്ടാടി. ഇപ്പോൾ ചാർജിലുള്ള റവ.ഫാ. മാത്യു ചക്കാല യിൽ എട്ടുനോമ്പിന്റെ വിജയത്തിനായി വളരെയധികം സഹായിച്ചു. സെപ്റ്റംബർ 8 ന് സംഘാംഗങ്ങളുടെ അംഗത്വനവീകരണം നടത്തുക യുണ്ടായി. ഈ ദിവസങ്ങളിൽ സ്തോത്രക്കാഴ്ചയിനത്തിൽ ലഭിച്ചതുക അനാഥാലയങ്ങളിൽ നൽകുവാനും തീരുമാനിച്ചു.

### ഒണ്ടയങ്ങാടി ശാഖ

8 ന് മാർട്ടിൻ നഗർ ശാഖയിലെ മാതൃസംഘടന അംഗങ്ങൾ മാതാവിന്റെ ജനനത്തിരുന്നാളും മാതൃദിനവും ആഘോഷിച്ചു. സംഘ

ടനയിൽ 65 വയസിന് മേലുള്ള 15 അമ്മമാരെ ആദരിച്ചു. ശാഖാ ഡയറക്ടർ റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി അധ്യക്ഷതവഹിച്ച മീറ്റിംഗിൽ മേഖലാ പ്രസിഡണ്ട് ഫിലോ ചേലയ്ക്കൽ സ്വാഗതവും സി. ആൻസിറ്റ SCV, സി. ട്രീസ SJLC, സി. ദീപ SCV, എന്നിവർ ആശംസകളർപ്പിക്കുകയും കേക്ക് മുറിച്ച് മധുരം പങ്കുവയ്ക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. ശ്രീ. ത്രേസ്യാക്കുട്ടി ചേലയ്ക്കൽ മറുപടിപ്രസംഗത്തിലൂടെ നന്ദി രേഖപ്പെടുത്തി. മാതൃദിനാഘോഷഭാഗമായി ഭാഗ്യവതിയായ അമ്മയെ കുറിയിട്ട് തീരുമാനിച്ചു. ഫിലോ ചേലയ്ക്കലാണ് തെരഞ്ഞെടുക്കപ്പെട്ടത്. മീറ്റിംഗിൽ ശ്രീ. സോളി നന്ദിയർപ്പിച്ചു. സംഘടനാംഗങ്ങൾ കാഴ്ചവെപ്പും വി. കുർബാനയുടെ ശുശ്രൂഷകളും നിർവഹിച്ചു. എല്ലാ സഹായസഹകരണങ്ങളും നൽകിയ റവ. സി. റോസ് മേരിയേയും ഗ്രൂപ്പ് ഫോട്ടോ എടുത്തുതന്ന പടമല വികാരി ബഹു. സണ്ണി അച്ചനെയും മറ്റ് ശാഖാ ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

**കാവുംമന്ദം ശാഖ**

വി. മോനിക്ക പുണ്യവതിയുടെ തിരുനാളായ 27 ന് വൈകുന്നേരം 3 മണിക്ക് കാവുംമന്ദം ഇടവകയിൽ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയുടെ നേതൃത്വത്തിൽ ആനിമേറ്റർ സി. ആൻസി ജോസിന്റെ സാന്നിധ്യത്തിൽ അമ്മമാർക്ക് ഒരു ബോധവൽക്കരണ ക്ലാസ് നൽകി. ശ്രീമതി മേരി ഡേവിഡ് എല്ലാവർക്കും സ്വാഗതമാശംസിച്ചു. പ്രാർത്ഥനയോടെ ബഹു. റെജിയച്ചൻ ക്ലാസ് ആരംഭിച്ചു. വി. മോനിക്കയെ കുറിച്ച് നല്ലൊരു സന്ദേശം നൽകി. ശ്രീമതി എൽസി എല്ലാവർക്കും നന്ദിയർപ്പിച്ചു. അതിനുശേഷം ആരാധനയിലും, ജപമാലയിലും വി.കുർബാനയിലും സജീവമായി പങ്കെടുത്തു.

**അഗതിമന്ദിരം സന്ദർശിച്ചു** - ബഹു. റെജിയച്ചന്റെയും ആനിമേറ്റർ സി.ആൻസി ജോസിന്റെയും, കൈക്കാരൻ ശ്രീ. ജേക്കബ് മൂങ്ങാമാക്കലിന്റെയും നേതൃത്വത്തിൽ മാതൃസംഘം ഭാരവാഹികളും വാർഡ് വനിതാ പ്രതിനിധികളും, കാഴ്ചസമർപ്പണത്തിലൂടെ ശേഖരിച്ച അരി, സ്റ്റേഷനറി സാധനങ്ങൾ, മധുരപലഹാരങ്ങൾ എന്നിവയുമായി കൽപ്പറ്റ ക്ലാരഭവൻ ഓൾഡേജ് ഹോമിലെത്തി അന്തേവാസികൾക്ക് നൽകുകയും അവരുടെ വിശേഷങ്ങൾ പങ്കിടുകയും കിടക്കവിരികൾ കഴുകി കൊടുക്കുകയും അവർക്കുവേണ്ടി കുറച്ചുസമയം പ്രാർത്ഥിക്കുകയും ചെയ്തശേഷം സന്തോഷത്തോടെ തിരിച്ചുപോന്നു.

**തലപ്പുഴ ശാഖ**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും ആഘോഷിക്കുന്ന സുദിനത്തിൽ പ്രാർത്ഥനയോടെ കാർമ്മൽ ഹിൽ ചർച്ച് ഇടവകയിൽ 2010 ആഗസ്റ്റ് 15 ന് മാതൃസംഘടനയുടെ പുതിയ ശാഖ ആരംഭിച്ചു. മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ മാതൃസംഘടനയുടെ ഉൽഘാടനം നിർവ്വഹിച്ചു. കുടുംബജീവിതത്തെ കുറിച്ചും മക്കളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ചും അച്ചൻ ക്ലാസ് എടുത്തു. 47 അമ്മമാർ പങ്കെടുത്തു.

| | | |
|---|---|---|
| ഡയറക്ടർ | – | ഫാ. ജോർജ് ഏഴാനിക്കാട്ട് |
| ആനിമേറ്റർ | – | സി. ട്രീസാ മരിയ |
| പ്രസിഡന്റ് | – | ശ്രീമതി സൂസി വെളിയത്ത് |
| വൈസ്.പ്രസിഡന്റ് | – | ശ്രീമതി മിനി പാമ്പാടിമണ്ണിൽ |
| സെക്രട്ടറി | – | ശ്രീമതി ജാൻസി ചക്കാലയ്ക്കൽ |
| ജോ. സെക്രട്ടറി | – | ശ്രീമതി സ്മിത ചക്കാലയ്ക്കൽ |
| ട്രഷറർ | – | ശ്രീമതി ജാൻസി കുരിയക്കൽ |

ബഹു വികാരിയച്ചൻ മേഖല ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചനേയും അമ്മമാരേയും അഭിനന്ദിച്ചു. ആനിമേറ്റർ സി. ട്രീസാ മരിയ എല്ലാവർക്കും നന്ദി പറഞ്ഞു. പുതുതായി രൂപം കൊണ്ട തലപ്പുഴ ശാഖയ്ക്ക് മാനന്തവാടി രൂപതാ മാതൃസംഘടന കൂട്ടായ്മയിലേയ്ക്ക് ഹൃദ്യമായ സ്വീകരണവും, എല്ലാ നന്മകളും ആശംസിക്കുന്നു.

**മരിയൻ സിംഗിൾസ്**

18–9–10 ന് മരിയൻ സിംഗിൾസിന്റെ മീറ്റിംഗിൽ 10 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഒക്ടോബർ 19–10–10 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ഒരിക്കൽ നോഹയുടെ പെട്ടകംവഴി ലോകം രക്ഷിക്കപ്പെട്ടു. ഇക്കാലഘട്ടത്തിന്റെ പേടകം എന്റെ അമ്മയാണ്. അവനിലൂടെ ആത്മാക്കൾ രക്ഷിക്കപ്പെടുന്നു, കാരണം അവൾ എല്ലാവരേയും എന്നിലേയ്ക്ക് കൊണ്ടുവരുന്നു. എന്റെ അമ്മയെ ഉപേക്ഷിക്കുന്നവൾ എന്നെയും ഉപേക്ഷിക്കുന്നു". (ആർജന്റീനയിലെ സാൻ നിക്കോളാസിൽ ഗ്ലാഡിസ് ക്വിറോഗ ഡി മോട്ടായ്ക്കു - പ്രത്യക്ഷപ്പെട്ട ഈശോ പറഞ്ഞു.)

2010 സെപ്റ്റംബർ 3 സോണൽ മീറ്റിംഗ് ദിവസം 52 ശുശ്രൂഷകർ സംബന്ധിച്ചു. ആരാധന 9.45 ന് ആരംഭിച്ചു. ജപമാല നയിച്ചത് സി. ട്രീസ എസ്.എച്ചും, സിസിലി കളപ്പുരയ്ക്കലും ആണ്. ശ്രീ. സിബി വട്ടമറ്റം നയിച്ച ആരാധന ഹൃദയസ്പർശിയായിരുന്നു. 11.30 ന് ശ്രീ. ടോമി കുന്നത്ത് വചനം പങ്കുവെച്ചു. എല്ലാറ്റിനും ഫ്രീ കിട്ടുന്ന കാലമാണിത്. 2000 വർഷങ്ങൾക്കുമുമ്പ് കർത്താവ് പറഞ്ഞു നിന്നിലെ വെറുപ്പിന്റെയും ആസക്തികളുടെയും പിശാചിനെ പുറത്താക്കിയാൽ, ഇന്നലെവരെയുള്ള എന്റെ സംസാര രീതി മാറ്റി സ്നേഹത്തിന്റെ ഭാഷ സംസാരിച്ചാൽ, സർപ്പങ്ങളെക്കാൾ മാരകമായ വിഷം ചീറുന്നവിധം മനുഷ്യരോട് ഇടപെടുന്ന വ്യക്തിയെ സ്നേഹംനിറഞ്ഞ ഇടപെടൽവഴി മാനസാന്തരപ്പെടുത്തിയാൽ, നീ ദൈവത്തിന്റെ കരംപിടിച്ചു നടക്കുമ്പോൾ തകർച്ചകൾ കഷ്ടനഷ്ടങ്ങൾ എല്ലാം സ്വീകരിക്കേണ്ടിവരുമ്പോൾ - അപ്പോൾ സിദ്ധികൾ, കൃപകൾ ഫ്രീ ആയി കിട്ടും. 12 മണിക്ക് ബഹു. ജോർജ്ജ് മേമനയച്ചൻ വി.ബലി അർപ്പിച്ച് സന്ദേശം നൽകി. 1.30 ന് ശ്രീ. പൈലി പെലക്കുടിയിൽ ജീവജ്വാല മാസികയെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി. കേന്ദ്രസർക്കാരിന്റെ കൃത്രിമ പ്രത്യുല്പാദന സാങ്കേതിക സഹായനിയമം എന്ന പേരിലുള്ള ബില്ലിനെതിരായി ഭീമഹർജി സമർപ്പിക്കാൻ ആദ്യശനി ഒപ്പുശേഖരണം നടത്തണമെന്ന് നിശ്ചയിച്ചു.

**ജാഗരണ പ്രാർത്ഥന**

പതിവുപോലെ 6.30 ജപമാല. 7 PM ന് ദിവ്യബലി ബഹു. ബാബു പാറയിൽ അച്ചൻ അർപ്പിച്ചു. അത്താഴം, കുരിശിന്റെ വഴി എന്നിവയ്ക്കുശേഷം ആരാധനയും ജാഗരണ പ്രാർത്ഥനയും ആരംഭിച്ചു. ബഹു.പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 12 മണിക്കു ബഹു. മനോജ് കാക്കോനാൽ അച്ചൻ സമാപനാശീർവ്വാദം നൽകി.

**ആദ്യശനി കൺവെൻഷൻ**

6 AM ന് പരി. അമ്മയുടെ സന്നിധിയിലെത്തി ഈ ദിവസത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിനായി സിയോൻ ഹാളിനു ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി ശുശ്രൂഷകരെ വി.ജലം തളിച്ച് ശക്തീകരിച്ചു. ഒരുക്കശുശ്രൂഷയ്ക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. ശ്രീ. ബേബി കുപ്പയിൽ ജപമാല നയിച്ചു. സ്തുതി, ആരാധന ജീസസ് യൂത്ത് ടീം നയിച്ചു. ബഹു. മനോജ് കാക്കോനാൽ അച്ചൻ വചനം പങ്കുവെച്ചു. പരി.അമ്മയുടെ തിരുനാളിന് ഒരുങ്ങുന്ന ഈ അവസരത്തിൽ ആത്മാവിന്റെ ഫലങ്ങൽ നിറഞ്ഞ, നല്ല സാക്ഷ്യം നൽകുന്ന വ്യക്തികളായി നാം നമ്മെത്തന്നെയാണ് പരി.അമ്മയ്ക്ക് സമ്മാനമായി നൽകേണ്ടത് എന്ന് 12 മണിക്കുള്ള വി.ബലി മധ്യേ ബഹു. പാറയിൽ അച്ചൻ അനുസ്മരിപ്പിച്ചു. ലഘു ഭക്ഷണം, അനുഗ്രഹ സാക്ഷ്യങ്ങൾ, ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം എല്ലാം കടന്നു വന്ന ദൈവമക്കൾക്ക് അനുഗ്രഹദായകമായിരുന്നു. കൗൺസിലിംഗിനും കുമ്പസാരത്തിനും അവസരം ഉണ്ടായിരുന്നു. പ്രോലൈഫ് മിനിസ്ട്രി കേന്ദ്രഗവൺമെന്റിന്റെ കൃത്രിമ പ്രത്യുല്പാദന സാങ്കേതിക സഹായനിയമത്തിനെതിരെ ഭീമഹർജി സമർപ്പിക്കാൻ ഒപ്പ് ശേഖരണം നടത്തി.

**രണ്ടാംശനി ശുശ്രൂഷകൾ**

**ദമ്പതി കൂട്ടായ്മ**

45 പേർ ഇന്നത്തെ കൂട്ടായ്മയിൽ സംബന്ധിച്ചു. ബഹു. സന്തോഷ് OSC അച്ചൻ വചനം പങ്കു വയ്ക്കുകയും വി.ബലി അർപ്പിക്കുകയും ചെയ്തു. പതിവ് ശുശ്രൂഷകൾ - ജപമാല, സ്തുതി ആരാധന, സെല്ലുകളിൽ ഷെയറിംഗ്, ആരാധന എല്ലാം കുടുംബജീവിതം കൂടുതൽ അനുഗ്രഹദായകമാക്കാൻ പര്യാപ്തമായിരുന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കിയിരുന്നു.

**യുവജന കൂട്ടായ്മ**

80 യുവജനങ്ങൾ ഇന്നത്തെ കൂട്ടായ്മയിൽ പങ്കെടുത്തു. ജീസസ് യൂത്ത് ടീമും മ്യൂസിക് മിനിസ്ട്രിയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ബഹു. മനോജ് കാക്കോനാൽ അച്ചൻ ക്ലാസ്സെടുത്തു. ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ജപമാല, സ്തുതിപ്പ്, ആരാധന എല്ലാം അഭിഷേകം നിറഞ്ഞതായിരുന്നു.

**കൗൺസിലിംഗ് ദിനം**

കൗൺസിലേഴ്സ് വെള്ളിയാഴ്ച രാത്രി പ്രാർത്ഥിച്ച് ഒരുങ്ങി. 75 പേർ വന്ന് കൗൺസിലിംഗ് നടത്തി. ശാരീരികവും മാനസികവും ആത്മീയവുമായ സൗഖ്യത്തിലേയ്ക്കും ജീവിതനവീകരണത്തിലേയ്ക്കും നയിക്കുവാൻ ഇന്നത്തെ ശുശ്രൂഷകൾ സഹായകമായി.

**ഇവാഞ്ചലൈസേഷൻ**

സിയോനിലെ ഇവാഞ്ചലൈസേഷൻ മിനിസ്ട്രി ടീം അംഗങ്ങൾ ആഗസ്റ്റ് 19 ന് സിയോനിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയും പഠനങ്ങളും ചർച്ചകളും നടത്തി. കല്പ്പറ്റ, മീനങ്ങാടി, ബത്തേരി, കരണി, പിണങ്ങോട്, വെള്ളമുണ്ട, മാനന്തവാടി ടൗണുകളിൽ വചനപ്രഘോഷണം നടത്തി. സെപ്റ്റംബർ 16 ന് ടീം അംഗങ്ങൾ സിയോനിൽ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും പഠനങ്ങൾ നടത്തുകയും ചെയ്തു. യേശുവിന്റെ പ്രഘോഷണത്തെക്കുറിച്ച് വിശദമായ പഠനം തുടങ്ങി. ജോസ് തേനംമാക്കൽ, പൈലി തുറപ്പാട്ട്, മാധവൻ കുന്നേത്തോട്ടത്തിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**മൂന്നാംവെള്ളി - സൗഖ്യദിനം**

ധാരാളം രോഗികൾ കടന്നു വന്ന് പ്രാർത്ഥിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. ബഹു. മേമനയച്ചൻ വി. ബലി അർപ്പിച്ച് കൈവെയ്പ്പു പ്രാർത്ഥന നടത്തി. ശ്രീ. ചാക്കോച്ചൻ പുത്തൻപുര പ്രാർത്ഥനകൾ നയിച്ചു. 6 PM - 6 AM വരെ രാത്രി മുഴുവൻ ജാഗരണപ്രാർത്ഥന നടത്തി. സിയോൻ ശുശ്രൂഷകർക്കു പുറമെ മിഷൻലീഗ് അംഗങ്ങളും ജാഗരണപ്രാർത്ഥനയിൽ പങ്കു ചേർന്നു.

**പ്രോലൈഫ് മിനിസ്ട്രി**

സെപ്റ്റംബർ 4 ആദ്യശനി കേന്ദ്രഗവൺമെന്റിന്റെ കൃത്രിമ പ്രത്യുല്പാദന സാങ്കേതിക നിയമത്തിനെതിരെ ഭീമഹർജി സമർപ്പിക്കാൻ സിയോനിൽ വന്ന ആയിരങ്ങളിൽ നിന്നും ഒപ്പു ശേഖരണം നടത്തി.

20–09–2010 ന് പഴൂർ ഇടവകയിലും 29 ന് കയ്യൂന്നി ഇടവകയിലും One day Programme നടത്തി.

**സിയോൻ ഒക്ടോബർ മാസത്തിൽ**

| | | |
|---|---|---|
| 1 ആദ്യവെള്ളി | – | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 2 ആദ്യശനി | – | ഏകദിന കൺവെൻഷൻ, |
| | – | ക്രിസ്റ്റീൻ കൺവെൻഷൻ |
| | – | കൗൺസിലിംഗ് |
| 9 രണ്ടാംശനി | – | ദമ്പതീകൂട്ടായ്മ |
| | – | യുവജന കൂട്ടായ്മ |
| | – | കൗൺസിലിംഗ് ദിനം |
| 15 മൂന്നാംവെള്ളി | – | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 29 അഞ്ചാംവെള്ളി | – | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മൾ ജപമാല ഭക്തിയുടെ മാസമായ ഒക്ടോബറിലേക്ക് പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥിക്കുവാൻ നമുക്ക് ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുവാൻ ഇടയാകരുത്. ഇടവക ദേവാലയങ്ങളിലെ 10 ദിവസത്തെ പ്രത്യേക പ്രാർത്ഥനാദിനങ്ങളിൽ സഖ്യാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടുക്കുകയും മറ്റെല്ലാനിയോഗങ്ങളോടൊപ്പം വിൻസെൻഷ്യൻ സംഘടനയ്ക്കുവേണ്ടിയും പ്രത്യേകിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാനന്തവാടി സെന്ററൽ കൗൺസിൽ ആത്മീയോപദേഷ്ടാവ് റവ. ഫാ. ബെന്നി മുതിരക്കാലായിലിന്റെ സാന്നിധ്യത്തിൽ 10-09-2010 വെള്ളിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നിയുക്ത പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ സത്യപ്രതിജ്ഞ ചെയ്ത് ഭാരവാഹിത്വം ഏറ്റെടുത്തു. മുൻ സി.സി ഭാരവാഹികൾ, ഏരിയ കൗൺസിൽ പ്രസിഡന്റുമാർ, മറ്റ് മഹത് വ്യക്തികൾ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ലളിതമായ ചടങ്ങിൽ ആത്മീയോപദേഷ്ടാവ് റവ. ഫാ. ബെന്നി മുതിരക്കാലായിൽ സത്യപ്രതിജ്ഞാവാചകം ചൊല്ലി കൊടുത്തു. തദവസരത്തിൽ വിൻസെൻഷ്യൻ പ്രവർത്തനത്തിൽ ദൈവീക ചിന്തകൾക്കും കാരുണ്യ പ്രവർത്തനങ്ങക്കുമുള്ള പ്രസക്തി അദ്ദേഹം ഊന്നി പറഞ്ഞു. സീനിയർ വൈസ് പ്രസിഡന്റ് ബ്ര.ജോണി പാറ്റാനിയുടെ സ്വാഗത പ്രഭാഷണത്തിൽ കഴിഞ്ഞ ആറു വർഷക്കാലം സി.സി. വിൻസെന്റ് ഡി പോൾ സംഘടനയെ നയിച്ച ബ്രദർ കെ. ജി. ജസ്റ്റിൻ മാസ്റ്റർ, ബ്രദർ ആന്റണി പറയിടം തുടങ്ങിയവരെ നന്ദിയോടെ സ്മരിച്ചു. കല്ലോടി ഫൊറോന വികാരി റവ. ഫാ. ജോർജ് മമ്പള്ളിയുടെ സാന്നിധ്യം ചടങ്ങിനെ മഹത്തരമാക്കി. കല്ലോടി ജൂനിയർ കോൺഫ്രൻസിന്റെ അംഗമായിരുന്നതാണെന്ന് വെളിപ്പെടുത്തികൊണ്ടുള്ള ബഹു. ഡെന്നീസ് കഴുതാടി

യച്ചന്റെ സന്ദേശം അംഗങ്ങളിൽ ആവേശം പകർന്നു. തുടർന്ന് ബ്രദർ തോമസ് മാങ്ങൻ അംഗങ്ങളുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് മറുപടി പ്രസംഗം നടത്തി. ഐക്യത്തോടെ, ഒരുമയോടെ എല്ലാവരും പ്രയത്നിക്കുകയാണെങ്കിൽ മികച്ച വിൻസെൻഷ്യൻ പ്രവർത്തനം കാഴ്ചവെക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. മാനന്തവാടി രൂപതയിലെ ഏറ്റവും ആദ്യ കോൺഫ്രൻസായ നടവയൽ കോൺഫ്രൻസിന്റെ പ്രഥമ പ്രസിഡന്റ് ബ്ര. വി.ടി. മാത്യു ആശംസ അർപ്പിച്ചു. സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ നന്ദിയും പറഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം നടന്ന സി.സിയുടെ രണ്ടാമത്തെ സെഷനിൽ മാനന്തവാടി സി.സിയുടെ പുതിയ ബോർഡ് അംഗങ്ങളെ പ്രസിഡന്റ് നാമനിർദ്ദേശം ചെയ്തു. തുടർന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. നയപ്രഖ്യാപന പ്രസംഗത്തിൽ വരും വർഷങ്ങളിൽ SVDP കാലത്തിനൊത്ത പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്നും ഏവരോടും സൗഹാർദ്ദമായ പെരുമാറ്റമാണ് വിൻസെന്റ് ഡി പോളിന്റെ മുഖമുദ്രയെന്നും, കോൺഫ്രൻസ്, എ.സി തലങ്ങളിൽ നേതൃത്വം നൽകുന്നവർ അത്തരം സ്വഭാവ സവിശേഷതയ്ക്ക് മാതൃകയാവണമെന്നും പ്രസിഡന്റ് അഭ്യർത്ഥിച്ചു.

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ 27-09-2010 ന് (തിങ്കളാഴ്ച) മാനന്തവാടി സി.സി ബോർഡംഗങ്ങളും എ.സി പ്രസിഡന്റുമാരും നടവയൽ കോൺഫ്രൻസ് അംഗങ്ങളും ആത്മീയോപദേഷ്ടാവ് റവ. ഫാ. ബെന്നി മുതിരക്കാലായിലിന്റെയും നടവയൽ ഫൊറോന വികാരി ജെയിംസ് കുന്നത്തേട്ട് അച്ചന്റെയും നേതൃത്വത്തിൽ നടവയൽ ഓസ്സാനാം ഭവനിൽ വെച്ച്, വി.കുർബാന, സ്നേഹവിരുന്ന് എന്നിവയോടുകൂടി ആഘോഷിക്കുവാൻ തീരുമാനിച്ചു. കോൺഫ്രൻസ് എ.സി. തലങ്ങളിൽ നടത്തിയ ആഘോഷങ്ങളുടെ റിപ്പോർട്ട് എ.സി. മുഖാന്തരം സി.സി. ഓഫീസിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. യുവജനമത്സരങ്ങൾ സെപ്റ്റംബർ മാസത്തിലെ ബുള്ളറ്റിനിൽ നിർദ്ദേശിച്ച പ്രകാരം എ.സി. തലത്തിൽ മത്സരങ്ങൾ നടത്തി ഒന്നും രണ്ടും സ്ഥാനക്കാരെ നവംബർ 5 ന് സി.സി തലത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുപ്പിക്കണം. സമയം 11 AM മുതൽ 3 PM വരെ സ്ഥലം ദ്വാരക പാസ്റ്ററൽ സെന്റർ. മത്സരാർത്ഥികൾ വയസു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടതാണ്.
2 നെയ്കുപ്പ കോൺഫ്രൻസിന്റെ ഭവനനിർമ്മാണത്തിനുള്ള

സഹായം കോൺഫ്രൻസിന് കഴിയുന്നിടത്തോളം - സംഭരിച്ച് എ.സി. പ്രസിഡന്റുമാർ മുഖാന്തരം ഒക്ടോബർ 15 നുള്ള സി.സി. യിൽ എത്തിക്കണം.

3 കോൺഫ്രൻസുകൾ വിദേശത്തേക്കുള്ള കത്തുകൾ കൃത്യമായി അയയ്ക്കുകയും കോപ്പി എ.സി., സി.സി. തലത്തിൽ കൊടുക്കുകയും വേണം.

4 പ്രോജക്ടിന് അപേക്ഷിക്കുവാൻ അർഹതയുള്ള കോൺഫ്രൻസുകൾ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെട്ട് പുതിയ പ്രോജക്ടിനുള്ള അപേക്ഷകൾ നൽകേണ്ടതാണ്.

5 നാഷണൽ കൗൺസിലേക്ക് അയച്ചുകൊടുക്കേണ്ട ത്രൈമാസ റിപ്പോർട്ട് (01-07-2010 മുതൽ 30-09-2010) ഒക്ടോബർ 5 നുള്ളിൽ സി.സി. ഓഫീസിൽ ലഭിക്കേണ്ടതാണ്.

6 ഓസ്സാനാംഭവൻ സന്ദർശനം
നവംബർ 1 - 15 - മാനന്തവാടി എ.സി.
നവംബർ 16 - 30 - നടവയൽ എ.സി.

പുതിയ സി.സി ബോർഡ് അംഗങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

## പുതിയ സി.സി. ബോർഡ് അംഗങ്ങൾ

1. **സീനിയർ വൈസ് പ്രസിഡന്റ്** : ബ്ര. ജോണി പാറ്റാനി - ഫോൺ: 04936 - 203532, Mob: 9895661187, ചാർജ്ജ് : ഓസ്സാനാംഭവൻ. ഏ.സി. കൾ കല്പ്പറ്റ, ചുണ്ടക്കര, വാഴവറ്റ.

2. **വൈസ് പ്രസിഡന്റ്** : ബ്ര. ജിൽസ് മേക്കൽ - Mob: 9447170344, ചാർജ്ജ് : എ.സി. കൾ കൊട്ടിയൂർ, മാനന്തവാടി, പയ്യമ്പള്ളി, തോണിച്ചാൽ.

3. **വൈസ് പ്രസിഡന്റ്** : ബ്ര. ജോസ് വട്ടുകുളത്തിൽ - Mob: 9443003882, ചാർജ്ജ് എ.സി. കൾ : ഗൂഡല്ലൂർ, മണിമൂളി, നിലമ്പൂർ.

4. **വൈസ് പ്രസിഡന്റ്** : ബ്ര. സണ്ണി തെക്കേകൈതയ്ക്കൽ - Mob: 9048604372, ചാർജ്ജ് എ.സികൾ : യൂത്ത് കോർഡിനേറ്റർ, ട്രെയിനിംഗ്.

5. **ജനറൽ സെക്രട്ടറി** : ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ - ഫോൺ: 04936 - 227065, Mob: 9744541482, ചാർജ്ജ് എ.സികൾ: ബത്തേരി, പുൽപ്പള്ളി, പാടിച്ചിറ, നടവയൽ.

6. **സെക്രട്ടറി** : ബ്ര. ഷാജൻ മത്തായി തലച്ചിറ - Mob: 9446420384, ചാർജ്ജ്: സ്കോളർഷിപ്പ്, വിദ്യാഭ്യാസം.

7. **ട്രഷറർ** : ബ്ര. ഫിലിപ്പ് വട്ടക്കാമുകളേൽ - ഫോൺ: 04936 - 204327, Mob: 9446090589, ചാർജ്ജ് : കണക്ക്, ഓഫീസ്സ് നിർവ്വഹണം.

8. **പ്രോജക്ട് മോണിറ്ററിംഗ് ഓഫീസർ** : ബ്ര. ജോർജ് ആക്കാന്തിരി

– ഫോൺ: 04935 – 244064, Mob: 9645430635, ചാർജ്ജ് : പ്രോജക്ട് അപേക്ഷകൾ, പ്രോജക്ട് മോണിറ്ററിംഗ്, ട്വിന്നിംഗ് അപേക്ഷകൾ. എ.സി.കളുടെ ചാർജ്ജ് : കല്ലോടി, കുറുമ്പാല, തരിയോട്.

**9. സ്പിരിച്വൽ ഫോർമേഷൻ** : ബ്ര. കുര്യാക്കോസ് പാറേക്കാട്ടിൽ – ഫോൺ: 04936 –250508, ചാർജ്ജ് : ധ്യാനം – അംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ച.

**10. വനിത പ്രതിനിധി** : 1. സിസ്റ്റർ റോസമ്മ കുപ്പത്താനത്ത് – ഫോൺ: 04936 – 247935, 2. സിസ്റ്റർ മേരി ചാക്കോ ഈന്തുംകുഴിയിൽ – ഫോൺ 04935 – 244494.

**11. യുവജന പ്രതിനിധി** : ബ്ര. ജോയ്സ് ജോസഫ് പുരയ്ക്കൽ ഫോൺ – 04936 251056

കഴിഞ്ഞ ആറു വർഷക്കാലം സി.സി. പ്രസിഡന്റ് എന്ന നിലയിൽ നമ്മെ നയിച്ച ബ്ര. ജസ്റ്റിൻ മാസ്റ്ററെയും വളരെക്കാലം ഓഫീസ് സെക്രട്ടറിയായും വൈസ് പ്രസിഡന്റായും സേവനം ചെയ്ത ബ്ര. ആന്റണി പറയിടത്തേയും മറ്റ് ബോർഡംഗങ്ങളെയും ഒരിക്കൽകൂടി നന്ദിയോടെ സ്മരിക്കുന്നു. വിവിധ കോൺഫ്രൻസുകൾക്ക് ഞാൻ അയച്ച കത്ത് ഇതിനകം ലഭിച്ചിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ആദരാഞ്ജലികൾ**

കഴിഞ്ഞ 20 വർഷമായി മാനന്തവാടി രൂപതാ വിൻസെന്റ് ഡി പോളിൽ സജീവമായി പ്രവർത്തിച്ച് നമ്മെ നയിച്ച മാനന്തവാടി സെന്റ്റൽ കൗൺസിൽ വൈസ് പ്രസിഡന്റായിരുന്ന ബ്ര. ആന്റണി പറയിടത്തിന്റെ അകാല നിര്യാണത്തിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി അനുശോചനം രേഖപ്പെടുത്തി. സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന്റെ അകാല വിയോഗം സംഘടനയ്ക്ക് തീരാനഷ്ടമാണ്. മാനനന്തവാടി സെന്ററൽ കൗൺസിൽ പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ, റവ. ഫാ. ബെന്നി മുതിരക്കാലായിൽ എന്നിവർ അന്തിമോപചാരം അർപ്പിച്ചു. 18–09–2010 ശനിയാഴ്ച മുതിരേരി പള്ളിയിൽ വെച്ച് നടന്ന മൃതസംസ്കാര ചടങ്ങിൽ ബോർഡംഗങ്ങൾ, എ.സി. പ്രസിഡന്റുമാർ, കോൺഫ്രൻസ് അംഗങ്ങൾ, ബഹു. വൈദികർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ആ മഹാമനസ്ക്കതയ്ക്ക് മുമ്പിൽ ഒരു പിടി കണ്ണീർപൂക്കൾ അർപ്പിച്ചുകൊണ്ട്, എല്ലാവരും അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

**ബ്ര. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യദുരന്തം കണ്ണ് തുറപ്പിക്കട്ടെ**

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ഉണ്ടായ വ്യാജകള്ള് ദുരന്തം എല്ലാവരുടെയും കണ്ണ് തുറപ്പിക്കേണ്ടതാണ്. 26 ജീവനുകൾ നഷ്ടപ്പെട്ടതായാണ് ഔദ്യോഗിക കണക്ക്. വ്യാജകള്ള് കഴിച്ച് ദിവസവും എത്രയോ പേർ മരിക്കുന്നു. ഒറ്റപ്പെട്ട മരണങ്ങൾ ആരും ശ്രദ്ധിക്കുന്നില്ല എന്ന് മാത്രം. സ്പിരിറ്റിൽ വിവിധ പദാർത്ഥങ്ങൾ ചേർത്ത് കലക്കിയാണ് പാവം ആദിവാസികളെയും പാവപ്പെട്ടവരേയും മദ്യമുതലാളി ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നത്. മാരകമായ വിഷപദാർത്ഥങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്.

ചെത്തുന്ന കള്ളിന്റെ കണക്കെടുത്താൽ ബഹുപൂരിപക്ഷം ഷാപ്പിലും ഒരു മണിക്കൂർ പോലും വിൽക്കാൻ കള്ള് ലഭിക്കില്ല. പക്ഷേ രാവും പകലും എല്ലാ ഷാപ്പിലും വിൽപ്പന തന്നെയാണ്.

മദ്യദുരന്തമുണ്ടാകുമ്പോൾ താഴെതട്ടിലുള്ള കുറച്ച് ഉദ്യോഗസ്ഥരെയും കള്ള് മുതലാളിയേയും മാത്രം താത്ക്കാലികമായി ശിക്ഷിക്കുന്ന അവസ്ഥയാണ് ഉള്ളത്. പൊതുജനം വിഷയം മറക്കുമ്പോൾ ഉദ്യോഗസ്ഥർ തിരികെ ജോലിയിൽ കയറുന്നു. ഉദ്യോഗസ്ഥരും തൊഴിലാളി സംഘടനയും ചേർന്ന് തെളിവ് നശിപ്പിക്കുമ്പോൾ മദ്യമുതലാളിയും രക്ഷപ്പെടുന്നു.

വ്യാജകള്ള് നിർമ്മിക്കുന്നത് ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും പിന്തുണയോടെയാണ്. ഇവർക്ക് വരുമാനത്തിന്റെ വലിയൊരു പങ്ക് ലഭിക്കുന്നു. വ്യാജനാണ് എന്നറിഞ്ഞിട്ടും കള്ള് വിൽക്കുന്ന തൊഴിലാളികളും കുറ്റക്കാർ തന്നെയാണ്. എല്ലാവരും വ്യാജന്റെ പക്ഷത്താണ്. ജനങ്ങളുടെ പക്ഷത്ത് ആരുമില്ല.

മദ്യം മൂലം ഓരോ കുടുംബങ്ങളിലും ദിനംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തം ആരും കാണുന്നില്ല.

ഈ തിന്മ പെരുകുന്നതിൽ ആർക്കും ഒരു വിഷമവും ഇല്ല. എല്ലാവരും നിസംഗതരായിരിക്കുന്നു. നിശബ്ദരായി ഈ തിന്മയ്ക്ക് നമ്മളും പ്രോത്സാഹനം നൽകുന്നു.

ദൈവത്തിന്റെ സ്വന്തം നാടിനെ മദ്യത്തിന്റെ നാടാക്കാൻ ശ്രമിക്കുന്നവർക്ക് മാപ്പില്ല. കാലത്തിന്റെ അടയാളങ്ങൾ ശ്രദ്ധിക്കാൻ സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്. സഭയ്ക്ക് പ്രത്യേകിച്ച്. അതിനാൽ സഭ ഈ കാര്യത്തിൽ ശക്തമായി പ്രതികരിക്കണം.

നമുക്ക് ഉണരാം. ഒരു മദ്യവിമുക്ത സഭക്കും സമൂഹത്തിനും വേണ്ടി.

**മോചന 2010 വാകേരി**

വാകേരി സെന്റ് ആന്റണീസ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 21 ന് ശനിയാഴ്ച വൈകുന്നേരം ആറ് മണി മുതൽ സൺഡേ സ്കൂൾ ഓഡിറ്റോറിയത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാർ നടന്നു. ഇടവക വികാരി റവ. ഫാ. ജോർജ് തേരകം ഉദ്ഘാടനം ചെയ്തു. ക്ലാസുകൾക്ക് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**അടയ്ക്കാതോട് സെന്റ് ജോസഫ്. എച്ച്. എസ്**

അടയ്ക്കാതോട് സെന്റ് ജോസഫ് ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 17 ന് ഉച്ചക്ക് 1.30 മുതൽ 4.15 വരെ മോചന 2010 സംഘടിപ്പിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ഷാജി മുളകുടിയാങ്കൽ മോചന ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീ. സെബാസ്റ്റ്യൻ സാർ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ ഹെൽത്ത് ക്ലബിന്റെ നേതൃത്വത്തിലാണ് മോചന 2010 സംഘടിപ്പിച്ചത്. ഹെൽത്ത് ക്ലബ് കൺവീനർ ശ്രീമതി മിനി ടീച്ചർക്കും മറ്റ് അധ്യാപകർക്കും പ്രത്യേക അഭിനന്ദനങ്ങൾ. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസിന് നേതൃത്വം നൽകി.

**ഫൊറോന കൺവെൻഷനുകൾ**

സെപ്റ്റംബർ 18 ന് രാവിലെ 10 മുതൽ നടവയൽ സെന്റ് തോമസ്. എൽ.പി.സ്കൂളിൽ വെച്ച് നടവയൽ ഫൊറോന കൺവെൻഷനും ഉച്ചകഴിഞ്ഞ് 2 മണി മുതൽ പുൽപ്പള്ളി സേക്രട്ട് ഹാർട്ട് പള്ളിയിൽ വെച്ച് മുള്ളൻകൊല്ലി ഫൊറോന കൺവെൻഷനും നടന്നു. സെപ്റ്റംബർ 21-ന് ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ കല്പ്പറ്റ ഡി പോൾ പള്ളിയിൽ വെച്ച് കല്പ്പറ്റ ഫൊറോന കൺവെൻഷനും ഉച്ചകഴിഞ്ഞ് 2 മണി മുതൽ കാവുംമന്ദം പള്ളിയിൽ വെച്ച് തരിയോട് ഫൊറോന കൺവെൻഷനും നടന്നു.

**കെ.സി.വൈ.എം. ന് അഭിനന്ദനങ്ങൾ**

വ്യാജകള്ള് ദുരന്തത്തിൽ പ്രതിഷേധിച്ച് മാനന്തവാടി എക്സൈസ് ഓഫിസിലേക്ക് മാർച്ചും ധർണ്ണയും നടത്തിയ കെ.സി. വൈ.എം. മാനന്തവാടി രൂപതാ സമിതിക്കും ഡയറക്ടർ സണ്ണിയച്ചനും പ്രസിഡന്റ് സജിൻ ചാലിനും സെക്രട്ടറി ബെന്നി പച്ചിക്കലിനും മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**മേഖലാ ഭാരവാഹികൾ**

**ചുങ്കക്കുന്ന് മേഖല**

| | |
|---|---|
| പ്രസിഡന്റ് | - മാത്യു പൗലോസ് കുഴികണ്ണിയിൽ - കേളകം |
| വൈസ് പ്രസിഡന്റ് | - മേരി പുന്നക്കാപടവിൽ - പാൽച്ചുരം |
| സെക്രട്ടറി | - കുര്യാക്കോസ് കാട്ടുതുരുത്തിയിൽ - വെള്ളൂന്നി |
| ജോ. സെക്രട്ടറി | - ഷൈനി തൊണ്ടൻകുളം - നെല്ലിയോടി |
| ആനിമേറ്റർ | - സി. സിനി SKD - കേളകം |

**പയ്യമ്പള്ളി മേഖല**

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. തോമസ് ഇല്ലിക്കൽ - പടമല |
| വൈസ് പ്രസിഡന്റ് | - മറിയാമ്മ ടീച്ചർ തറവട്ടത്തിൽ - മാർട്ടിൻ നഗർ |
| സെക്രട്ടറി | - ആന്റോ പൂവത്തിങ്കൽ - പടമല |
| ജോ. സെക്രട്ടറി | - ബീന ബേബി - കമ്മന |
| ആനിമേറ്റർ | - സി. കൊച്ചുറാണി CMC - കാട്ടിക്കുളം |

**മാനന്തവാടി മേഖല**

| | |
|---|---|
| പ്രസിഡന്റ് | - പോൾ മംഗലത്തിൽ - ഏലപ്പീടിക |
| വൈസ് പ്രസിഡന്റ് | - ഷീബ തേക്കിലക്കാട്ടിൽ - പോരൂർ |
| സെക്രട്ടറി | - സെബാസ്റ്റ്യൻ കറുത്തേടത്ത് - മാനന്തവാടി |
| ജോ. സെക്രട്ടറി | - ഡെയ്സി കണ്ടത്തിക്കുടി - മാനന്തവാടി |
| ട്രഷറർ | - ബിനു കറുത്തേടത്ത് |

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവ കാർഷിക രംഗം**

ജൈവകാർഷിക രീതിയുടെ പ്രസക്തി നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. 1999-2000 ൽ WSSS രൂപം നൽകിയ ജൈവ സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ 106 കർഷകരിൽ ആരംഭിച്ച് 2010 ൽ 1918 കർഷകർക്ക് സർട്ടിഫിക്കേഷൻ നേടികൊടുക്കുവാൻ സാധിച്ചു. കൂടാതെ 2010 വർഷത്തിന്റെ ആദ്യപാദത്തിൽ 629 പുതിയ കർഷകർ കൂടി ഈ പദ്ധതിയിലേക്ക് കടന്നു വന്നിരിക്കുകയാണ്. ഇപ്പോൾ WSSS ലുള്ള ജൈവകാർഷിക സർട്ടിഫിക്കേഷൻ പദ്ധതിയിൽ 2547 കർഷകർ അംഗങ്ങളാണ്. വയനാട് ജില്ലയിലെ 3 ബ്ലോക്കുകളിലായി 80 സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ചെറുകിട കർഷക കൂട്ടായ്മകൾ ജൈവ സർട്ടിഫിക്കേഷൻ നടപടികളിൽ ഊർജ്ജിതമായി സഹകരിച്ചുവരുന്നു. കൂടാതെ നിരന്തരമായ കൃഷിയിട പരിശോധനയും, കാർഷിക സെമിനാറുകളും നടന്നുവരുന്നു. ഓരോ ചെറു കർഷക സംഘങ്ങളെയും ഒന്നിച്ച് ചേർത്ത് കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജൈവകൃഷിയിൽ കൂടുതൽ അറിവുകൾ നൽകുന്നതിനുമായി 9 പേർ ഫീൽഡ് ഓഫീസർ തസ്തികയിൽ സേവനം ചെയ്തുവരുന്നു.

അന്തർദേശീയ അംഗീകാരമുള്ള ജൈവസർട്ടിഫിക്കേഷൻ നടപടികൾ ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക മന്ത്രാലയത്തിനു കീഴിലുള്ള APEDA യുടെ നിയന്ത്രണത്തിനു കീഴിലാണ് പ്രവർത്തിക്കുന്നത്. ആധുനിക ശാസ്ത്രസാങ്കേതികവിദ്യയിൽ അടിസ്ഥാനപ്പെടുത്തി ഇന്റർനെറ്റിലൂടെ ഓരോ കർഷകർക്കും വ്യക്തിപരമായ നമ്പറുകൾ നൽകിയാണ് രജിസ്ട്രേഷൻ നടന്നുവരുന്നത്. ഇത് ജൈവകർഷകരുടെ കാർഷിക ഉല്പന്നങ്ങളുടെ ഗുണമേന്മയും അളവും രേഖപ്പെടുത്തി ജൈവഉല്പന്നം തന്നെയാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിന് സഹായി

ക്കുന്നു. ഇത്തരത്തിലുള്ള ഗവൺമെന്റിന്റെ കർശന നിയന്ത്രണ സംവിധാനങ്ങൾ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന കർഷകർക്കും സ്ഥാപനങ്ങൾക്കും ഏറെ സഹായകരമാണ്.

## ജൈവകാർഷിക വിപണനം

2010 ആഗസ്റ്റ് മാസത്തിൽ കുരുമുളക്, വെള്ളകുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ എന്നീ ജൈവകാർഷിക ഉല്പ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ സാധിച്ചു. ഈ മാസത്തിൽ ഏകദേശം 12 ലക്ഷം രൂപയുടെ കയറ്റുമതിയാണ് നടത്തിയത്.

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

ജനപങ്കാളിത്ത ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി SWS സെക്രട്ടറിമാരുടെ യോഗം 18-08-2010 WSSS ഓഡിറ്റോറിയത്തിൽ നടന്നു. പ്രസ്തുത യോഗത്തിൽ റവ.ഡോ. ജസ്റ്റിൻ മൂന്നാനാൽ, വയനാട് ജില്ലയിലെ സാധാരണക്കാരായ ജനങ്ങൾ പൊതു വായനശാലകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള വിശദമായ വിവരണം നൽകി. 60 ഗ്രാമങ്ങളിലെ പൊതു വായനശാലകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ യോഗത്തിൽ തീരുമാനിച്ചു. യോഗത്തിൽ 60 SWS സെക്രട്ടറിമാർ പങ്കെടുത്തു.

## CDO മീറ്റിംങ്ങ്

സോഷ്യൽ വെൽഫയർ സൊസൈറ്റികളെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഓർഗനൈസർമാരുടെ യോഗം 20-08-2010 ന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. യോഗത്തിൽ വയനാട് ജില്ലാ ലേബർ ഓഫീസർ ശ്രീ. ബേബി കാസ്ട്രോ വിവിധ ക്ഷേമപദ്ധതികൾ വിശദീകരിച്ചു. ഒന്നര ഏക്കറിൽ താഴെ സ്ഥലമുള്ള തോട്ടം തൊഴിലാളികൾക്ക് മാസത്തിൽ 401 രൂപ അടച്ച് ചേരുവാൻ സാധിക്കുന്ന ക്ഷേമപദ്ധതിയെക്കുറിച്ച് ക്ലാസ്സ് നൽകി. പരിശീലനത്തിൽ 58 പേർ പങ്കെടുത്തു. SWS ഉള്ള സ്ഥലങ്ങളിൽ ക്ഷേമനിധി പദ്ധതി ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ തുടങ്ങി.

## ഓണാഘോഷം SWS തലത്തിൽ

ഓണാഘോഷത്തോടനുബന്ധിച്ച് പൂക്കള മത്സരം ഉൾപ്പെടെ വിവിധ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇരുളം, കാട്ടിക്കുളം, കബനിഗിരി, പയ്യംപള്ളി, ദീപ്തിഗിരി, തവിഞ്ഞാൽ, ചുള്ളിയാന, കല്പറ്റ, കോട്ടത്തറ എന്നീ സ്ഥലങ്ങളിലാണ് ഓണാഘോഷവും മത്സരവും നടന്നത്.

## മറ്റ് പരിപാടികൾ

WSSS, LIC യുമായി ചേർന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്ന ചെറുകിട സമ്പാദ്യ പദ്ധതിയായ ജീവൻ മധൂർ പോളിസിയിൽ 2500 അംഗങ്ങൾ പങ്കാളികളായി. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി 2440 CFL ബൾബുകളും 150 ഇൻഡക്ഷൻ കുക്കറുകളും വിതരണം ചെയ്തു.

## ഫാം വയനാട് രണ്ടാംഘട്ടം

മാനന്തവാടി, കോട്ടത്തറ, പടിഞ്ഞാറത്തറ പഞ്ചായത്തുകളുമായി 24 സാന്ത്വന സൗഹൃദ സന്ദർശനം നടത്തിയതുവഴി ജീവിതത്തിന് പ്രതീക്ഷയും സമാധാനവും നൽകുവാൻ സാധിച്ചു.

3 പഞ്ചായത്തുകളിൽ നടപ്പിലാക്കിയ 23 വരുമാന വർദ്ധക പരിപാടികൾ സന്ദർശിക്കുകയും, വിലയിരുത്തുകയും ചെയ്തു. എല്ലാ സംരഭങ്ങളും വിജയകരമായി പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾ സമ്പാദ്യശീലവും വളർത്തിയിട്ടുണ്ട്.

പടിഞ്ഞാറത്തറ പഞ്ചായത്തിൽ 'മദ്യപാനവും ദൂഷ്യവശങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. പന്തിപ്പൊയിൽ അമലോത്ഭവമാതാ ദേവാലയം വികാരി റവ. ഫാ. തോമസ് പ്ലാശനാൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ വിഷയാവതരണം നടത്തി. ആകെ 57 അംഗങ്ങൾ പങ്കെടുത്തു.

ആഗസ്റ്റ് മാസത്തിൽ 7 ജൈവകർഷക ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിച്ചു. 97 അംഗങ്ങൾ പങ്കെടുത്തു.

## ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ

ആഗസ്റ്റ് മാസത്തിൽ 8 സാന്ത്വന സൗഹൃദ സന്ദർശനങ്ങൾ നടത്തി. മാനസികമായി പിരിമുറുക്കം അനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്വാസമാകുവാൻ സന്ദർശനം സഹായിച്ചു.

2 ജൈവകർഷക ഗ്രൂപ്പ് യോഗങ്ങൾ നടത്തുകയുണ്ടായി. 29 അംഗങ്ങൾ പങ്കെടുത്തു. ജൈവകർഷക പരിശീലന പരിപാടി പന്തിപ്പൊയിലിൽ സംഘടിപ്പിച്ചു. 57 കർഷകർ പങ്കെടുത്തു. WSSS ൽ നിന്നും ശ്രീ. പി.വി.ജോൺസൺ വിഷയാവതരണം നടത്തി.

മഴക്കാല രോഗങ്ങളെക്കുറിച്ച് പെരിങ്ങോട്ടുകുന്ന് അംഗൻവാടിയിൽ വെച്ച് പടിഞ്ഞാറത്തറ, പന്തിപ്പൊയിൽ ആരോഗ്യ കേന്ദ്രങ്ങളിലെ ഇൻസ്പെക്ടർമാർ ക്ലാസ്സെടുത്തു. ശ്രീ. ഹരീഷ്കുമാർ, ശ്രീ.ജോബി എന്നിവർ വിഷയാവതരണം നടത്തി.

അരിക്കളം കോളനിയിൽ 10 സെന്റ് വയലിൽ ഒറ്റഞാർ കൃഷി സിസ്റ്റമാറ്റിക് റൈസ് ഇന്റൻസിഫിക്കേഷൻ (SRI) ചെയ്തു. പൂർണ്ണമായും ജൈവരീതിയിലാണ് കൃഷി നടത്തിയിരിക്കുന്നത്.

### ആദിവാസി വികസന പദ്ധതി

തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആദിവാസി വികസന പ്രവർത്തന ങ്ങളുടെ മുന്നോടിയായി കോളനി തലത്തിൽ മീറ്റീങ്ങുകൾ സംഘടി പ്പിച്ചു. തൊണ്ടർനാട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 203 ആദിവാസി കുടുംബങ്ങളെയാണ് 5 വർഷംകൊണ്ട് നടപ്പിലാക്കുന്ന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. പ്രധാനമായും കാർഷിക, സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ സുസ്ഥിരവികസനം ലക്ഷ്യമാ ക്കിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഊരുക ളിൽ നടത്തിവരുന്ന യോഗങ്ങളിൽ കോളനി നിവാസികളുടെ പങ്കാ ളിത്തം ശ്രദ്ധേയമാണ്. നിലവിലുള്ള തരിശുഭൂമി കൃഷിതോട്ടമാക്കി മാറ്റു ന്നതുവഴി സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക എന്നത് പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

### ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം

പയ്യംപള്ളി, മലങ്കര, മീനങ്ങാടി, മരകാവ്, പാൽവെളിച്ചം തുട ങ്ങിയ സ്ഥലങ്ങളിലായി 3 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യു കയും നാല് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ട് സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

### മഴവെള്ള സംഭരണി നിർമ്മാണം

ബാഗ്ലൂരിലും പാൽവെളിച്ചത്തുമായി 50,000 ലിറ്ററിന്റെയും 5,000 ലിറ്ററിന്റെയും രണ്ട് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി.

### സേവ് എ ഫാമിലി പ്രോഗ്രാം

സേവ് എ ഫാമിലി പദ്ധതി (SAFP) യുടെ ഭാഗമായി സമൂഹ ത്തിലെ 267 പാവപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തിക, സാമ്പത്തികേതര സഹായം ചെയ്തുവരുന്നു.

### പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കൽ

2010 ആഗസ്റ്റ് മാസത്തിൽ പദ്ധതിയിലേക്ക് പുതിയ കുടുംബ ങ്ങളെ തെരഞ്ഞടുക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ നടത്തി. പുൽപ്പള്ളി മേഖലയിൽപ്പെട്ട കബനിഗിരി, വാകേരി, നടവയൽ എന്നി വിടങ്ങളിൽ നിന്ന് 26 കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി.

### മേഖല സെമിനാറുകൾ

കല്പ്പറ്റ, മാനന്തവാടി, പുൽപ്പള്ളി മേഖലകളിലെ SAFP യുടെ

ഗുണഭോക്താക്കൾക്കും സ്പോൺസർമാർക്കുംവേണ്ടി മേഖലാ തലത്തിൽ ഓരോ ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. കല്പ്പറ്റ മേഖലയിൽ ചെന്നലോടും, മാനന്തവാടിയിൽ WSSS ഓഡിറ്റോറിയത്തിലും പുൽപ്പള്ളി മേഖലയിൽ പാടിച്ചിറയിലുമാണ് സെമിനാറുകൾ നടത്തിയത്. 'ആരോഗ്യകരമായ ജീവിത ശൈലികളും വീട്ടുമുറ്റത്തെ അടുക്കളത്തോട്ടവും' എന്നതായിരുന്നു സെമിനാറിന്റെ മുഖ്യവിഷയം. 80% ത്തിലധികം ഗുണഭോക്തൃ കുടുംബങ്ങൾ പങ്കെടുക്കുകയുണ്ടായി.

**വാർഷിക പദ്ധതി ആസൂത്രണം**

ഗുണഭോക്തൃ കുടുംബങ്ങളുടെ ക്ഷേമത്തിനായും ശരിയായ രീതിയിൽ ഫണ്ട് വിനിയോഗം നടത്തുന്നതിനുമായി വരുന്ന ആറുവർഷക്കാലത്തേയ്ക്കുള്ള പദ്ധതി വിഭാവനം ചെയ്യുകയുണ്ടായി. 3 മേഖലകളിലായി 20 കുടുംബങ്ങളുടെ ആറുവർഷകാലത്തെ പദ്ധതിയാണ് ആസൂത്രണം ചെയ്തത്.

**FAT രൂപീകരണം**

ഗുണഭോക്തൃ കുടുംബങ്ങളുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുന്നതിനും ശരിയായ വിധത്തിൽ പദ്ധതി നടത്തുന്നതിനും വരുമാന വർദ്ധക പദ്ധതികൾ വിലയിരുത്തുന്നതിനുമായി ഫാമിലി ആക്ഷൻ ടീം (FAT) എന്ന പേരിൽ ഒരു പ്രാദേശിക സമിതികൾ രൂപീകരിക്കുകയുണ്ടായി. കല്പ്പറ്റ, മാനന്തവാടി, പുൽപ്പള്ളി മേഖലകളിൽ യഥാക്രമം 17, 18, 15 അംഗങ്ങൾ വീതമുള്ള സമിതികളാണ് രൂപീകരിച്ചത്.

ആഗസ്റ്റ് 16, 17, 18 തീയതികളിൽ ബത്തേരി ശ്രേയസിൽ വച്ച് കുടുംബവികസന പദ്ധതിയിലെ കോ-ഓഡിനേറ്റേഴ്സിനും ആനിമേറ്റേഴ്സിനും സംരംഭകത്വ വികസന പരിശീലനം നൽകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി

# റേഡിയോ മാറ്റൊലി 90.4 mhz

### പ്രചരണ പരിപാടി

ഓണ ദിവസങ്ങളിൽ ജില്ലയിലെ വില്ലേജുകളിലൂടെ മാറ്റൊലി പ്രചരണ വാഹനം കടന്നുപോയി. എല്ലാ വില്ലേജുകളിലും റേഡിയോ സിഗ്നൽ ലഭ്യമാണെന്ന് ഈയവസരത്തിൽ നടത്തിയ സിഗ്നൽ ടെസ്റ്റ് വ്യക്തമാക്കുന്നു. കൂടാതെ ട്രാൻസ്മിറ്ററിന്റെ ആനുവൽ മെയ്ന്റ നൻസിനും ഫൈനൽ ട്യൂണിംഗിനും ശേഷം ഇപ്പോൾ കൂടുതൽ കവ റേജും ലഭ്യമായിട്ടുണ്ട്.

### ഓൺ ലൈൻ മാറ്റൊലി

ഇനി മുതൽ മാറ്റൊലി ഇന്റർനെറ്റിലും ലഭ്യമാണ്. communityradiomattoli.blogspot.com എന്ന ബ്ലോഗ് സന്ദർശിക്കുക.

### റേഡിയോ വിതരണപദ്ധതി

കുറഞ്ഞ വിലയിൽ റേഡിയോ സെറ്റുകൾ ലഭ്യമാക്കാൻ ചെറു പുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു റേഡിയോ കുറി ഒക്ടോ ബർ 24 മുതൽ ആരംഭിക്കുന്നു. വിശദാംശങ്ങൾക്ക് സി.എം.എൽ. രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
അസി. ഡയറക്ടർ (പ്രോഗ്രാംസ്)

# പി.ആർ.ഒ. ഓഫീസ് വാർത്തകൾ

**1. കുരുമുളക് പുനരുദ്ധാരണത്തിന് ഹെൽപ് ഡസ്ക്കുകൾ**

വയനാട്ടിൽ കുരുമുളക് പുനരുദ്ധാരണത്തിനായി 47 കോടി രൂപയുടെ ഒരു ബ്രഹത് പദ്ധതിക്ക് കേന്ദ്രസർക്കാർ തുടക്കംകുറിച്ചിരിക്കുന്നു. മാനന്തവാടി (0495 242595), പുൽപ്പള്ളി (04936 240002), കൽപ്പറ്റ (04936 202605) എന്നിവിടങ്ങളിൽ ഇതിനായി പ്രത്യേകം ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നു. വിശദാംശങ്ങൾക്കും അപേക്ഷാഫോറത്തിനും ഈ ഓഫീസുകളുമായി ബന്ധപ്പെടുക. വയനാട്ടിലെ ഇടവകകൾ, കർഷകരെ ബോധവൽകരിക്കാനും, അപേക്ഷകൾ തയ്യാറാക്കി നൽകാനും പള്ളിയോടു ബന്ധപ്പെടുത്തി ഹെൽപ് ഡസ്ക്കുകൾ ആരംഭിക്കുന്നത് നന്നായിരിക്കും. അപേക്ഷാ ഫോറത്തിന്റെ മാതൃകയും മറ്റു വിശദാംശങ്ങളും പി. ആർ. ഓഫീസിലും ലഭ്യമാണ് (04935 240066).

**2. വയനാട് പിന്നോക്ക ന്യൂനപക്ഷ കേന്ദ്രീകൃത ജില്ല**

ഭാരതത്തിലെ പിന്നോക്ക ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള 90 ജില്ലകളിൽ കേരളത്തിൽ നിന്നുള്ള ഏക ജില്ലയാണ് വയനാട്. 2012 – ൽ അവസാനിക്കുന്ന 11–ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം പദ്ധതികൾക്കായി നീക്കിവെക്കപ്പെട്ടിരിക്കുന്ന 4,000 കോടി രൂപയിൽ വയനാടിന്റെ വിഹിതം 42 കോടിയാണ്. കാലാവധി പകുതിയായിട്ടും ആ മേഖലയിൽ പദ്ധതികളൊന്നും ആയിട്ടില്ല. ഗൗരവമായ ഈ വിഷയം പഠിക്കാനും, ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാനുമായി ജില്ലയിൽ സാന്നിദ്ധ്യമുള്ള കോട്ടയം, ബത്തേരി, കോഴിക്കോട്, രൂപതകളിലെ പി.ആർ.ഒ. മാരുടെ ഒരു യോഗം അടിയന്തിരമായി കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

**സി. ദീപ്തി ജോസ് എസ്.എച്ച്.**
ഓഫീസ് സെക്രട്ടറി

# മീഡിയാ കമ്മീഷൻ

1. 2010 സെപ്റ്റംബർ 27, 28 തീയതികളിൽ ഇൻഡോറിൽ വച്ചു നടന്ന Radio Veritas Asia (RVA) യുടെ ദേശീയ സമ്മേളനത്തിൽ രൂപതാ മീഡിയാ കമ്മീഷൻ ചെയർമാൻ റവ.ഫാ. തോമസ് ജോസഫ് തേരകം പങ്കെടുത്തു. റേഡിയോ മാധ്യമ രംഗത്തെ പുത്തൻ വെല്ലുവിളികളും മാറ്റങ്ങളും, സഭയുടെ പ്രേഷിത ദൗത്യവുമായിരുന്നു സമ്മേളനത്തിന്റെ ചർച്ചാവിഷയം.

2. റവ.ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി (വൈസ് ചെയർമാൻ മീഡിയാ കമ്മീഷൻ) പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി രൂപതകളിലെ മീഡിയ സെന്ററുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കി. മറ്റ് ചില രൂപതകളിലെ മീഡിയാ സെന്ററുകൾക്കൂടി സന്ദർശിച്ചശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കി മീഡിയാ കമ്മീഷന്റെ അടുത്ത യോഗത്തിൽ അവതരിപ്പിക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ കമ്മീഷൻ അംഗങ്ങൾക്കു പുറമേ രൂപതയിലെ വിവിധ സംഘടനാ പ്രതിനിധികളെയും മറ്റു മേഖലകളിൽനിന്നുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തിയുള്ള വിശദമായ ചർച്ചയാണ് ഉദ്ദേശിക്കുന്നത്.

**സി. ദീപ്തി ജോസ് എസ്.എച്ച്**
ഓഫീസ് സെക്രട്ടറി

# മാസധ്യാനം

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോന വൈദിക കൂട്ടായ്മ സെപ്റ്റംബർ മാസം 7-ാം തീയതി കല്ലുമുക്ക് സെന്റ് ജോർജ് പള്ളിയിൽ നടന്നു. 15 വൈദികർ പങ്കെടുത്ത ധ്യാനത്തിൽ ബഹു. ജോണി കാഞ്ഞിരപ്പറമ്പിൽ MSFS അച്ചൻ "ദൈവജനത്തിന്റെ വിശുദ്ധി വൈദികരുടെ വിശുദ്ധിയിലൂടെ" എന്ന വിഷയത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്നു നടന്ന ആരാധനയ്ക്ക് ബഹു. ബെന്നി വെളിയത്തച്ചനും, ജോൺ പുളിന്താനത്തച്ചനും നേതൃത്വം നൽകി. തുടർന്നു ബഹു. സ്റ്റീഫൻ കോട്ടയ്ക്കലച്ചന്റെ അധ്യക്ഷതയിൽ ഫൊറോനയിലെ വിവിധങ്ങളായ കാര്യങ്ങൾ ചർച്ച ചെയ്തു. മതാധ്യാപക പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോന സംഗമത്തിൽ എല്ലാവരെയും പങ്കെടുപ്പിക്കുവാനും, സി.എം.എൽ. ബത്തേരി മേഖല കലാമത്സരം വിജയകരമായി നടത്താനും, കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ "അത്യുന്നതൻ" എന്ന കാസറ്റ് ജനങ്ങളിലേക്ക് എത്തിക്കുവാനും തീരുമാനിച്ചു. സ്നേഹനിധി ഫണ്ടിൽ നിന്നും ലഭിച്ച തുക ബഹു. വികാരിയച്ചന്മാരുടെ കത്തുമായി വരുന്നവർക്ക് കൊടുക്കുവാനും, ബത്തേരിയിൽ വച്ച് 2011 ഏപ്രിൽ 10-14 വരെ മരിയൻ ബൈബിൾ കൺവെൻഷൻ നടത്താനും, മേഖലയിലെ ഗായക സംഘാംഗങ്ങൾക്ക് ഒരു ദിവസത്തെ സംഗീത പരിശീലനം കൊടുക്കുവാനും, മാതൃസംഘടനയുടെ നേതൃത്വത്തിൽ നടത്തുന്ന ജപമാല റാലി ഒക്ടോബർ 9-ാം തീയതി പഴൂർ പള്ളിയിൽ നടത്താനും തീരുമാനിച്ചു. സ്നേഹവിരുന്നോടെ ധ്യാനം സമാപിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി



# അറിയിപ്പുകൾ

## 1. RETREAT & FORMATION FOR SPIRITUAL LEADERSHIP

*For Priests, Religious & Lay Leaders in Ministry*

*(In English)*

2010, October 10, Sunday 6.00 pm

to

October 15, Friday 2.00 pm

*Directed by*

Rev. Fr. Augustine Vallooran VC
Rev. Fr. Joseph Erambil VC
Rev. Fr. Michael Payyappilly VC

## "INNER HEALING RETREAT" FOR PRIESTS

*(In English)*

2010, October 24, Sunday 6.00 pm

to

October 29, Friday 2.00 pm

*Directed by*

Rev. Fr. Mathew Naickomparambil VC
Rev. Fr. Augustine Vallooran VC
Rev. Fr. Joseph Erambil VC
Rev. Fr. Michael Payyapilly VC

**Retreat Fee Rs. 350/- Prior registation is not required**

●●

## 2. മേരിമാതാ കോളേജിൽ ലക്ചറർമാരുടെ സ്ഥിരം ഒഴിവുകൾ

രൂപതയുടെ കീഴിലുള്ള മേരിമാതാ കോളേജിൽ വിവിധ വിഷയങ്ങളിൽ ലക്ചറർമാരുടെ സ്ഥിരം ഒഴിവുകൾ ഉണ്ട്. കംപ്യൂട്ടർ സയൻസിലും കൊമേഴ്സിലും മൂന്ന് വീതവും മാത്തമറ്റിക്സിലും ഇംഗ്ലീഷിലും ഒന്ന് വീതവും ഒഴിവുകളാണുള്ളത്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും NET or Ph.D യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ കോളേജ് ഓഫീസിൽനിന്നും Rs. 500/- നിരക്കിൽ വാങ്ങാവുന്നതും ഒക്ടോബർ മാസം 25-ാം തീയതിക്ക് മുൻപായി തിരിച്ചേൽപ്പിക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജരുമായി ബന്ധപ്പെടാവുന്നതാണ്.




## Programme

## PASTORAL CENTRE, DWARAKA

### *October - 2010*

| | | |
|---|---|---|
| *01 Fri* | - | *Zion CRC : Night Vigil, KCYM Secretariat* |
| *02 Sat* | - | *Zion CRC : Prayer Day, Christeen Prayer Day, CML Meghala Presidents & Secretaries Meet* |
| *08 Fri* | - | *CML Executive and Team Meeting* |
| *09 Sat* | - | *Jesus Youth: Prayer Day, Cat HDC* |
| *09 Sat 12 Tue* | - | *Marriage Preparation Course* |
| *13 Wed* | - | *CMA Executive* |
| *16 Sat 20 Wed* | - | *Guest from Nuetterdern* |
| *17 Sun* | - | *Catechism Convention - Kallody Forane* |
| *19 Tue* | - | *Marian Singles* |
| *22 Fri 26 Tue* | - | *Zion CRC - Marian Retreat* |
| *27 Wed 30 Sat* | - | *Marriage Preparation Course* |
| *31 Sun* | - | *KCYM Syndicate* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2010 October

| | |
|---|---|
| 1 Fri 5 Tue ..... | Out of Station |
| 6 Wed ............ | Visitors' Day |
| 7 Thu ............. | Mananthavady Town Church : Vestition of SD Novices |
| 8 Fri 10 Sun ... | Ernakulam : KLM Meeting |
| 11 Mon .............. | Deacons' Parents meeting |
| 12 Tue .............. | Ottaplavu : Blessing of Presbytery |
| 13 Wed ............ | Finance Council |
| 15 Fri ............... | Out of Station |
| 16 Sat ............... | Engaged |
| 17 Sun .............. | Dwaraka : Catechism Teachers' Convention, Kallody Forane |
| 18 Mon ............. | Engaged |
| 20 Wed ............. | Visitors' Day |
| 21 Thu 22 Fri ... | Out of Station |
| 24 Sun .............. | Panthipoyil : Pastoral Visit |
| 25 Mon 26 Tue .. | Aluva : Seminary Commission Meeting |
| 27 Wed 29 Fri... | Trivandram |
| 30 Sat .............. | Chennalode : Blessing of Sunday School<br>Nadavayal : Golden Jubilee of CMC Sisters |
| 31 Sun .............. | Jude's Mount : Pastoral Visit |

## *2010 November*

| | |
|---|---|
| 1 Mon .............. | Vistitors' Day |
| 2 Tue ............... | Alattil : Blessing of Cemetery |
| 3 Wed .............. | Kunnoth Seminary |
| 5 Fri 6 Sat ...... | Out of Station |
| 7 Sun ............... | Yavanarkulam : Pastoral Visit |
| 8 Mon ............... | Visitors' Day |
| 9 Tue ............... | Kallody : Vestition of FCC Novices |
| 10 Wed 12 Fri... | Out of Station |
| 13 Sat ................ | Minor Seminary : Benefactors' Day |
| 14 Sun ............... | Pastoral Visit |
| 15 Mon ............... | Bathery : Vestition of MSMI Novices |
| 16 Tue ............... | SKD Generalate Thonichal : Superiors' Meet |
| 17 Wed 19 Fri .. | Out of Station |
| 20 Sat 22 Mon ... | Mumbai |
| 24 Wed .............. | Kaniyaram : Jubilee of SABS Childrens' Home |
| 25 Thu .............. | Thavinjal : Ordination of Dn.Biju Kochuniravath |
| 26 Fri ................ | Out of Station |
| 27 Sat Morning | Dwaraka : Conclusion of SH Centenary |
| Evening | Minor Seminary, Home Day |
| 28 Sun 29 Mon... | Kottagiri : ASMI Novitiate, Jubilee |
| 30 Tue ............. | Kozhikode : KLM Directors' Meet |